RNI Reg. No. KERMAL/2010/32222
Registered KL / TLY / 01 / 19-21
Anl. Sub. Rs. 120

# മാനന്തവാടി
## രൂപതാ ബുള്ളറ്റിൻ



*Vol.12* *2021 August* *No. 8*

# ബഹു. ജെയിംസ് കുമ്പുക്കിൽ അച്ചന്
## ആദരാഞ്ജലികൾ



അജപാലന വഴികളിൽ സൗമ്യമായ ഇടപെടൽകൊണ്ടും ലളിതമായ ജീവിത ശൈലികൊണ്ടും നിർഭയമായ സേവനങ്ങൾകൊണ്ടും ഉദാത്തമായ മാതൃക നൽകിയ ജെയിംസ് കുമ്പുക്കിൽ അച്ചൻ 2021 ജൂൺ 21-ാം തിയ്യതി കർത്താവിൽ നിദ്ര പ്രാപിച്ചു.

ജെയിംസ് അച്ചൻ തൊടുപുഴയിലെ അറക്കുളത്ത് പരേതരായ ജോസഫ് - മേരി ദമ്പതികളുടെ മകനായി 1943 ഫെബ്രുവരി 29-ാം തിയതി ജനിച്ചു. കുളത്തുവയൽ സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ജെയിംസച്ചൻ തുടർന്ന് തലശ്ശേരി അതിരൂപതയ്ക്ക് വേണ്ടി വൈദിക പരിശീലനത്തിനായി ചേർന്നു. ആലുവ മംഗലപ്പുഴ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര - ദൈവശാസ്ത്ര പരിശീലനം പൂർത്തിയാക്കി 1970 ഡിസംബർ 18 -ന് തലശ്ശേരി അതിരൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

1973 -ൽ മാനന്തവാടി രൂപത സ്ഥാപിതമായപ്പോൾ ബഹു. ജെയിംസച്ചൻ മാനന്തവാടി രൂപതയെ തന്റെ കർമ്മമണ്ഡലമായി തിരഞ്ഞെടുത്തു. മാനന്തവാടി രൂപതയിലെ വാഴവറ്റ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി തന്റെ പൗരോഹിത്യ ജീവിതമാരംഭിച്ച ജെയിംസച്ചൻ നെടുംമ്പാല, ചൂരൽമല, കുറുംമ്പാല, പുതുശ്ശേരിക്കടവ്, തലഞ്ഞി, ബോയ്സ് ടൗൺ, പാറത്തോട്ടം, കബനിഗിരി, കോട്ടത്തറ, മുള്ളൻകൊല്ലി, ഇടിവണ്ണ, മൂലേപ്പാടം, മഞ്ഞൂറ, എടപ്പെട്ടി എന്നി ഇടവകകളിൽ വികാരിയായി തന്റെ ശുശ്രൂഷാ ജീവിതം പൂർത്തിയാക്കി. തികഞ്ഞ ലളിത ജീവിതത്തിന്റെ ഉടമയായിരുന്ന ജെയിംസച്ചന്റെ അജപാലന ശൈലി കരുതലി

ന്റെയും സൗമ്യമായ ഇടപെടലിന്റേതുമായിരുന്നു. കഴിഞ്ഞ രണ്ടു വർഷമായി ജെയിംസച്ചൻ ദ്വാരക വിയാനി ഭവനിൽ വിശ്രമ ജീവിതം നയിച്ചു വരികയായിരുന്നു. കഴിഞ്ഞ ഏതാനും ആഴ്ചകളായി അദ്ദേഹം ആശുപത്രിയിൽ ചികിത്സയിലുമായിരുന്നു. വിവിധങ്ങളായ രോഗങ്ങൾ അലട്ടിക്കൊണ്ടിരുന്നപ്പോഴും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് തന്റെ സഹനങ്ങളെ ചെറുപുഞ്ചിരിയോടെ ഏറ്റെടുക്കുവാൻ അച്ചന് കഴിഞ്ഞിരുന്നു.

ലാളിത്യത്തിൽ തന്റെ ശുശ്രൂഷാ പൗരോഹിത്യജീവിതം പൂർത്തിയാക്കിയ ജെയിംസച്ചൻ തന്റെ സംസ്കാര ശുശ്രൂഷകളും ലളിതമായി നടത്തണമെന്ന് ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം സംസ്കാര ശുശ്രൂഷയിലെ ചിലവുകൾ പരിമിതപ്പെടുത്തിക്കൊണ്ട് ലഭിച്ച തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചു.

ബഹു. ജെയിംസച്ചന്റെ ഭൗതിക ശരീരം 2021 ജൂൺ 21-ാം തിയ്യതി വൈകിട്ട് 4 മണിമുതൽ ദ്വാരക പാസ്റ്റർ സെന്ററിലെ ചാപ്പലിൽ പൊതുദർശനത്തിനായി വെച്ചിരുന്നു. അച്ചന്റെ ബന്ധുക്കളും മാനന്തവാടി രൂപതയിലെ വൈദികരും അച്ചൻ സേവനം ചെയ്ത ഇടവകകളിലെ പ്രതിനിധികളും അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് അഭിവന്ദ്യ ജോസ് പിതാവ് കാർമ്മികത്വം വഹിച്ചു. രണ്ടാം ഭാഗത്തിന് സിയോൺ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. സോണി വാഴക്കാട്ട് അച്ചൻ നേതൃത്വം നൽകി. ജൂൺ 22-ാം തിയതി രാവിലെ 9 മണിക്ക് അഭിവന്ദ്യ ജോസ് പിതാവിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബ്ബാനയോടെ മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗം പാസ്റ്ററൽ സെന്ററിലെ ചാപ്പലിൽ ആരംഭിച്ചു. വിയാനിഭവൻ ഡയറക്ടർ ഫാ. ജെയ്മോൻ കളമ്പുക്കാട്ട്, മോൺ. പോൾ മുണ്ടോളിക്കൽ എന്നിവർ അഭിവന്ദ്യ പിതാവിനോടൊപ്പം സഹകാർമ്മികരായി. വി. കുർബാനയ്ക്ക് ശേഷം മൃതസംസ്കാരശുശ്രൂഷയുടെ അവസാനഭാഗം അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നടന്നു. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ പരിമിതമായ ആളുകൾക്കെ ബഹു. ജെയിംസച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ നേരിട്ട് പങ്കെടുക്കാൻ സാധിച്ചുള്ളൂ.

എളിമയുടെയും വിനയത്തിന്റെയും, സ്നേഹത്തിന്റെയും, ശ്രേഷ്ഠമായ മാതൃക നൽകിക്കൊണ്ട് ദൈവപിതാവിന്റെ സന്നിധിയിലേക്ക് യാത്രയായിരിക്കുന്ന പ്രിയപ്പെട്ട ജെയിംസച്ചന്റെ പാവനസ്മരണയ്ക്ക് മുൻപിൽ മാനന്തവാടിരൂപതാ കുടുംബം നിറമിഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# ബഹു. ജെയിംസ് പീടികപ്പാറയിലച്ചന്
# ആദരാഞ്ജലികൾ !



വിശുദ്ധി നിറഞ്ഞ അജപാലനജീവിതത്തിന്റെയും കറിനാധ്വാനത്തിന്റെയും ലളിതജിവിതത്തിന്റെയും ശ്രേഷ്ഠമായ മാതൃക നൽകിക്കൊണ്ട് ജെയിംസ് പീടികപ്പാറയിലച്ചൻ 2021 ജൂൺ 28-ാം തിയതി കർത്താവിൽ നിദ്ര പ്രാപിച്ചു.

ജെയിംസച്ചൻ തലശ്ശേരി അതിരൂപതയിലെ തോമാപുരം സെന്റ് തോമസ് ഇടവകയിലെ പരേതരായ തോമസ് - മറിയം ദമ്പതികളുടെ മകനായി 1941 ഓഗസ്റ്റ് 26 -ന് ജനിച്ചു. തുടങ്ങാട്, കരിങ്കുന്നം എന്നീ സ്കൂളുകളിലായി തന്റെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ജെയിംസച്ചൻ തുടർന്ന് വൈദിക പരിശീലനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു.

കുന്നോത്തും വടവാതൂർ അപ്പസ്തോലിക് സെമിനാരിയിലുമായി വൈദിക പഠനം പൂർത്തിയാക്കി, 1969-ഡിസംബർ 23 -ന് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. 1973 - ൽ തലശ്ശേരി രൂപത വിഭജിച്ച് മാനന്തവാടിരൂപത സ്ഥാപിതമായപ്പോൾ ജെയിംസച്ചൻ മാനന്തവാടി രൂപതയെ തന്റെ കർമ്മമണ്ഠലമായി സ്വീകരിക്കുകയും രൂപതയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് തന്റേതായ മഹനീയ സംഭാവനകൾ നൽകുകയും ചെയ്തു.

മാനന്തവാടി രൂപതയിലെ മുള്ളൻകൊല്ലി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി തന്റെ പൗരോഹിത്യ ജീവിതമാരംഭിച്ച ജെയിംസച്ചൻ തുടർന്ന് വഞ്ഞോട്, ഏലപ്പീടിക, കൊമ്മയാട്, ചുണ്ടക്കര, മരകാവ്, ബോയ്സ് ടൗൺ, എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. തന്റെ ശുശ്രൂഷാജീവിതത്തിന്റെ വളരെ സുദീർഘമായൊരു കാലഘട്ടം അദ്ദേഹം ചിലവ

ഴിച്ചത് രൂപതയുടെ എസ്റ്റേറ്റുകളിലായിരുന്നു. സെമിനാരിവില്ല എസ്റ്റേറ്റിൽ 4 വർഷവും മംഗലാപുരത്തെ ജോർദ്ദാനിയ എസ്റ്റേറ്റിൽ 14 വർഷവും ജെയിംസച്ചൻ സേവനമനുഷ്ഠിച്ചു.

കഠിനാധ്വാനത്തിന്റെയും ലാളിത്യം നിറഞ്ഞ ജിവിതശൈലിയുടെയും ഉടമയായിരുന്നു ജെയിംസച്ചൻ. സെമിനാരിവില്ലയിൽ രൂപംകൊണ്ട ക്രിസ്തുദാസി സന്യാസിനീ സഭയുടെ രൂപീകരണത്തിൽ അഭിവന്ദ്യ തൂങ്കുഴി പിതാവിനോട് ചേർന്ന് നിർണ്ണായക പങ്കുവഹിക്കുവാൻ ജെയിംസച്ചന് സാധിച്ചു. 2015 മെയ് മാസം മുതൽ അച്ചൻ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. കഴിഞ്ഞ കുറച്ചു നാളുകളായി ദ്വാരകയിലെ വിയാനിഭവനിൽ രോഗബാധിതനായി കഴിയുകയായിരുന്നു. വിവിധങ്ങളായ രോഗങ്ങൾ അലട്ടിക്കൊണ്ടിരുന്നപ്പോഴും പൂർണ്ണമായി ദൈവഹിതത്തിന് കീഴ്‌വഴങ്ങി സന്തോഷത്തോടെ, സംതൃപ്തിയോടെ ജീവിക്കുവാൻ ജെയിംസച്ചന് സാധിച്ചിരുന്നു. ക്ഷീണിതനായി കഴിഞ്ഞിരുന്നപ്പോഴും തന്നെ കണ്ടുമുട്ടുന്നവർക്ക് ചെറുപുഞ്ചിരി സമ്മാനിച്ചുകൊണ്ട് സംതൃപ്തമായ ശുശ്രൂഷാജീവിതത്തിന്റെ സാക്ഷ്യം നൽകുവാൻ ജെയിംസച്ചന് സാധിച്ചിരുന്നു.

ബഹു. ജെയിംസച്ചന്റെ ഭൗതിക ശരീരം 2021 ജൂൺ 28-ന് വൈകിട്ട് 4 മണി മുതൽ ദ്വാരക പാസ്റ്റർ സെന്ററിലെ ചാപ്പലിൽ പൊതുദർശനത്തിനായി വെച്ചിരുന്നു. അച്ചന്റെ കുടുംബാഗംങ്ങളും മാനന്തവാടി രൂപതയിലെ വൈദികരും, സന്യസ്തരും അച്ചൻ സേവനം ചെയ്ത ഇടവകകളിലെ വിശ്വാസികളും അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് കാർമ്മികത്വം വഹിച്ചു. തുടർന്ന് രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ശുശ്രൂഷയുടെ രണ്ടാം ഭാഗം നിർവ്വഹിച്ചു.

ജൂൺ 29-ന് രാവിലെ 9 മണിക്ക് അഭിവന്ദ്യ ജോസ് പിതാവിന്റെ കാർമ്മികത്വത്തിൽ വി. കുർബ്ബാനയോടെ മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗം പാസ്റ്ററൽ സെന്ററിലെ ചാപ്പലിൽ ആരംഭിച്ചു. മോൺ. പോൾ മുണ്ടോളിക്കൽ, വിയാനിഭവൻ ഡയറക്ടർ ഫാ. ജെയ്മോൻ കളമ്പുക്കാട്ട് എന്നിവർ അഭിവന്ദ്യ പിതാവിനോടൊപ്പം സഹകാർമ്മികരായി. വി. കുർബാനയ്ക്ക് ശേഷം മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗം അഭിവന്ദ്യ ജോസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു.

നിഷ്കളങ്ക സ്നേഹത്തിന്റെയും നിർലോഭസേവനത്തി

ന്റെയും കഠിനാദ്ധ്വാനത്തിന്റെയും സർവ്വോപരി സംതൃപ്തി നിറഞ്ഞ പൗരോഹിത്യ ജീവിതത്തിന്റെയും ഉദാത്തമാതൃക നൽകിക്കൊണ്ട് ദൈവപിതാവിന്റെ സന്നിധിയിലേക്ക് യാത്ര യായിരിക്കുന്ന പ്രിയപ്പെട്ട ജെയിംസച്ചന്റെ പാവനസ്മരണയ്ക്ക് മുൻപിൽ മാനന്തവാടി രൂപതാ കുടുംബം നിറമിഴികളോടെ ആദ രാഞ്ജലികൾ അർപ്പിക്കുന്നു.

# ബഹു. തോമസ് പെരുമാട്ടിക്കുന്നേലച്ചന് ആദരാഞ്ജലികൾ



സ്നേഹസംമ്പൂർണ്ണമായ പൗരോഹിത്യജീവിതത്തിന്റെയും ലാളിത്യം നിറഞ്ഞ ജീവിത ശൈലിയുടെയും സേവനരംഗങ്ങളിൽ കഠിനാധ്വാനത്തിന്റെയും ശ്രേഷ്ഠമായ ആത്മീയ ജീവിതത്തിന്റെയും ശക്തമായ പ്രാർത്ഥനാ ജീവിതത്തിന്റെയും നേർസാക്ഷ്യമായിരുന്ന പെരുമാട്ടിക്കുന്നേൽ തോമസച്ചൻ 2021 ജൂലൈയ് 6-ാം തിയ്യതി കർത്താവിൽ നിദ്ര പ്രാപിച്ചു. ഹൃദയ സംബന്ധമായരോഗത്താൽ ഏറെ നാളുകളായി അച്ചൻ ചികിത്സയിലായിരുന്നു. പുതിയിടംകുന്ന് ഇടവകയിൽ ശുശ്രൂഷാജീവിതം നയിക്കവെ ആയിരുന്നു അച്ചന്റെ ദേഹവിയോഗം. പെരുമാട്ടിക്കുന്നേൽ തോമസച്ചൻ 1964 ഡിസംബർ 4-ാം തിയ്യതി ഉദയഗിരിയിൽ പരേതരായ പെരുമാട്ടിക്കുന്നേൽ ആഗസ്തി - ഏലിക്കുട്ടി ദമ്പതികളുടെ മകനായി ജനിച്ചു. അച്ചന് ഒൻപത് സഹോദരങ്ങളാണുള്ളത്. മാനന്തവാടി രൂപതാ വൈദികനായ ജോണി പെരുമാട്ടിക്കുന്നേൽ അച്ചൻ തോമസച്ചന്റെ സഹോദരനാണ്.

അടക്കാത്തോട് ഗവ. യു. പി. സ്ക്കൂൾ, കേളകം സെന്റ് തോമസ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ തോമസച്ചൻ പൗരോഹിത്യത്തിലേക്കുള്ള തന്റെ വിളി തിരിച്ചറിഞ്ഞ് മാനന്തവാടി രൂപതാ മൈനർ സെമിനാരിയിൽ ചേർന്നു. മാനന്തവാടി മൈനർ സെമിനാരിയിലും, വടവാതൂർ അപ്പസ്തോലികസെമിനാരിയിലുമായി തന്റെ വൈദിക പരിശീലനം പൂർത്തിയാക്കിയ തോമസച്ചൻ 1997 ഡിസംബർ 23-ാം തിയ്യതി അഭിവന്ദ്യ എമ്മാനുവേൽ പോത്തനാമുഴി പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. തിരുപ്പട്ട സ്വീകരണശേഷം 1998 മുതൽ മണിമൂളി, ജോർദാനിയ

എസ്റ്റേറ്റ്, സീതാമൗണ്ട്, മരകാവ്, പട്ടാണിക്കൂപ്പ്, കോട്ടത്തറ, വാളവയൽ, റീജിയണൽ പാസ്റ്ററൽ സെന്റർ മണിമൂളി, മരുത, പേര്യ, പുതിയിടംകുന്ന് എന്നീ ഇടവകകളിൽ ഹ്രസ്വവും, ദീർഘവുമായ കാലഘട്ടങ്ങളിലൂടെ തന്റെ ശുശ്രൂഷാജീവിതം പൂർത്തിയാക്കി. വൈദികപരിശീലനത്തിലായിരുന്ന കാലഘട്ടത്തിൽത്തന്നെ ഒഴിവുസമയങ്ങളിൽ പാവപ്പെട്ട മനുഷ്യർക്കു വേണ്ടിയുള്ള വീടുനിർമ്മാണത്തിലും മരപ്പണിയിലുള്ള തന്റെ വൈദഗ്ദ്യം ഉപയോഗിച്ചുകൊണ്ട് അവർക്ക് വേണ്ടിയുള്ള വീട്ടുപകരണങ്ങളുടെ നിർമ്മാണത്തിലും അച്ചൻ മുഴുകിയിരുന്നു. എളിമയും ദൈവാശ്രയബോധവും ആഴമായ ദൈവവിശ്വാസവും അച്ചന്റെ കൈമുതലായിരുന്നു. വിവധ ഇടവകളിലായിരുന്നപ്പോഴും ആത്മീയ ശുശ്രൂഷയ്ക്കായി ധാരാളം സമയം മാറ്റിവച്ചിരുന്ന തോമസച്ചൻ അഭിവന്ദ്യ പിതാവിന്റെ ഔദ്യോഗിക അംഗീകാരത്തോടെ മാനന്തവാടി രൂപതയിൽ ഭൂതോച്ഛാടനശുശ്രൂഷയും സവിശേഷമായി നിർവ്വഹിച്ചിരുന്നു.

മാനന്തവാടി രൂപതയുടെ അകത്തു നിന്നും പുറത്തുനിന്നുമായി നിരവധിയാളുകൾ അച്ചന്റെ ആത്മീയശിശ്രൂഷ സ്വീകരിച്ച് ജീവിതസമാധാനവും, ദുശീലങ്ങളിൽ നിന്നുള്ള മോചനവും ദൈവാനുഗ്രഹവും പ്രാപിച്ചിട്ടുണ്ട്. താരതമ്യേന ഹ്രസ്വമായിരുന്നു അച്ചന്റെ പൗരോഹിത്യജീവിതമെങ്കിലും, അനേകർക്ക് ആത്മീയവും ഭൗതീകവുമായ നന്മകൾ ചെയ്യാനും അവരുടെ ഓർമ്മകളിൽ ഇടംപിടിക്കുവാനും തോമസച്ചന് സാധിച്ചിട്ടുണ്ട്. തന്നെ ഏൽപ്പിച്ചിരുന്ന ഉത്തരവാദിത്വം അതിന്റെ പൂർണ്ണതയിൽ ചെയ്യുവാൻ തോമസച്ചൻ ശ്രദ്ധിച്ചിരുന്നു. ദൈവജനത്തിന്റെ ആത്മീയവും ഭൗതീകവുമായ എല്ലാ പ്രശ്നങ്ങളിലും ഇടയന്റെ ദൗത്യബോധത്തോടെ ഇടപെടാനും പരിഹാരംകാണുവാനും അച്ചന് കഴിഞ്ഞിരുന്നു. തന്റെ ജീവിതത്തിന്റെ അവസാന നാളുകളിൽ ക്ഷീണിതനായിരുന്നപ്പോഴും സമാധാനത്തോടും സംതൃപ്തിയോടും കൂടെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് തന്റെ സഹനങ്ങളെ പ്രാർത്ഥനകളാക്കിമാറ്റുവാൻ തോമസച്ചന് കഴിഞ്ഞിരുന്നു. വേദനയും സഹനവും നിറഞ്ഞ ഈ നാളുകളിൽപ്പോലും തന്നെ തേടിയെത്തുന്നവരെ കേൾക്കുവാനും ആശ്വസിപ്പിക്കുവാനും അച്ചന് കഴിഞ്ഞിരുന്നു. ജീവിതത്തിന്റെ അവസാന മണിക്കൂറുകളിൽ പ്രാർത്ഥിച്ചൊരുങ്ങി പരീപൂർണ്ണ സംതൃപ്തിയോടെ ദൈവസന്നിധിയിലേക്ക് യാത്രയാകാൻ തോമസച്ചന് സാധിച്ചു.

അച്ചന്റെ ഭൗതിക ശരീരം ജൂലൈയ് 7-ാം തിയ്യതി രാവിലെ

പുതിയിടംകുന്ന് ദേവാലയത്തിൽ പൊതുദർശനത്തിന് വയ്ക്കുകയും കല്ലോടി ഫൊറോനാ വികാരി ബഹു. ബിജു മാവറയച്ചന്റെ കാർമ്മികത്വത്തിൽ വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് അച്ചന്റെ ഭൗതിക ശരീരം ദ്വാരക പാസ്റ്ററൽ സെന്ററിലെ ചാപ്പലിലേയ്ക്ക് കൊണ്ടുവന്നു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നാനാജാതി മതസ്ഥരായ നിരവധിയാളുകൾ അന്തിമോപചാരം അർപ്പിക്കാൻ ദ്വാരകയിലെത്തിയിരുന്നു. അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നും രണ്ടും ഭാഗങ്ങൾക്ക് രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് 3.30 -ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ വി. കുർബാനയോടെ മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം ആരംഭിച്ചു. മോൺ. പോൾ മുണ്ടോളിക്കൽ, തോമസച്ചന്റെ സഹോദരൻ ഫാ. ജോണി പെരുമാട്ടിക്കുന്നേൽ എന്നിവർ പിതാവിനോടൊപ്പം സഹകാർമ്മികരായി.

വി. കുർബാനയ്ക്ക് ശേഷം മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗം അഭിവന്ദ്യ ജോസ് പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ പരിമിതമായ ആളുകൾക്കേ ബഹു. തോമസച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ നേരിട്ട് പങ്കെടുക്കാൻ സാധിച്ചുള്ളൂ. എങ്കിലും നിരവധിയാളുകൾ വിവിധ സാമൂഹികമാധ്യമങ്ങളിലൂടെ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ തത്സമയം പങ്കുചേർന്നു.

സ്നേഹത്തിന്റെയും, സേവനത്തിന്റെയും, സഹനത്തിന്റെയും ത്യാഗത്തിന്റെയും പ്രാർത്ഥനയുടെയും കഠിനാധ്വാനത്തിന്റെയും ദീപം തെളിച്ചുകൊണ്ട് അനേകർക്ക് ആശ്രയവും ആലംബവുമായി മാറിയ തോമസ് പെരുമാട്ടിക്കുന്നേൽ അച്ചന്റെ പാവനസ്മരണയ്ക്ക് മുൻപിൽ നിറമിഴികളോടെ മാനന്തവാടി രൂപതാ കുടുംബം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from
Bishop’s House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph’s Offset Press, Mananthavady 670645.**

**വാല്യം 12** **ആഗസ്റ്റ് - 2021** **ലക്കം 08**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


വിശ്വാസവും സ്നേഹവും ദൈവൈക്യവും 13
രൂപതാകച്ചേരി വാർത്തകൾ ............................. 20
മൈനർ സെമിനാരി വാർത്തകൾ...................... 22
വൈദികരുടെ മാസധ്യാനം................................ 23
മതബോധനരംഗം ................................................ 26
ചെറുപുഷ്പ മിഷൻലീഗ്........................................ 28
*Department of Youth Ministry* ............................... 42
കെ.സി.വൈ.എം................................................... 48
കുടുംബപ്രേഷിതത്വം............................................ 57
സീയോൻ വാർത്തകൾ ........................................ 68
വിൻസെന്റ് ഡി പോൾ സൊസൈറ്റി.................. 69
സാമൂഹ്യ സേവനരംഗം *(WSSS)*.......................... 72
ബയോവിൻ അഗ്രോ റിസർച്ച്................................ 77
റേഡിയോ മാറ്റൊലി ............................................ 79
കത്തോലിക്കാ കോൺഗ്രസ്സ്.................................. 82
*Mary Matha Arts & Science College*........................ 84
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................. 87

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ
## *വിശ്വാസവും സ്നേഹവും ദൈവൈക്യവും*

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

### (തിരുവചനഭാഗം: 1 യോഹ 2,1-29)

ദൈവവുമായുള്ള നമ്മുടെ ഐക്യം പ്രകടമാകേണ്ടത് ദൈവ സ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പ്രമാണാനുഷ്ഠാ നങ്ങളിലൂടെയാണെന്ന് യോഹന്നാൻശ്ലീഹാ ഈ വചനഭാഗത്ത് വ്യക്തമാക്കുന്നു. ഈ ഭാഗം ഇപ്രകാരം വിഭജിക്കാം:

1. ദൈവൈക്യവും പ്രമാണാനുസരണവും (2, 1-6)
2. സഹോദരസ്നേഹവും പ്രകാശത്തിൽ സഞ്ചരിക്കലും (2,7-14)
3. ലോകത്തിന്റെ സ്നേഹവും ദൈവസ്നേഹവും (2,15-17)
4. വിശ്വാസത്തിൽ നിലനിൽക്കുക (2,18-25)
5. അഭിഷേകത്താൽ പഠിപ്പിക്കപ്പെടുക (2,26-29)

ഈ വചനഭാഗം അജപാലകരായ വൈദികർക്കു നൽകുന്ന സന്ദേശങ്ങളാണ് ഇപ്രാവശ്യം നാം ധ്യാനവിഷയമാക്കുന്നത്.

**1. ദൈവൈക്യവും പ്രമാണാനുസരണവും**

''നാം അവന്റെ കല്പനകൾ പാലിച്ചാൽ അതിൽനിന്നു നാം അവനെ അറിയുന്നുവെന്നു തീർച്ചയാക്കാം. ഞാൻ അവനെ അറി യുന്നു എന്നു പറയുകയും അവന്റെ കല്പനകൾ പാലിക്കാതിരിക്കു കയും ചെയ്യുന്നവൻ കള്ളംപറയുന്നു; അവനിൽ സത്യമില്ല'' (2,3-5).

ദൈവൈക്യം ഒരു ആന്തരികയാഥാർത്ഥ്യമാണ്. എന്നാൽ അതുണ്ടെന്ന് ഉറപ്പാക്കുവാൻ ചില ബാഹ്യമായ അടയാളങ്ങളുണ്ട്. അതിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പ്രമാണാനുഷ്ഠാനം. ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട പ്രമാണാനുഷ്ഠാനമില്ലാതെ ദൈവൈക്യത്തിലാണെന്ന് ആർക്കും അവകാശപ്പെടാനാവില്ല. ദൈവൈക്യത്തെ സൂചിപ്പിക്കുവാൻ മൂന്നു പ്രയോഗങ്ങൾ ഇവിടെ കാണുന്നുണ്ട്: 'അവനെ അറിയുക' (2,3-4), 'അവനിലായിരിക്കുക' (2,5), 'അവനിൽ വസിക്കുക' (2,6). ബാഹ്യമായ അടയാളത്തെ സൂചിപ്പിക്കുവാനും മൂന്നു പ്രയോഗങ്ങൾ ഇവിടെ ഉപയോഗിക്കു ന്നുണ്ട്. 'അവന്റെ കല്പനകൾ പാലിക്കുക' (2,3-4), 'അവന്റെ വചനം പാലിക്കുക' (2, 5), 'അവൻ നടന്ന വഴിയിലൂടെ നടക്കുക' (2,6). ഇപ്രകാരം പ്രമാണങ്ങൾ പാലിക്കുന്ന ജീവിതമാണ്

നാം ദൈവൈക്യത്തിലാണ് എന്നതിനുള്ള തെളിവ്. കല്പനകൾ യാന്ത്രികമായി അനുഷ്ഠിച്ചാൽപോരാ എന്ന സൂചനയാണ് അതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്ക് (തേരെയിൻ) നല്കുന്നത്. സ്നേഹബന്ധത്തിൽനിന്നും ഉരുത്തിരിയുന്ന ഒരു കല്പനാനുസര ണമാണത്. അതുകൊണ്ട് സ്നേഹത്താൽ പ്രചോദിതരായി കല്പ നകൾ പാലിച്ച് ദൈവൈക്യത്തിൽ ജീവിക്കുവാൻ നാം ശ്രമിക്കണം.

പാപബദ്ധനായ മനുഷ്യന് സ്നേഹബന്ധത്തിൽ നിന്നുമു യരുന്ന കല്പനാനുസരണത്തിൽ വീഴ്ചകളുണ്ടാകുമെന്നതിന് സംശയമില്ല. അതുകൊണ്ട് അപ്രകാരമുള്ള വീഴ്ചകളുണ്ടാകരു തെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് ഈ വചനഭാഗം ആരംഭിക്കു ന്നത്. അങ്ങനെയുണ്ടായാൽത്തന്നെ അതിൽനിന്നും മോചനം നേടി നിരന്തരം പ്രമാണാനുസരണത്തിൽ കർമ്മനിരതരാകണ മെന്ന് യോഹന്നാൻശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നു. അതിന് നമുക്കു സഹായകനായി ഉത്ഥിതനായ ഈശോതന്നെ നമ്മോടൊ പ്പമുണ്ടെ ന്ന് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (2,1-2). ഈശോ നമുക്കു സഹായകനാകുന്നത് രണ്ടുവിധത്തിലാണ്: ഒന്ന്, നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയായിത്തീർന്നവൻ എന്ന നിലയിൽ; മറ്റൊന്ന് നമുക്കുവേണ്ടി ദൈവത്തിന്റെ സന്നിധിയിലായിരിക്കുന്ന പുരോഹിതൻ എന്ന നിലയിൽ. അതുകൊണ്ട് വീഴ്ചകളിൽ നിരാശപ്പെടാതെ നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ട് ദൈവൈക്യ ത്തിലും പ്രമാണാനുസരണത്തിലും നാം ജീവിക്കണം. ഇത് എല്ലാ ക്രൈസ്തവരെ സംബന്ധിച്ചും പ്രസക്തമാണെങ്കിൽ അതിനു മാതൃ കയായും അതിനെ പ്രോത്സാഹിപ്പിച്ചും അജപാലകർ അവരുടെ ശുശ്രൂഷ നിർവ്വഹിക്കണം.

**2. സഹോദരസ്നേഹവും പ്രകാശത്തിൽ സഞ്ചരിക്കലും**

''താൻ പ്രകാശത്തിലാണെന്നു പറയുകയും, അതേസമയം തന്റെ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ ഇപ്പോഴും അന്ധകാരത്തിലാണ്. സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാ ശത്തിൽ വസിക്കുന്നു; അവന് ഇടർച്ച ഉണ്ടാകുന്നില്ല. എന്നാൽ തന്റെ സഹോദരനെ വെറുക്കുന്നവൻ ഇരുട്ടിലാണ്. അവൻ ഇരു ട്ടിൽ നടക്കുന്നു. ഇരുട്ട് അവന്റെ കണ്ണുകളെ അന്ധമാക്കിയതിനാൽ എവിടേക്കാണു പോകുന്നതെന്ന് അവൻ അറിയുന്നില്ല'' (2, 9-11).

ദൈവൈക്യത്തിന്റെ മാനദണ്ഡമായി 'കല്പനകൾ പാലി ക്കുക' എന്നു പറഞ്ഞത് പരസ്പരസ്നേഹത്തിന്റെ കല്പനയായി ഈ ഭാഗത്ത് അവതരിപ്പിക്കുന്നു. പരസ്പരസ്നേഹത്തിന്റെ കല്പനയെ പഴയകല്പനയായിട്ടും പുതിയ കല്പനയായിട്ടും

ഇവിടെ വിശേഷിപ്പിക്കുന്നു. പഴയകല്പന (2, 7-8) എന്നു പറയുന്നത് പഴയനിയമത്തിലെ കല്പന എന്ന അർത്ഥത്തിലല്ല. പ്രത്യുത, ഈശോമിശിഹായിലുള്ള വിശ്വാസത്തിന്റെ ആരംഭംമുതൽ എന്ന അർത്ഥത്തിലാണ്. അതായത്, ഈശോ നല്കിയ പരസ്പരസ്നേഹത്തിന്റെ കല്പന (യോഹ 13, 34-35). ഈ കല്പന അവർ ശ്രവിച്ച വചനം തന്നെയാണെന്ന് ഇവിടെ കൂട്ടിച്ചേർക്കുന്നു. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഈശോ നല്കിയ പരസ്പരസ്നേഹത്തിന്റെ കല്പന ഈശോയുടെ സുവിശേഷം തന്നെയാണ്. എങ്കിലും ഈ കല്പനയെ പുതിയ കല്പനയായും വിശേഷിപ്പിക്കുന്നു (2, 8). പുതിയ കല്പന എന്നതിന്റെ അർത്ഥം സവിശേഷതയിൽ പുതിയത് എന്നു മനസ്സിലാക്കണം. നാം എങ്ങനെയെങ്കിലും മറ്റുള്ളവരെ സ്നേഹിച്ചാൽ പോരാ; ഈശോ നമ്മെ സ്നേഹിച്ചതുപോലെ നാം പരസ്പരം സ്നേഹിക്കണം. മാത്രമല്ല, ക്രിസ്തീയ സ്നേഹം ഈശോയിലൂടെ നമുക്കു നല്കപ്പെട്ട പിതാവായ ദൈവത്തിന്റെ സ്നേഹത്തിലുള്ള പങ്കുചേരലുമാണ് (1 യോഹ 4,16).

സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നവനും സഹോദരനെ വെറുക്കുന്നവൻ ഇരുട്ടിൽ നടക്കുന്നവനുമാണെന്ന് തുടർന്നു പറയുന്നു. സഹോദരനെ സ്നേഹിക്കുമ്പോൾ നാം ദൈവത്തിന്റെ സ്നേഹത്തിലും സഹവാസത്തിലും വളരുകയും ദൈവൈക്യത്തിലേക്കു നടന്നടുക്കുകയും ചെയ്യുന്നു. സഹോദരനെ വെറുക്കുന്നവൻ ദൈവൈക്യത്തിലേക്കുള്ള വഴി തിരിച്ചറിയാതെ ജീവിക്കുന്നതുകൊണ്ട് ലക്ഷ്യബോധമില്ലാതെ യാത്ര ചെയ്യുന്നവനാണ്. ഇവിടെ 'സഹോദരർ' എന്നു വിശേഷിപ്പിക്കുന്നത് സഭയുടെ കൂട്ടായ്മയിലുള്ള വിശ്വാസികളെയാണ്. പുതിയനിയമത്തിൽ എല്ലാ ഗ്രന്ഥങ്ങളിലുംതന്നെ വിശ്വാസകൂട്ടായ്മയിലുള്ള സഭാംഗങ്ങളെ 'സഹോദരർ' എന്നു വിശേഷിപ്പിക്കുന്നതായി കാണുന്നുണ്ട്. ഈശോ തന്റെ പിതാവിന്റെ ഹിതം നിർവ്വഹിക്കുന്നവരെ സ്വന്തം സഹോദരരായി കണ്ടിരുന്നുവല്ലോ (മർക്കോ 3,35). യോഹന്നാന്റെ കാഴ്ചപ്പാടിൽ വിശ്വാസികൾ ദൈവത്തിൽ നിന്നും ജനിച്ച ദൈവമക്കളായതുകൊണ്ട് (യോഹ 1,12-13) പരസ്പരം സഹോദരരായി കാണുകയും സ്നേഹിക്കുകയും ചെയ്യണം. അതുകൊണ്ട് സഭാശുശ്രൂഷയുടെ ലക്ഷ്യമായി അജപാലകർ ശ്രദ്ധിക്കേണ്ടത് പരസ്പരസ്നേഹം ജീവിക്കുന്ന ഒരു കുടുംബമായി ഇടവകയെ കെട്ടിപ്പടുക്കുവാനാണ്.

### 3. ലോകത്തിന്റെ സ്നേഹവും ദൈവസ്നേഹവും

''ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ

നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ, ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല; പ്രത്യുത, ലോകത്തിന്റേതാണ്. ലോകവും അതിന്റെ മോഹങ്ങളും കടന്നുപോകുന്നു. ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേക്കും നിലനിൽക്കുന്നു'' (2,15-17).

ദൈവസ്നേഹവും ലോകത്തിന്റെ സ്നേഹവും ഒന്നിച്ചുപോവുകയില്ല എന്ന് ഇവിടെ യോഹന്നാൻ ശ്ലീഹാ ഓർമ്മിപ്പിക്കുകയും അതുകൊണ്ട് ലോകത്തെ സ്നേഹിക്കാതിരിക്കാൻ ഉപദേശിക്കുകയും ചെയ്യുന്നു. ഇവിടെ ലോകം എന്നു പറയുന്നത് പാപകരമായ ലോകത്തെയാണ്; അതായത് വിശ്വാസവിരുദ്ധമായ നിലപാടെടുക്കുന്ന ലോകത്തെ. ''ലോകത്തിലുള്ള വസ്തുക്കളെയും സ്നേഹിക്കരുത്'' എന്നു പറയുന്നു. ലോകത്തിലുള്ള വസ്തുക്കൾ ഏതാണെന്ന് അടുത്ത വാചകത്തിൽ വിശദീകരിക്കുന്നുണ്ട്. ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത. ഈശോയ്ക്കനുഭവപ്പെട്ടതും മനുഷ്യർക്കെല്ലാം അനുഭവപ്പെടുന്നതുമായ പ്രലോഭനങ്ങളുടെ മൂന്നു തലങ്ങളാണിവ. ജഡത്തിന്റെ ദുരാശ ജഡികാസക്തികളെ സൂചിപ്പിക്കുന്നു. വിശപ്പ് അനുഭവപ്പെട്ടപ്പോൾ കല്ലുകളെ അപ്പമാക്കുവാൻ ഈശോയ്ക്കനുഭവപ്പെട്ട പ്രലോഭനം ഇതിനുദാഹരണമാണ് (മത്താ 4, 3). കണ്ണുകളുടെ ദുരാശ കാണുന്നതെല്ലാം സ്വന്തമാക്കാനുള്ള ദ്രവ്യാഗ്രഹത്തെ സൂചിപ്പിക്കുന്നു. 'നീ സാഷ്ടാംഗം വീണ് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്കു ഞാൻ നൽകും' എന്നു പറഞ്ഞ് സാത്താൻ ഈശോയെ പ്രലോഭിപ്പിച്ചത് ഇതിനുദാഹരമാണ് (മത്താ 4, 8-9). ജീവിതത്തിന്റെ അഹന്ത മനുഷ്യമഹത്ത്വം തേടാനുള്ള പ്രലോഭനത്തെ സൂചിപ്പിക്കുന്നു. ദൈവാലയത്തിന്റെ അഗ്രത്തിൽ നിന്നു താഴേക്കുചാടുവാൻ ഈശോയ്ക്കുണ്ടായ പ്രലോഭനം ഇതിനുദാഹരണമാണ് (മത്താ 4, 6). ലോകത്തോടും ലോകവസ്തുക്കളോടുമുള്ള സ്നേഹം ദൈവസ്നേഹവുമായി പൊരുത്തപ്പെടുകയില്ല.

ലോകത്തെ സ്നേഹിക്കാതിരിക്കാനുള്ള മറ്റൊരു കാരണം ലോകവും അതിന്റെ മോഹങ്ങളും കടന്നുപോകുന്നു എന്നതാണ്. നിത്യമായി നിലനിൽക്കുന്നതിൽ മാത്രമേ യഥാർത്ഥ സന്തോഷവും സംതൃപ്തിയും മനുഷ്യനു ലഭിക്കുകയുള്ളൂ. ദൈവം മാത്രമാണ് നിത്യനായവൻ. അതുകൊണ്ട് ദൈവത്തെ സ്നേഹിക്കുകയും ദൈവഹിതം പ്രാവർത്തികമാക്കുകയും ചെയ്തുകൊണ്ട്, ദൈവൈക്യത്തിൽ ജീവിക്കുന്നവർ ദൈവത്തോടുകൂടെ എന്നും നില

നിൽക്കും. അതുവഴി യഥാർത്ഥ സന്തോഷവും സംതൃപ്തിയും അനുഭവിക്കുകയും ചെയ്യും. അതുകൊണ്ട് ദൈവസ്നേഹത്തിനു ജീവിതത്തിൽ പ്രഥമസ്ഥാനം നൽകണം. ദൈവസ്നേഹം മാത്രം മതി എന്ന നിലപാടിൽ നിലനിൽക്കുകയും വളരുകയും വേണം. 'ഹൃദയത്തിന്റെ സന്ന്യാസം' എന്ന് അതിനെ വിശേഷിപ്പിക്കാം. അതാണ് എല്ലാ ക്രൈസ്തവരും അഭ്യസിക്കേണ്ടതും ജീവിക്കേണ്ടതും. അതുകൊണ്ട് ഈ സന്യാസം ജീവിക്കുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം. അപ്രകാരം ജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

**4. വിശ്വാസത്തിൽ നിലനിൽക്കുക**

''ഈശോയാണ് മിശിഹാ എന്നത് നിഷേധിക്കുന്നവനല്ലാതെ മറ്റാരാണ് കള്ളം പറയുന്നവൻ? പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവനാരോ അവനാണ് അന്തിക്രിസ്തു. പുത്രനെ നിഷേധിക്കുന്നവനു പിതാവുമില്ല. പുത്രനെ ഏറ്റുപറയുന്നവനു പിതാവും ഉണ്ടായിരിക്കും. ആരംഭം മുതൽ നിങ്ങൾ ശ്രവിച്ചതു നിങ്ങളിൽ നിലനിൽക്കട്ടെ. അതു നിങ്ങളിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾ പുത്രനിലും പിതാവിലും നിലനിൽക്കും. അവൻ നമുക്കു നൽകിയിരിക്കുന്ന വാഗ്ദാനം ഇതാണ്-നിത്യജീവൻ'' (2, 22-25).

ഈ ലേഖനഭാഗത്ത് വിശ്വാസികളും വ്യാജപ്രവാചന്മാരും തമ്മിലുള്ള വ്യത്യാസവും വ്യാജപ്രവാചകന്മാരെ തിരിച്ചറിയാനുള്ള മാനദണ്ഡങ്ങളും അവതരിപ്പിച്ച്, വിശ്വാസത്തിൽ നിലനിൽക്കാനുള്ള ആഹ്വാനമാണ് യോഹന്നാൻശ്ലീഹാ നല്കുന്നത്. വ്യാജപ്രവാചകന്മാരെ 'അന്തിക്രിസ്തു' എന്നാണ് യോഹന്നാൻ വിശേഷിപ്പിക്കുന്നത്. 'അന്തിക്രിസ്തു' യുഗാന്ത്യത്തിൽ വരാനിരിക്കുന്നവനും ക്രിസ്തുവിന് എതിരായി പ്രവർത്തിക്കുന്നവനുമായിട്ടാണ് ക്രൈസ്തവസമൂഹം വിശ്വസിച്ചിരുന്നത്. യോഹന്നാന്റെ കാഴ്ചപ്പാടിൽ യുഗാന്ത്യം സഭയുടെ കാലഘട്ടത്തോടുകൂടി ആരംഭിച്ചുകഴിഞ്ഞു. അതുകൊണ്ട് മിശിഹായിലുള്ള സഭയുടെ വിശ്വാസത്തിനു വിരുദ്ധമായി പഠിപ്പിക്കുന്നവരെല്ലാം 'അന്തിക്രിസ്തുമാർ' എന്നാണ് അറിയപ്പെട്ടിരുന്നത്. ആ അർത്ഥത്തിൽതന്നെയാണ് ഈ വചനഭാഗത്തും ഇവരെപ്പറ്റി പറയുന്നത്. അവരെ 'നമ്മുടെ കൂട്ടത്തിൽ നിന്നു പുറത്തുപോയവർ' (2,19-20), 'പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവർ' (2, 21-25), 'വിശ്വാസികളെ വഴിതെറ്റിക്കുന്നവർ' (2, 26-27) എന്നിങ്ങനെ മൂന്നു വിധത്തിൽ വിശേഷിപ്പിക്കുന്നു.

ഇവരുടെ സാന്നിധ്യം വിശ്വാസികൾക്കു ഭീഷണിയാണ്. തെറ്റായ പഠനങ്ങൾ നല്കി സഭാംഗങ്ങളെ സഭയുടെ വിശ്വാ

സത്തിൽ നിന്നും വ്യതിചലിപ്പിക്കുവാൻ ഇടയാക്കുന്ന ഒരു സാഹചര്യമാണ് ഇവരുടെ സാന്നിധ്യം സൃഷ്ടിച്ചത്. അതിനെതിരെ ജാഗ്രത പുലർത്തണമെന്നാണ് ഇവിടെ യോഹന്നാൻശ്ലീഹാ ഉദ്ബോധിപ്പിക്കുന്നത്. വ്യാജപ്രവാചകന്മാരുടെ സാന്നിധ്യം സഭയിൽ എന്നുമുണ്ടാകും. അവരെ തിരിച്ചറിയുവാനും അവരുടെ തെറ്റായ പ്രബോധനങ്ങൾക്കടിമപ്പെടാതെ സഭയുടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാനും നിതാന്തജാഗ്രത ആവശ്യമാണ്. അജപാലകരായ പുരോഹിതർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. സഭയുടെ വിശ്വാസം പഠിപ്പിക്കുവാനും ജനങ്ങളെ പഠിപ്പിക്കുവാനും പുരോഹിതർ നിതാന്തജാഗ്രത പുലർത്തണം.

**5. അഭിഷേകത്താൽ പഠിപ്പിക്കപ്പെടുക**

''മിശിഹായിൽനിന്നു നിങ്ങൾ സ്വീകരിച്ച അഭിഷേകം നിങ്ങളിൽ നിലനിൽക്കുന്നു. അതിനാൽ മറ്റാരും നിങ്ങളെ പഠിപ്പിക്കേണ്ടതില്ല. അവന്റെ അഭിഷേകം എല്ലാ കാര്യങ്ങളെയുംകുറിച്ചു നിങ്ങളെ പഠിപ്പിക്കും. അതു സത്യമാണ്, വ്യാജമല്ല. അവൻ നിങ്ങളെ പഠിപ്പിച്ചതനുസരിച്ച് നിങ്ങൾ അവനിൽ വസിക്കുവിൻ'' (2, 27).

''മിശിഹായിൽനിന്നു നിങ്ങൾ സ്വീകരിച്ച അഭിഷേകം നിങ്ങളിൽ നിലനിൽക്കുന്നു. അതിനാൽ മറ്റാരും നിങ്ങളെ പഠിപ്പിക്കേണ്ടതില്ല. അവന്റെ അഭിഷേകം എല്ലാക്കാര്യങ്ങളെയുംകുറിച്ച് നിങ്ങളെ പഠിപ്പിക്കും'' എന്ന പ്രസ്താവന പലവിധത്തിൽ വ്യാഖ്യാനിക്കപ്പെടുകയും തെറ്റായ പഠനങ്ങൾക്കു ഇടയാവുകയും ചെയ്യുന്ന ഒരു പ്രസ്താവനയാണ്. ഉദാഹരണത്തിന് ഇത് നമുക്കു ലഭിച്ച അരൂപിയെക്കുറിച്ചാണെന്നും, അതുകൊണ്ട് മറ്റാരും നമ്മെ പഠിപ്പിക്കേണ്ടെന്നും വ്യാഖ്യാനിക്കുന്നവരുണ്ട്. വെറും വ്യക്തിഗതമായി, അരൂപിയാൽ നയിക്കപ്പെടുന്ന ഒരു ജീവിതമായി ഇതിനെ വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഇത് സഭയുടെ വിശ്വാസത്തോടും പ്രബോധനത്തോടും ബന്ധപ്പെട്ട ഒരു അഭിഷേകമാണ്; നിരന്തരമായ വിശ്വാസസ്വീകരണത്തോടു ബന്ധപ്പെട്ട ഒരഭിഷേകമാണ്. ഈ അഭിഷേകം ആദ്യമായി നടക്കുന്നത് മാമ്മോദീസായിലാണ്. മാമ്മോദീസായിലാണല്ലോ സഭയുടെ വിശ്വാസത്തിലേക്കു നാം പ്രവേശിപ്പിക്കപ്പെടുന്നത്. സഭയുടെ കൂദാശാജീവിതത്തിലൂടെ ഈ അഭിഷേകം തുടർന്നുകൊണ്ടിരിക്കുന്നു. അതുകൊാണ് സഭയുടെ കൂട്ടായ്മയിൽനിന്നും വിട്ടുപോയവരെ വ്യാജമിശിഹാമാരെന്നും സഭാംഗങ്ങളെ അഭിഷേകമുള്ളവരെന്നും ലേഖനത്തിൽ വിശേഷിപ്പിക്കുന്നത്.

അഭിഷേകം എന്നത് സഭയിൽ സ്വീകരിക്കപ്പെട്ടതും അരൂ

പിയുടെ സഹായത്തോടെ ആന്തരികരിക്കപ്പെടുന്നതുമായ ദൈവ വചനമാണ്. ആകയാൽ ഈ അഭിഷേകം സഭയുടെ പ്രബോധനം ഉൾക്കൊള്ളുന്നതും ആന്തരികീകരണം ആവശ്യമായിട്ടുള്ള തുമാണ്. സഭയുടെ വിശ്വാസവും പ്രബോധനവും എത്രമാത്രം നാം ആന്തരികീകരിക്കുന്നുവോ, അത്രമാത്രം മറ്റു ബാഹ്യമായ പ്രബോധനത്തിന്റെ ആവശ്യകത കുറഞ്ഞുവരും. ഈ പ്രസ്താവന ബാഹ്യമായ പ്രബോധനത്തിന്റെ ആവശ്യകതയ്ക്ക് വിരുദ്ധമല്ല. ബാഹ്യമായ പ്രബോധനങ്ങളെല്ലാം സഭയുടെ ആധികാരികമായ പ്രബോധനത്തോടു ചേർന്നുപോകുന്നതാണെന്നും വിശ്വാസത്തെ സ്വാംശീകരിക്കാൻ സഹായകമാണെന്നും ഉറപ്പുവരുത്തണം. മിശി ഹായുടെ രണ്ടാം ആഗമനത്തെ പ്രതീക്ഷിക്കുന്ന ജീവിതമാണല്ലോ ക്രൈസ്തവജീവിതം. അതുകൊണ്ട് ഈ അന്ത്യാത്മകലക്ഷ്യത്തി ലേക്ക് നടന്നടുക്കുവാൻ മിശിഹായിൽ വസിക്കുവാൻ ഉപദേശിച്ചു കൊണ്ടാണ് ഈ വചനഭാഗം അവസാനിപ്പിക്കുന്നത്. മിശിഹായിൽ വസിക്കുക എന്നതിന്റെ അർത്ഥം സഭയുടെ കൂട്ടായ്മയിൽ നില നിൽക്കുക എന്നതാണ്. അതുകൊണ്ട് സഭയുടെ കൂട്ടായ്മയിൽ നിലനിന്നുകൊണ്ട് വിശ്വാസാഭിഷേകത്താൽ നിരന്തരം പഠിപ്പിക്ക പ്പെട്ടുകൊണ്ട് വിശ്വാസജീവിതം നയിക്കുവാൻ അജപാലകർ തങ്ങ ളുടെ വിശ്വാസികളെ പരിശീലിപ്പിക്കണം.

**ജീവിതസൂചിക**

1. അനുസരണാജീവിതത്തിലൂടെ ദൈവൈക്യത്തിൽ നിര ന്തരം ജീവിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?

2. പരസ്പരസാഹോദര്യം ജീവിക്കുന്ന കുടുംബാരൂപിയിൽ ഇടവകയെ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

3. ദൈവസ്നേഹത്താൽ ഭരിക്കപ്പെടുന്ന ഹൃദയത്തിന്റെ സന്ന്യാസം ജീവിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

4. സഭയുടെ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുന്ന പ്രബോധനങ്ങളെ വിവേചിച്ചറിഞ്ഞ് സത്യവിശ്വാസം ജീവിക്കുവാൻ ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?

5. സഭയുടെ കൂട്ടായ്മയിൽ നിലനിന്നുകൊണ്ട് വിശ്വാസാഭി ഷേകത്താൽ പഠിപ്പിക്കപ്പെടാൻ വിശ്വാസികളെ ഞാൻ എങ്ങനെ പരിശീലിപ്പിക്കുന്നു?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഓഗസ്റ്റ് 17-ാം തീയതി ബഹു. സണ്ണി പുതനപ്ര അച്ചന്റെയും, സെപ്റ്റംബർ 2-ാം തീയതി ബഹു. സെബാസ്റ്റ്യൻ പാലക്കി അച്ചന്റെയും, ജോസഫ് മഴുവഞ്ചേരി അച്ചന്റെയും ചരമവാർഷിക ദിനങ്ങളാണ്. ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

## New Appointments

Fr Mathew Periappuram – Manager, Green Peak Estate Kalpetta & Vicar, Chooralmala

Fr Jilson Kokkandathil – Ireland

Fr Anto Chirayilparambil – Vicar, Makkiyad

Fr James Chakkittakudy – Vicar, Puthiyidamkunnu

## New Address

**1) Fr. Nidheesh Thalachira**
Holy Rosary Catholic Church
Syro-Malabar Diocese of Faridabad
Halim Wala, Mandi Amin Ganji P.O.
Teh/distt Fazilka - 152 033
Punjab

**2) Fr. Tibin Chakkulathil**
St Thomas Convent School, Deon
Muktsar Road
Bathinda - 151002
Punjab

## New Phone Number

St. Mary’s Church Alattil - 6282541979

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മൈനർ സെമിനാരി വാർത്തകൾ

**മൈനർ സെമിനാരിയിലെ നവാഗതർക്ക് സ്വാഗതം നമ്പർ**

| പേരും വീട്ടു പേരും. | | ഇടവക |
|---|---|---|
| 1. | എടാട്ട് ജോസഫ് (നിർമ്മൽ) | പുതുശ്ശേരിക്കടവ് |
| 2 | കൈതമറ്റത്തിൽ ജോസഫ് (അതുൽ) | തെനേരി |
| 3 | കുടകപ്പറമ്പിൽ മാത്യു (റിൻസ്) | പാടിച്ചിറ |
| 4 | പറമുയിൽ ജോസഫ് (ജോബിൻ) | വിമലഗിരി |
| 5 | പതിപ്പള്ളിയിൽ ജോസഫ് (ജോയൽ) | പുതുശ്ശേരിക്കടവ് |
| 6 | തോട്ടുങ്കൽ തോമസ് (ഡിന്റോ) | തേൾപ്പാറ |
| 7 | വട്ടപ്പാറയിൽ ജോസഫ് (ആഗ്നൽ) | മരക്കടവ് |
| 8 | വാഴയിൽ തോമസ് (ഷെബിക്സൺ) | മീനങ്ങാടി |

കുട്ടികളെ മൈനർ സെമിനാരിയിലേയ്ക്ക് പറഞ്ഞയച്ച എല്ലാ വൈദികർക്കും സിസ്റ്റേഴ്സിനും, മതാദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദി.

**നന്ദി**

കഴിഞ്ഞ നാലു വർഷക്കാലം മൈനർ സെമിനാരിയുടെ റെക്ടറും ഒരു വർഷക്കാലം വൈസ് റെക്ടറുമായിരുന്നു കൊണ്ട് അധ്വാനത്തിന്റെയും പ്രാർത്ഥനയുടെയും അറിവിന്റേയും നല്ല മാതൃകപകർന്നു നൽകി കബനിഗിരി ഇടവകയുടെ വികാരിയായി ചുമതലയേറ്റിരിക്കുന്ന സ്നേഹ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ഏലംകുന്നേൽ അച്ചന് സെമിനാരികുടുംബത്തിന്റെ മുഴുവൻ നന്ദി അറിയിക്കുന്നു. പുതിയ പ്രവർത്തന മേഖലയിൽ അച്ചന് എല്ലാവിധ വിജയങ്ങളും ദൈവാനുഗ്രഹവും നേരുന്നു.

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
റെക്ടർ

**നീലഗിരി റീജിയൻ**

നീലഗിരി മേഖലയിലെ ബഹു. വൈദികരുടെ മാസധ്യാനം 2021 ജൂലൈ 15ന് വിമലഗിരി (പുത്തൂർവയൽ) ഇടവകയിൽ വച്ചു നടത്തപ്പെട്ടു. ഇടവകവികാരി ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ വൈദിക കൂട്ടായ്മയിലേയ്ക്ക് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഫാ. മാത്യു ചാലിൽ സി. എം. ഐ. ധ്യാനചിന്തകൾ പങ്കുവച്ചു. തുടർന്ന് കുമ്പസാരവും ദിവ്യകാരുണ്യാരാധനയും നടന്നു. മാസധ്യാനത്തോടനുബന്ധിച്ചു നടന്ന യോഗത്തിന് റീജണൽ ഡയറക്ടർ ഫാ. വിൻസന്റ് കളപ്പുര നേതൃത്വം നൽകി. പുതുതായി മേഖലയിലേയ്ക്കു കടന്നുവന്ന ഫാ. അനൂപ്, ഫാ. മാത്തുക്കുട്ടി എന്നിവരെ സ്വാഗതം ചെയ്തു. ഫാ. അനീഷ് ആലുങ്കൽ മിഷൻ ലീഗിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. സാഹിത്യമത്സരങ്ങൾ ജൂലൈ 25-ന് ഓൺലൈനായി നടത്തുമെന്നും, മിഷൻ ലീഗിന്റെ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന അവസരത്തിൽ ബൈബിൾ പഠിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണമെന്നും, കുട്ടികൾ ഒരുവർഷം കൊണ്ട് ബൈബിൾ വായിച്ചുതീരത്തക്ക രീതിയിൽ ആനിമേറ്റേഴ്സ് അവർക്കായി അധ്യായങ്ങൾ ക്രമീകരിച്ചുകൊടുക്കണമെന്നും അഭിപ്രായപ്പെട്ടു.

NDS ന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജെ. ബി. കോശി കമ്മീഷൻ നിവേദനം അയയ്ക്കുന്നതിനേക്കുറിച്ചും ഫാ. ബിനോയ് കാശാംകുറ്റിയിൽ സംസാരിച്ചു. NDS ഇതുവരെ 160 കോവിഡ് കിറ്റുകൾ വിതരണം ചെയ്തുവെന്നും, ഇനിയും മാസ്കും മരുന്നുകളും വിതരണം ചെയ്യാൻ തയ്യാറെടുക്കുന്നതായും അച്ചൻ അറിയിച്ചു. വിദ്യാർത്ഥികൾക്കുള്ള ധനസഹായത്തെക്കുറിച്ചും ബയോവിന്റെ പ്രൊജക്ടുകളെക്കുറിച്ചും അച്ചൻ സംസാരിച്ചു. മതാധ്യാപകരുടെ ഓൺലൈൻ മീറ്റിങ്ങ് നടത്തിയതായി അനൂപച്ചൻ അറിയിച്ചു. നീലഗിരി മേഖലയിൽ ഇംഗ്ലീഷ് മതപഠനപുസ്തകത്തിന്റെ ആവശ്യകതയെക്കുറിച്ചും അച്ചൻ സംസാരിക്കുകയുണ്ടായി. പ്ലസ് ടു രജിസ്ട്രേഷൻ ഇരുപതാം തീയതിയ്ക്കു മുൻപായി നടത്തണമെന്നും അച്ചൻ ഓർമ്മപ്പെടുത്തുകയുണ്ടായി.

മതപഠനപുസ്തകത്തിൽ വചനത്തിനു പ്രാധാന്യം നൽകണ മെന്ന് വൈദികർ അഭിപ്രായപ്പെടുകയുണ്ടായി. ലവ് ജിഹാദിനെക്കു റിച്ചും ചർച്ചകളുണ്ടായി. മാതൃവേദിയുടെ നേതൃത്വത്തിൽ കഥ, ചിത്രരചന എന്നിവ ഇടവകതലത്തിൽ നടത്തി മേഖലയ്ക്ക് അയച്ചുകൊടുക്കണമെന്ന് മേഖലാ ഡയറക്ടർ ഫാ. അഗസ്റ്റിൻ താന്നിയിൽ അഭിപ്രായപ്പെടുകയുണ്ടായി.ഈ കോവിഡ് കാലയള വിൽ വാങ്ങിയ ഓക്സിജൻ സിലിണ്ടർ സമൂഹത്തിന് ഏറെ ഗുണം ചെയ്യുന്നു ണ്ടെന്ന് KCYM ഡയറക്ടർ ഫാ. റോബിൻ പടിഞ്ഞാറ യിൽ പറഞ്ഞു. അടുത്ത മാസത്തെ മാസധ്യാനം NDS കെട്ടിടത്തിന്റെ പുതിയ വിങ്ങിന്റെ വെഞ്ചരിപ്പിനോടനുബന്ധിച്ചു നടത്തപ്പെടും.

**ഫാ. മാത്തുക്കുട്ടി താഴത്തുവീട്ടിൽ, TOR**
സെക്രട്ടറി

## കൽപ്പറ്റ ഫൊറോന

കൽപ്പറ്റ ഫൊറോനായിലെ ബഹു. വൈദീകരുടെ മാസധ്യാനം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗൂഗിൾ പ്ലാറ്റ് ഫോമിൽ ജൂലൈ 6 ന് നടത്തപ്പെട്ടു. ഫൊറോനാ വികാരി ബഹു. സോമി വടയാപറമ്പിൽ എല്ലാവരെയും സ്വാഗതം ചെയ്തു.

കൽപ്പറ്റ ഫൊറോനയിലേക്ക് പുതിയതായി കടന്നുവന്ന ഫാ. തോമസ് പൊൻതൊട്ടി, ഫാ. സണ്ണി കൊല്ലാർത്തോട്ടം, ഫാ. അലക്സ് കളപ്പുര, ഫാ. സുനിൽ മഠത്തിൽ, ഫാ. ഷാജി മൂത്തേടത്ത്, ഫാ. സ്റ്റാനി മങ്ങാട്ട് CMF (ഒലിവുമല), ഫാ. ജോസ് പുളിങ്കുന്നേൽ CMF (ചാരിറ്റി ) എന്നിവർക്കും, ചൂരൽമല സ്വതന്ത്രകുരിശുപള്ളിയുടെ പുതിയ വികാരിയായി നിയമിതനായ ബഹു. ജോഷി പെരിയപ്പുറം അച്ചനും സ്വാഗതവും, കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് വിശ്വാസസമൂഹത്തെ നയിക്കാൻ കഴിയ ട്ടെയെന്നും യോഗം ആശം സിച്ചു. ജെ. ബി. കോശി കമ്മിഷന് മുന്നിൽ സമർപ്പിക്കേണ്ട നിവേദനങ്ങൾ നൽകുന്നതിനായി ഇടവക പരിധിയിലുള്ള പഞ്ചായത്തുകളിൽ നിന്നും, മുൻസിപ്പാലിറ്റിയിൽ നിന്നും വിവരങ്ങൾ ലഭിക്കുവാൻ ആവശ്യമായ ചോദ്യങ്ങൾ തയാറാക്കി നിയോഗിക്കപ്പെട്ട വ്യക്തികൾക്ക് നൽകിയതായും ബഹു. ഫാ. ജോഷി പെരിയപ്പുറം അറിയിച്ചു. സംഘടനകൾക്ക് പുതിയ ഡയറക്ടർമാരെ തിരഞ്ഞെടുത്തു.

| | |
|---|---|
| മതബോധനം | : ഫാ. സുനിൽ മഠത്തിൽ |
| ചെറുപുഷ്പ മിഷൻലീഗ് | : ഫാ. തോമസ് കച്ചിറയിൽ |

| | | |
|---|---|---|
| കെ. സി. വൈ. എം. | : | ഫാ. റെജി മുതുകത്താനി |
| മാതൃവേദി | : | ഫാ. അലക്സ് കളപ്പുര |
| സെക്രട്ടറി | : | ഫാ. സിബി മാടപ്പള്ളിക്കുന്നേൽ |

**ഫാ. സിബി മാടപ്പള്ളിക്കുന്നേൽ**
സെക്രട്ടറി

# മതബോധനരംഗം

**മതബോധനകേന്ദ്രത്തിൽനിന്നും ആശംസകൾ !**

പകർച്ചവ്യാധിയുടെ ഈ കാലഘട്ടം നമുക്ക് നൽകുന്നത് സങ്കേതികവിദ്യകളിലൂടെ വിശ്വാസപരിശീലനം നടത്താനുള്ള വിവിധ സാധ്യതകളാണ്. മലയാളത്തിലെ എല്ലാ ക്രിസ്തീയ ചാനലുകളിലും സീറോ മലബാർ സഭയുടെ വിശ്വാസപരിശീലന ക്ലാസ്സുകൾ ഇപ്പോൾ ലഭ്യമാണ്, കൂടാതെ mananthavady catechesis എന്ന യുട്യൂബ് ചാനലിൽ എപ്പോൾ വേണമെങ്കിലും ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. മാറിയ സാഹചര്യത്തിലും വിശ്വാസപരിശീലനം ഓൺലൈനായും, ലഭ്യമായ മറ്റെല്ലാ രീതികളിലും നടത്തിക്കൊണ്ടിരിക്കുന്ന ബഹു. വികാരിയച്ചന്മാർക്കും സഹവികാരിമാർക്കും ഹെഡ്മാസ്റ്റേഴ്സിനും അധ്യാപകർക്കും അനുമോദനങ്ങൾ !

**ആദരാജ്ഞലികൾ**

നാൽപ്പത്തിമൂന്ന് വർഷക്കാലം അദ്ധ്യാപികയായും ഇരുപത്തിയഞ്ചുവർഷത്തിലേറെ പ്രധാനാദ്ധ്യാപികയായും മതബോധനരംഗത്ത് സേവനമനുഷ്ഠിച്ച് നമുക്കു മുൻമ്പേ സ്വർഗ്ഗനാട്ടിലേക്ക് യാത്രയായ ചുള്ളിയാന ഇടവകാംഗമായ മേരി ടീച്ചർക്ക് (തലാപ്പള്ളിൽ) രൂപതാകുടുംബത്തിന്റെ ആദരാജ്ഞലികൾ.

**മതബോധന ഞായർ : സെപ്തംബർ 20**

ഓരോ ക്രൈസ്തവന്റെയും ജീവിതം സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നതാകണം എന്ന് അനുസ്മരിപ്പിക്കുകയാണ് മതബോധന ഞായർ. ദൈവത്തെ അറിയുവാനും സത്യവിശ്വാസത്തിൽ വളരുവാനും അത് പകർന്നു കൊടുക്കുവാനു മുള്ള ഈ ദൗത്യത്തെ അനുസ്മരിപ്പിക്കുന്ന മതബോധന ഞായർ ഈ വർഷം സെപ്തംബർ 20 നാണ്. മതബോധന ഞായറിന്റെ സന്ദേശം പകരുന്ന പരിപാടികൾ ഇടവകതലത്തിൽ ക്രമീകരിക്കുവാൻ പരിശ്രമിക്കുമല്ലോ.

**ക്ലാസ്സ് പരീക്ഷ**

ഈ സെമെസ്റ്ററിലെ നാല് അധ്യായങ്ങളുടെ ക്ലാസ്സുകൾ പൂർത്തിയാകേണ്ടത് ഓഗസ്റ്റ് 1 നാണ്. ഈ നാല് അധ്യായങ്ങളുടെ ക്ലാസ് പരീക്ഷ ഓഗസ്റ്റ് 8 നാണ് നടത്തേണ്ടത്. ഓരോ ഇടവകക്കും സൗകര്യപ്രദമായ രീതിയിൽ പരീക്ഷ നടത്താവുന്നതാണ്.

**അർദ്ധവാർഷിക പരീക്ഷ**

ഒക്ടോബർ 3 നാണ് ഈ വിശ്വാസ പരിശീലനവർഷത്തിലെ അർദ്ധവാർഷിക പരീക്ഷ നടത്തേണ്ടത്. എട്ട് അധ്യായങ്ങൾ ഈ സെമെസ്റ്ററിൽ പരീക്ഷക്ക് ഉണ്ടായിരിക്കും. ഓരോ ദിവസവും പഠിക്കേണ്ട വി. ഗ്രന്ഥഭാഗവും ഉണ്ടായിരിക്കും. HCC 1 , HCC 2 കുട്ടികൾക്ക് പിതൃഹൃദയത്തോടെ എന്ന അപ്പസ്തോലിക ലേഖനം ഒന്നാം സെമെസ്റ്ററിലെ ഉപപാഠമായി പഠിക്കേണ്ടതാണ്. https://catholicmalayalam.org/church-teachings/with-a-fathers-heart-patris-corde എന്ന ലിങ്കിൽ ഈ ലേഖനം ലഭ്യമാണ്.

**മേഖലാ ഡയറക്ടേഴ്സിന് നന്ദിയും സ്വാഗതവും**

കഴിഞ്ഞ വർഷങ്ങളിൽ മതബോധനത്തിന്റെ മേഖലാ ഡയറക്ടേഴ്സായി സേവനം ചെയ്ത റവ. ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിൽ (നീലഗിരി), റവ. ഫാ. മാത്യു മൂഞ്ഞനാട്ട് (മണിമൂളി), റവ. ഫാ. സിനീഷ് പുത്തൻപുര (ചുങ്കക്കുന്ന്), റവ. ഫാ. സെബാസ്റ്റ്യൻ ഇലവനപ്പാറ (തരിയോട്) എന്നീ വൈദികർക്ക് രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

പുതിയ മേഖലാ ഡയറക്ടേഴ്സായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന റവ. ഫാ. അനൂപ് കൊല്ലംകുന്നേൽ (നീലഗിരി), റവ. ഫാ. ബിജു ഉറുമ്പിൽ (മണിമൂളി), റവ. ഫാ. ബെന്നി മുതിരക്കാലായിൽ (ചുങ്കക്കുന്ന്), റവ. ഫാ. അഗസ്റ്റ്യൻ പുത്തൻപുര (തരിയോട്) എന്നീ വൈദികർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

**ഫാ. ഷിജോ വേനക്കുഴിയിൽ**
അസി. ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

തീഷ്ണതയുള്ള മിഷൻ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനകളും. ആഗസ്റ്റ് മാസത്തെ പ്രേഷിത പ്രവർത്തനങ്ങളിലേക്ക് നിങ്ങളെ സ്വാഗതം ചെയ്യുകയാണ്. ദൈവഹിതത്തിനായ് ഹൃദയം തുറക്കുകയും വിനയത്തിലൂടെ സ്വർഗ്ഗത്തെ അതുല്യമായി പ്രീതിപ്പെടുത്തുകയും ചെയ്ത പരി. അമ്മയും, പൗരോഹിത്യത്തിന്റെ ലാളിത്യ ശുദ്ധിയെ ജീവിതം കൊണ്ട് അടയാളപ്പെടുത്തിയ വി. വിയാനിയും, സുകൃതജീവിതത്തിലൂടെ പ്രേഷിതരാകാൻ നമ്മെ നിരന്തരം പ്രചോദിപ്പിക്കുന്ന സ്ഥാപക നേതാവ് കുഞ്ഞേട്ടനും നമ്മുടെ ചിന്തകൾക്കു വിഷയമാകുന്നു. അതോടൊപ്പം പ്ലാറ്റിനം ജൂബിലിക്കായ് രൂപത, മേഖല, ശാഖ തലങ്ങളിൽ ഒരുക്കങ്ങൾ തുടങ്ങേണ്ട സമയമാണിത്. 2021 ജൂലൈ 20 മുതൽ ഒക്ടോബർ 03 വരെയുള്ള 75 ദിവസങ്ങളിൽ ജൂബിലി ഒരുക്ക പ്രവർത്തനങ്ങൾ ശാഖകളിലും മേഖലകളിലും ക്രമീകരിക്കുമല്ലോ. രൂപത സമിതിയുടെ നേതൃത്വത്തിൽ രൂപത, മേഖല, ശാഖ തലങ്ങളിൽ ജപമാല ശൃംഖല ക്രമീകരിക്കുന്നുണ്ട്. അതോടൊപ്പം ശാഖകളിൽ ജീവകാരുണ്യ പ്രവർത്തനത്തിനു സഹായിക്കുന്ന രീതിയിൽ ജൂബിലി കുടുക്കയും ക്രമീകരിക്കുന്നുണ്ട്. പ്രേഷിതാവേശത്തോടെ, മിഷൻ തീഷ്ണതയോടെ കാരുണ്യത്തിന്റെ കരസ്പർശമായി നമുക്ക് മാറാം.

പ്രേഷിതാഭിവാദ്യങ്ങളോടെ,

**ഷിജു അച്ചൻ**

| | | |
|---|---|---|
| 2021 – ആഗസ്റ്റ് | : | ക്രിസ്തു ബലിയും ബലിയർപ്പകനും |
| പ്രാർത്ഥന മലരുകൾ | : | 75 സ്വർഗ്ഗസ്ഥനായ പിതാവേ.. |
| മിഷൻ പ്രയർബാങ്ക് | : | ഛാന്ദ രൂപത (മാനന്തവാടി മേഖലയിലെ ശാഖകൾ) |
| സുകൃത ജപം | : | എന്റെ ഈശോയെ എന്റെ രക്ഷയായവനേ.. |

**എന്റെ അപ്പൻ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പിതൃദിനത്തോടനുബന്ധിച്ച് എന്റെ അപ്പൻ എന്ന പേരിൽ പെൻസിൽ ഡ്രോയിങ് ചലഞ്ച് നടത്തി. മത്സരത്തിൽ ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ വിവിധ ശാഖകളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. മത്സരത്തിൽ എ വിഭാഗത്തിൽ ആൻ ലിയ ജോജോ (റിപ്പൺ) ഒന്നാം സ്ഥാനവും, ആഷിൻ ബെനഡിക്റ്റ് (പയ്യമ്പള്ളി) രണ്ടാം സ്ഥാനവും, അഞ്ജലിൻ അന്ന ജെയിംസ് (കോട്ടത്തറ), താര വിനോജ് (ചാരിറ്റി) എന്നിവർ മൂന്നാം സ്ഥാനവും, കരസ്ഥമാക്കി. ബി വിഭാഗത്തിൽ അലൻ ടോം ജോസ് (കണിയാരം), ജിത്തു ജോസഫ് (മണിമൂളി) എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങളും അക്സ രാജ് (കുഞ്ഞോം), അഭിനന്ദ ഷാജു (കളത്തുവയൽ) എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ. ബിജു ചിറ്റേടം, ലിന്റോ പാട്ടശ്ശേരി, ജോസഫ് തോട്ടുംകര എന്നിവർ നേതൃത്വം നൽകി.

**ബിൻയാമിൻ മീറ്റ്**

സി.എം.എൽ. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ 7-12 ക്ലാസ്സുകളിലെ ആൺകുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി നടത്തിയ ആത്മീയസംഗമം. ഓരോ ആൺകുട്ടിയെ കുറിച്ചും മാതാപിതാക്കളുടെയും സഭയുടെയും സ്വപ്ന സാക്ഷാത്കാരത്തിന് ഒരു കൈത്താങ്ങ് ആകുവാൻ സി.എം.എൽ. മാനന്തവാടി രൂപത സംഘടിപ്പിച്ച ആത്മീയ വിരുന്നാണ് ബിൻയാമിൻ മീറ്റ്. മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. ഫാ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്ത മീറ്റിൽ ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. രൂപതയുടെ വിവിധശാഖകളിൽ നിന്നായി രണ്ടായിരത്തോളം അംഗങ്ങൾ സൂം ആപ്പിലൂടെയും യൂട്യൂബ് ചാനലിലൂടെയും ക്ലാസ്സിൽ പങ്കെടുത്തു.

**സദയം**

ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ ഇല്ലാതെ വിഷമിക്കുന്ന നിർദ്ധനരായകുട്ടികളെ സഹായിക്കുന്നതിനായി ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത 'സദയം' എന്ന പേരിൽ 50 രൂപ ചലഞ്ച് നടത്തി. ഇതിലൂടെ ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് പഠനോപകരണങ്ങൾ വാങ്ങികൊടുക്കുവാൻ സംഘടന തീരുമാനിച്ചു.

**മഹനായിം 2021 – റീജണൽ സംഗമം**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത റീജണൽ സംഗമം മഹനായീം 2021 ജൂൺ 24 മുതൽ 28 വരെ നടത്തി. റീജണൽ തലത്തിൽ ശാഖാ, മേഖല ഭാരവാഹികൾ പങ്കെടുത്ത പരിപാടിയുടെ ഉദ്ഘാടനം മണിമൂളി നിലമ്പൂർ റീജണൽ വികാരി ജനറാൾ ഫാ. തോമസ് മണക്കുന്നേൽ നിർവഹിച്ചു. മിഷൻലീഗ് ഒരു ജീവിത ശൈലി എന്ന വിഷയത്തെ ആസ്പദമാക്കി രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. തോമസ് കല്ലറക്കൽ സംസ്ഥാന സമിതി അംഗം ശ്രീ. അരുൺ ജോസ് എന്നിവർ ക്ലാസ്സെടുത്തു. സി.എം.എൽ മാനന്തവാടി രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, സംസ്ഥാന എക്സിക്യൂട്ടീവ് അംഗങ്ങൾ, വിവിധ രൂപതകളിലെ പ്രസിഡന്റുമാർ, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, രൂപത ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. 158 ശാഖകളിൽ നിന്നുള്ള ഡയറക്ടേഴ്സ്, ജോ. ഡയറക്ടേഴ്സ് ശാഖാ മേഖലാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. മാനന്തവാടി രൂപതയിൽ സംഘടനയുടെ മുന്നോട്ടുള്ള പ്രവർത്തനത്തിന് ഈ സംഗമം ഏറെ സഹായകമായി.

**ലഹരി വിരുദ്ധദിനം**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെയും കബനിഗിരി നിർമ്മല ഹൈസ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ ജൂൺ 26 ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് 'നേർവഴി' എന്ന വെബിനാർ നടത്തി. സിവിൽ എക്സൈസ് ഓഫീസർ ശ്രീ. വിജേഷ്കുമാർ നേതൃത്വം നൽകിയ വെബിനാർ സി.എം.എൽ. മാനന്തവാടി രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ ഉദ്ഘാടനം ചെയ്തു.

**ആദരാജ്ഞലികൾ**

മാനന്തവാടി രൂപത അംഗങ്ങളായ ബഹുമാനപ്പെട്ട ജെയിംസ് കുമ്പിക്കീൽ അച്ചന്റെയും, ജെയിംസ് പീടികപാറ അച്ചന്റെയും, തോമസ് പെരുമാട്ടിക്കുന്നേൽ അച്ചന്റെയും നിര്യാണത്തിൽ ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ആദരാഞ്ജലികളർപ്പിച്ചു.

**കരുതലാണ് കവചം– ഡോക്ടേഴ്സ് ഡേ**

സ്വന്തം ജീവൻ പോലും പണയം വച്ച് ആരോഗ്യ പ്രവർത്തന രംഗത്ത് കർമ്മ നിരതരാകുന്ന എല്ലാ ഡോക്ടേഴ്സിനും ആശംസകൾ നേർന്നു. അന്നേ ദിനം ചെറുപുഷ്പ മിഷൻലീഗിലൂടെ വളർന്ന് ആരോഗ്യമേഖലയിൽ പ്രേഷിത പ്രവർത്തനം ചെയ്യുന്ന ആരോ

ഗ്യപ്രവർത്തകർക്കായി കോവിഡ്കാല അനുഭവകുറിപ്പെഴുത്തു മത്സരം നടത്തി. ഏറ്റവും മികച്ച അനുഭവകുറിപ്പ് എഴുതിയ കാർഡിയാക് നേഴ്സ് ആയി സൗത്ത് ആഫ്രിക്കയിൽ ജോലി ചെയ്യുന്ന ജെനീഷ് ജോയിക്ക് (അപ്പപ്പാറ ശാഖ) ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ദർശിതം - ദുക്റാന തിരുനാൾ**

ഭാരത അപ്പസ്തോലനായ വി.തോമാശ്ലീഹായുടെ തിരുനാൾ വിവിധ പരിപാടികളോടെ മിഷൻലീഗ് അംഗങ്ങൾ ആഘോഷമാക്കി. ഓൺലൈൻ മീറ്റ്, ക്വിസ് ചലഞ്ച്, പ്രച്ഛന്നവേഷ മത്സരം, തോമസ് നാമധാരികളുടെ സംഗമം, ഫീസ്റ്റ് ആഘോഷം എന്നിങ്ങനെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് പ്രോഗ്രാമുകൾ നടത്തിയത്. ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ദുക്റാന തിരുനാൾ ആഘോഷ പരിപാടികൾ നടവയൽ ശാഖയിൽ വച്ച് നടത്തി. ആർച്ച് പ്രീസ്റ്റ് ഫാ. ജോസ് മേച്ചേരി, ശാഖ അസി. ഡയറക്ടർ ഫാ. ജെറിൻ പൊയ്കയിൽ, ശാഖ പ്രസിഡന്റ് അമൽ, സംസ്ഥാന പ്രസിഡന്റ് ബിനു മാങ്കൂട്ടം, മേഖല പ്രസിഡന്റ് ടോണി ചേമ്പോട്ടിക്കൽ, എന്നിവർ നേതൃത്വം നൽകി.

**സെഹിയോൻ 2021-ദുക്റാന ക്വിസ് ചലഞ്ച്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് സെഹിയോൻ 2021 ദുക്റാന ക്വിസ് ചലഞ്ച് നടത്തി. ഗൂഗിൾഫോം വഴി നടത്തിയ മത്സരത്തിൽ രൂപതയിലെ വിവിധ ശാഖകളിലെ കുട്ടികൾ പങ്കെടുത്തു. എ വിഭാഗത്തിൽ ജോബിൻ ജോസ് മറ്റത്തുമനായിൽ (പാടിച്ചിറ), ജെയ്ന റോസ് കാക്കോനാൽ (ശിശുമല) എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനവും ആൻ മരിയ സിബി തടത്തിൽ (കയ്യൂന്നി), മെബിൻ ആന്റണി ഓലിപറമ്പിൽ (തരിയോട്) എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ബി വിഭാഗത്തിൽ ടോൺ ജോസഫ് വയലുങ്കൽ (കൽപറ്റ) ഒന്നാം സ്ഥാനവും, ലിയ ബിജു പയ്യമ്പള്ളി (അടക്കാത്തോട്), ജോയേൽ മരങ്ങാട്ടിൽ (പുതുശ്ശേരി) എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ദുക്റാന ക്വിസ് മനോഹരമായി ക്രമീകരിച്ച രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ബിനീഷ് തുമ്പിയാംകുഴി, സിനീഷ് ആപ്പുഴ എന്നിവർക്ക് രൂപത കുടുംബത്തിന്റെ നന്ദി.

## ഓജസ്സ് 2021– ജോ. ഡയറക്ടേഴ്സ് മീറ്റ്

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ജോ. ഡയറക്ടേഴ്സ് മീറ്റ് ഓജസ്സ് 2021 എന്ന പേരിൽ നടത്തി. മാനന്തവാടി രൂപത മതബോധന കേന്ദ്രം അസി. ഡയറക്ടർ ഫാ. ഷിജോ വേനക്കുഴി ഉദ്ഘാടനം ചെയ്ത സംഗമത്തിൽ രൂപതയുടെ വിവിധ ശാഖകളിൽ നിന്നായി 150 ഓളം പേർ പങ്കെടുത്തു. പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ രൂപത പ്രസിഡന്റ് രഞ്ചിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. ശാഖകളിൽ ഈ കോവിഡ് കാലത്ത് ചെയ്യാനാകുന്ന പ്രവർത്തനങ്ങളെപ്പറ്റി സി.എം.എൽ. രൂപത ടീം അംഗം ശ്രീ.ജോൺസൻ വടക്കേക്കര ക്ലാസ്സ് എടുത്തു. സെക്രട്ടറി സജീഷ് എടത്തട്ടേൽ എല്ലാവർക്കും നന്ദി പറഞ്ഞു.

## ശുദ്ധതയുടെ ലില്ലി പുഷ്പം

വിശുദ്ധിക്കുവേണ്ടി ജീവൻ ഹോമിച്ച വി. മരിയഗൊരേത്തിയുടെ തിരുനാൾ ദിനത്തിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത തിരുബാലസഖ്യത്തിലെ കുഞ്ഞുമിഷനറിമാർക്കായി സ്റ്റാറ്റസ് മേക്കിംഗ് ചലഞ്ച് സംഘടിപ്പിച്ചു. മരിക്കേണ്ടി വന്നാലും പാപം ചെയ്യില്ല എന്ന് ഉദ്ഘോഷിച്ചുകൊണ്ട് വിവിധ ശാഖകളിൽ നിന്നായി 50 ലേറെ കുരുന്നുകൾ മത്സരത്തിൽ പങ്കെടുത്തു. ഫിയോന അന്ന ജിൻസ് (പൂളപ്പാടം), ദിയ മരിയ (അമ്പലവയൽ) എന്നിവർ ഒന്നും രണ്ടും സ്ഥാനത്തിനും റിയ ക്രിസ്റ്റീന (മീനങ്ങാടി), ഹെലൻ മരിയ (പൂളപ്പാടം) എന്നിവർ മൂന്നാം സ്ഥാനത്തിനും അർഹരായി. രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ജോസ് മാങ്കൂട്ടത്തിൽ, മെർളിൻ മേപ്പാടത്ത് എന്നിവർ നേതൃത്വം കൊടുത്തു. പങ്കെടുത്തവർക്കും വിജയികൾക്കും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## തെരേസിയൻ ഫാമിലി മീറ്റ്

കുടുംബങ്ങളാണ് പ്രേഷിത തീക്ഷ്ണതയുടെ വിളനിലങ്ങൾ. ഒരേ മനസ്സോടെ കൈ കൂപ്പുന്ന കുടുംബങ്ങളെ തിരുസഭ പ്രതീക്ഷയോടെ നോക്കിക്കാണുന്നു. ചെറുപുഷ്പ മിഷൻലീഗിന്റെ സ്വർഗീയ മധ്യസ്ഥ വി. കൊച്ചുത്രേസ്യയുടെ മാതാപിതാക്കളായ ലൂയി മാർട്ടിന്റെയും സെലിഗ്വരിന്റെയും തിരുനാൾ ദിനമായ ജൂലൈ 12 ന് ചെറുപുഷ്പ മിഷൻലീഗിന്റെ സജീവ പ്രവർത്തകരായ മാതാപിതാക്കളും മക്കളും അടങ്ങുന്ന കുടുംബങ്ങളെ ചെറുപു

ഷ്പ  മിഷൻലീഗ് മാനന്തവാടി രൂപത കുടുംബം ആദരിച്ചുകൊണ്ട് അവരുടെ സംഗമം നടത്തി. സി.എം.എൽ കൽപറ്റ മേഖലയുടെ മുൻ ഡയറക്ടറും ബൈബിൾ പണ്ഡിതനുമായ ബഹുമാനപ്പെട്ട ഫാ. ജോൺ പുളിന്താനം ഉദ്ഘാടനം  ചെയ്യുകയും, കേരള അക്കാദമി ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പാൾ ശ്രീമതി ഗ്രേസി ജേക്കബ് ചിറ്റിലപ്പള്ളി ക്ലാസുകൾ നയിക്കുകയും ചെയ്തു. 175 കുടുംബങ്ങളിൽ നിന്നായി 500ലേറെ ആളുകൾ പങ്കെടുത്ത സംഗമം ഏവർക്കും വേറിട്ടൊരനുഭവമായിരുന്നു. ശാഖ, മേഖല രൂപത തലങ്ങളിൽ തെരേസിയൽ ഫാമിലി മീറ്റിന്റെ വിജയത്തിനായി അദ്ധ്വാനിച്ച എല്ലാവർക്കും നന്ദി.

**മതനിരപേക്ഷതയുടെ മരണക്കളി**

സീറോ മലബാർ സഭയുടെ  ഫരീദാബാദ് രൂപതക്ക് കീഴിൽ ദക്ഷിണ ദില്ലിയിലെ അന്ധേരിമോഡിലുള്ള ലിറ്റിൽ ഫ്ളവർ ദൈവാലയം നീതിരഹിതമായി പൊളിച്ചു നീക്കിയ ഭാരതീയ മതനിരപേക്ഷതയുടെമേലുള്ള  കടന്നുകയറ്റത്തെ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത അപലപിച്ചു. ഭരണഘടന അനുശാസിക്കുന്ന നിയമപരമായ സംരക്ഷണം പോലും ലഭ്യമാകാതെ ദക്ഷിണ ഡൽഹിയിലെ നൂറുകണക്കിന് ക്രൈസ്തവ കുടുംബങ്ങൾ ഒരു ദശകത്തോളമായി ആരാധന നടത്തുന്ന ലിറ്റിൽ ഫ്ളവർ ദൈവാലയമാണ് പോലീസിന്റെ സഹായത്തോടെ തകർക്കപ്പെട്ടത്. വിശുദ്ധ വസ്തുക്കളും, വിശുദ്ധ രൂപങ്ങളും അവഹേളിക്കപ്പെട്ടതും നശിപ്പിക്കപ്പെട്ടതും ഒരു ബാർബേറിയൻ സംസ്ക്കാരത്തിന്റെ ഞെട്ടലുളവാക്കുന്നതായും ക്രൈസ്തവ വിശ്വാസികളുടെ ഹൃദയത്തിലേറ്റ മുറിവായിത്തീർന്നുവെന്നും മിഷൻലീഗ് പറഞ്ഞു. ലോകം മുഴുവൻ, പ്രത്യേകമായി ഭാരതത്തിന് വലിയ സാമൂഹിക ദിശാബോധവും, ആത്മീയ പാരമ്പര്യവും നൽകിയ ഭാരതസഭ വേദനിക്കുന്നതിനാൽ ഇതിനെതിരെ കടുത്ത പ്രതിഷേധം ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത രേഖപ്പെടുത്തികൊണ്ട് 'പ്രതിഷേധത്തിന്റെ കറുപ്പും പ്രാർത്ഥനയുടെ വെളിച്ചവും' എന്ന പേരിൽ കറുത്ത തുണി വീശുകയും തിരികത്തിച്ചു പ്രാർത്ഥിക്കുകയും ചെയ്തു.

**സ്വാഗതം**

മാനന്തവാടി രൂപതയുടെ വിവിധ മേഖലകളിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ  ഡയറക്ടേഴ്സായും, ജോ. ഡയറക്ടേഴ്സായും നിയമിതരായിരിക്കുന്ന ഫാ.അനിൽ മുഞ്ഞനാട്ട്, സി.നിർമ്മൽ എഫ്.സി.സി. (തരിയോട് ), ഫാ. ബിജോയ് ചെമ്പക്കര, സി. ജാൻസി

എഫ്.സി.സി (മണിമൂളി), ഫാ. ടോണി ഏലംകുന്നേൽ, സി. വന്ദന എഫ്.സി.സി. (പയ്യമ്പള്ളി), ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, സി. ജോസ്ന എഫ്.സി.സി. (മുള്ളൻകൊല്ലി), ഫാ. പ്രകാശ് വെട്ടിക്കൽ (ചുങ്കക്കുന്ന്), ഫാ. തോമസ് കച്ചിറയിൽ (കൽപ്പറ്റ), സി. ജെയ്മി സി.എം.സി. (ദ്വാരക), സി. സെബി എം.എസ്.എം.ഐ (ബത്തേരി), സി. ഫൗസ്റ്റ സി.എം.സി (നീലഗിരി), സി. ജോസ്ന എസ്.എ.ബി.എസ്. (മാനന്തവാടി) എന്നിവർക്ക് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിലേക്ക് സ്വാഗതം.

**ഉത്തരീയത്തിന്റെ ചരിത്രം**

പരി. കർമ്മലമാതാവിന്റെ തിരുനാൾ ദിനത്തിൽ കർമ്മല ഉത്തരീയത്തിന്റെ പ്രാധാന്യത്തെയും അതിന്റെ ചരിത്രത്തെയും പറ്റി രുപത എക്സിക്യൂട്ടിവ് അംഗം കുമാരി മെർലിൻ ജോയ് അവതരണം നടത്തി.

**ശാഖ വാർത്തകൾ**

**പൂളപ്പാടം :** പാവപ്പെട്ട കുട്ടികൾക്കു പഠന സൗകര്യാർത്ഥം പഠനോപകരണങ്ങൾ വിതരണം ചെയ്തു. പിതൃദിനത്തോടനുബന്ധിച്ച് അപ്പനൊപ്പം സെൽഫി ചെയ്തു. മാർഗ്ഗരേഖ പ്രകാശനവും പ്രവർത്തനവർഷ ഉദ്ഘാടനവും നടത്തി. ലഹരിവിരുദ്ധ കാർട്ടൂൺ നിർമ്മാണ മത്സരം നടത്തി.

**മഞ്ഞൂറ :** എക്സിക്യൂട്ടീവ് മീറ്റിങ്ങ് കുടുകയും പ്രവർത്തന വർഷം ഉൽഘാടനം ചെയ്യുകയും ചെയ്തു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾ ഭവനങ്ങളിൽ തണൽമരം നട്ടു. വായനാ ദിനത്തോടനുബന്ധിച്ച് ഭവനങ്ങളിൽ ബൈബിൾ വായനാ വാരം നടത്തി. ഇടവകാ മധ്യസ്ഥരായ വി. പത്രോസ് പൗലോസ് ശ്ലീഹൻമാരുടെ തിരുനാളിനോടനുബന്ധിച്ചും തോമാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ചും ഡോക്യുമെന്ററി തയ്യാറാക്കി. രുപത സംഘടിപ്പിച്ച ദുക്റാന ക്വിസ് മൽസരത്തിൽ 50 കുട്ടികൾ പങ്കെടുത്തു.

**അരിഞ്ചേർമല :** ജൂൺ മാസത്തിൽ വീടുകളിൽ തിരുഹൃദയ രൂപം അലങ്കരിക്കുന്ന മത്സരം നടത്തി. പരിസ്ഥിതി ദിനത്തിൽ കുട്ടികൾ തങ്ങളുടെ വീടുകളിൽ വൃക്ഷതൈ നട്ടു. വി. തോമാശ്ലീഹായുടെ തിരുനാളിൽ തോമസ് നാമധാരികൾക്ക് ആശംസകൾ അറിയിച്ചു.

**വഞ്ഞോട് :** സി. എം. എൽ. ന്റെ നേതൃത്വത്തിൽ ശാഖയിലെ

നിർദ്ധന കുടുംബങ്ങൾക്ക് സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു. പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി.

**മുണ്ടേരി :** ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിടുകളിൽ വൃക്ഷ തൈകൾ നടുകയും പരിസ്ഥിതി ദിനത്തെക്കുറിച്ച് സന്ദേശം കൊടുക്കുകയും ചെയ്തു. വായനാ ദിനത്തോടനുബന്ധിച്ച് വായനാ ദിനചിന്തകൾ ഗ്രൂപ്പിൽ പങ്കുവച്ചു. തിരുഹൃദയ മാസത്തിൽ കുടുംബങ്ങളിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തി.

**മംഗളം :** വായന വാരത്തോടനുബന്ധിച്ച് അക്ഷരകൂട്ട് എന്ന പേരിൽ ഏഴു ദിവസം നീണ്ടു നിന്ന വിവിധ പരിപാടികൾ സംഘടിപ്പിച്ചു. തിരുഹൃദയ സുകൃതജപങ്ങൾ വീഡിയോ ആക്കി സാമൂഹ്യ മാധ്യമങ്ങളിൽ പ്രദർശിപ്പിച്ചു. ഡോക്ടേഴ്സ് ദിനത്തിൽ ഞാനൊരു ഡോക്ടറായാൽ എന്ന വിഷയത്തിൽ പ്രസംഗ മത്സരം നടത്തി. ജൂലൈ 3 ന് ഓർമ്മയിലെ മലയാറ്റൂർ എന്നപേരിൽ യാത്രാ വിവരണ മത്സരം സംഘടിപ്പിക്കുകയും ചെയ്തു.

**മരക്കടവ് :** പരിസ്ഥിതി ദിനത്തിൽ എൻവിയോൺമെന്റ് ഡേ ക്രാഫ്റ്റ് കോമ്പറ്റീഷൻ നടത്തി. ഇടവകയിലെ നിർദ്ധന രായ ഒരു വിദ്യാർത്ഥിക്ക് ഓൺ ലൈൻ പഠനത്തിനാവശ്യമായ സ്മാർട്ട്ഫോൺ നൽകി. വായനാ ദിനത്തിൽ വായനയുടെ പ്രാധാ ന്യത്തെക്കുറിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. പിതൃ ദിനത്തിൽ അപ്പൻ കരുതലിന്റെ സ്നേഹം എന്ന വിഷയത്തെ ആസ്പദമാക്കി ചിത്രരചന മത്സരം സംഘടിപ്പിച്ചു. ലഹരി വിരുദ്ധ ദിനത്തിൽ ലഹരിവസ്തുക്കൾ ഇല്ലാത്ത തലമുറയ്ക്കായി എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്ലക്കാർഡ് മത്സരം നടത്തി. പ്രവർത്തനവർഷ ഉദ്ഘാടനവും മിസിയോണാരി എന്ന മാർഗരേഖയുടെ പ്രകാശ നവും നടത്തി. മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്തിലെ പെരിക്കല്ലൂർ കോവിഡ് ചികിത്സ കേന്ദ്രത്തിന്റെ ഉത്ഘാടനത്തോടനുബന്ധിച്ച് മരക്കടവ് ശാഖാംഗങ്ങൾ 30 ബെഡ് ഷീറ്റ് സംഭാവന നല്കി.

**ഒലിവുമല :** ദുക്റാന തിരുനാളിനോടനുബന്ധിച്ച് സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കായി കളറിംങ്ങ്, വചനം പറയൽ, മുദ്രാവാക്യം, പ്രസംഗം എന്നീ മത്സരങ്ങൾ നടത്തി. പരിസ്ഥിതി ദിനത്തിൽ വൃക്ഷ തൈകൾ നട്ടു.

**എടപ്പെട്ടി :** മാർത്തോമാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് മാർതോമാ ശ്ലീഹയുടെ ചിത്രരചനാ മത്സരം നടത്തി.

**പാലേമാട് :** ഹരിതം എന്ന പേരിൽ ഭവനങ്ങളിൽ വൃക്ഷതൈ കൾ നട്ടു. കരുതൽ എന്ന പേരിൽ കൊറോണ കാലത്ത് ഒറ്റപ്പെ

ട്ടുപോയ വൃദ്ധമാതാപിതാക്കളെ സന്ദർശിച്ച് സാന്ത്വനം നൽകി.

**ബത്തേരി :** തിരുവചനം കുഞ്ഞു ഹൃദയങ്ങളിൽ പതിപ്പിക്കുന്നതിനായി അനുദിനവചനം എന്ന പേരിൽ സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കുന്നു. എം. എസ്. എം. ഐ. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ശാഖയിൽ മൂന്നു ദിവസത്തെ ക്രിസ്റ്റീൻ ധ്യാനം നടത്തി. പ്രവർത്തന വർഷ ഉദ്ഘാടനത്തിന്റെ ഭാഗമായി ശാഖയിൽ 75 വൃക്ഷത്തൈകൾ നട്ടു. ലഹരി വിരുദ്ധദിനത്തിൽ സോഷ്യൽ മീഡിയയിലൂടെ സാമൂഹ്യബോധവൽക്കരണം നടത്തി. സ്ത്രീധനത്തിന്റെ പേരിൽ പിച്ചിചീന്തപ്പെടുന്ന സ്ത്രീത്വങ്ങൾ ക്കായിപ്രതിഷേധിച്ചു.

**മാനന്തവാടി ടൗൺ ചർച്ച് :** ലഹരി വിരുദ്ധ ദിനത്തിൽ പോസ്റ്റർ മത്സരം നടത്തി. പ്രസിഡന്റ് വിന്ധ്യ പടിഞ്ഞാറേൽ മദ്യനിരോധന ത്തെ ആസ്പദമാക്കി സന്ദേശം നൽകി. വി. പത്രോസ് പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ ദിനത്തിൽ പ്രവർത്തന വർഷ ഉദ്ഘാട നവും മാർഗ്ഗരേഖ പ്രകാശനവും നടത്തി.

**പാലാങ്കര :** സെമിത്തേരി വൃത്തിയാക്കി പരേതർക്കുവേണ്ടി പ്രാർത്ഥിച്ചു. ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് ശാഖ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. വീടുകളിൽ അംഗങ്ങൾ ബൈബിൾ പ്രതിഷ്ഠ നടത്തി. മുതിർന്ന തോമസ് നാമധാരികളുടെ വീടുകളിൽ പോയി അവരെ ആദരിച്ച് സമ്മാനങ്ങൾ നൽകുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഓൺലൈനായി ദുക്റാന ഫെസ്റ്റ് സംഘടിപ്പിച്ചു.

**ചാരിറ്റി :** തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് എല്ലാ ഭവനങ്ങളിലും തിരുഹൃദയ രൂപം അലങ്കരിച്ച് തിരുഹൃദയ പ്രതിഷ്ഠ നടത്തി.രോഗി സന്ദർശനം നടത്തി

**മണിമൂളി :** പിതൃദിനത്തോട് അനുബന്ധിച്ച് പിതാക്കൾക്ക് ആശംസകൾ അർപ്പിക്കുകയും ഒപ്പം കവിത രചനയും ഫോട്ടോ കോണ്ടെസ്റ്റ് മത്സരം നടത്തുകയും ചെയ്തു.

**നെയ്ക്കുപ്പ:** പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. പഠനോപകരണങ്ങൾ വിതരണം ചെയ്തു. ശാഖയിലെ നിർദ്ദനരായ കുടുംബങ്ങൾക്ക് ഭക്ഷണക്കിറ്റ് വിതരണം ചെയ്തു. ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ വീടുകൾ സന്ദർശിച്ച് ആശംസകൾ നേർന്നു. തെരേസിയൻ ഫാമിലി ദിനത്തോടനുബന്ധിച്ച് പെൻസിൽ ഡ്രോയിംഗ് മത്സരം നടത്തി. ഡൽഹി അന്ധേരി മോഡിലുള്ള കത്തോലിക്ക ദേവാലയം തകർത്തതിനെതിരെ പ്രതിഷേധിച്ചു,

തീവ്രവാദികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിച്ചു.

**കയ്യൂന്നി :** വീഡിയോയിലൂടെ വചനം പങ്കുവെച്ചു. പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വീടുകളിലും പള്ളിയിലും വൃക്ഷ തൈനട്ടു. വീടും പരിസരവും വൃത്തിയാക്കി. ഭവനങ്ങളിൽ പ്രാർത്ഥനമുറി അലങ്കരിച്ച് കുടുംബപ്രതിഷ്ഠ നടത്തി. ശാഖ മാർഗ്ഗരേഖ തയ്യാറാക്കി. ആധുനികയുഗത്തിലെ ഇരുൾവഴികൾ എന്നപേരിൽ കെ. സി. വൈ. എം. ന്റെ നേതൃത്യത്തിൽ നടത്തിയ വെബിനാറിൽ മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുത്തു. വി. പത്രോസ് വി. പൗലോസിന്റെ തിരുനാൾ ദിന സന്ദേശം നൽകി വിശുദ്ധരുടെ നാമത്തിലുള്ള യൂണിറ്റുകൾക്ക് ആശംസകൾ നേർന്നു.

**ശാന്തിഗിരി :** പരിസ്ഥിതിദിനത്തോടനുബന്ധിച്ചു സന്ദേശം നൽകി. വായന ദിനത്തിൽ ശാഖയിൽ മത്സരം നടത്തി. തിരു ബാലസഖ്യത്തിലെ കുട്ടികൾക്കു ബൈബിൾകഥ പറച്ചിൽ മത്സരവും മിഷൻലീഗ് അംഗങ്ങൾക്ക് പ്രസംഗമത്സരവും നടത്തി.

**ആടിക്കൊല്ലി :** പരിസ്ഥിതി ദിനത്തിൽ ഭവനങ്ങളിൽ മരം നട്ടു. വായന ദിനത്തിൽ 15 വയസിനു താഴെ പ്രായമുള്ള കുട്ടികൾക്കായി ബൈബിൾ വായന മത്സരം നടത്തി.

**തോണിച്ചാൽ :** താലോലിക്കാം തളിരിലയെ എന്നപേരിൽ പരിസ്ഥിതിദിനത്തിൽ മുൻ വർഷങ്ങളിൽ നട്ട തൈകളെ പരിപാലി ക്കുന്ന ഫോട്ടോകൾ ശേഖരിച്ച് ക്ലാസടിസ്ഥാനത്തിലും സംഘടന തലത്തിലും കൊളാഷ് നിർമ്മിച്ചു.

**അമ്പലവയൽ :** പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും നടത്തി. ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ഡിജിറ്റൽ പോസ്റ്റർ നിർമ്മാണ മത്സരം നടത്തി. ദുക്റാന തിരുനാളിൽ വിവിധ പ്രോഗ്രാമുകളും കുട്ടികൾക്കായി വെബിനാറും നടത്തി. റവ. ഫാ. ഷാജി പുലവയലിൽ മുഖ്യ പ്രഭാഷണം നടത്തി. പ്രവാസി കൂട്ടായ്മയുടെ സഹായത്തോടെ ഇടവകയിലെ അർഹതപ്പെട്ട കുട്ടികൾക്ക് സദയം എന്ന പേരിൽ പഠന സഹായം നൽകുന്നു. ഇതിന്റെ ഭാഗമായി രണ്ട് കുട്ടികൾക്ക് മൊബൈൺ ഫോൺ വാങ്ങി നൽകി. സ്ത്രീധനം എന്ന സാമൂഹ്യവിപത്തിനെതിരെ പ്രതിഷേധിച്ചുകൊണ്ട് സ്റ്റാറ്റസ് ക്യാമ്പയിൻ നടത്തി.

**തോമാട്ടുചാൽ :** ദിവ്യകാരുണ്യ അത്ഭുതങ്ങൾ അടങ്ങുന്ന വീഡിയോ ഉണ്ടാക്കി ഷെയർ ചെയ്തു. പരിസ്ഥിതി ദിനത്തിൽ വിവിധ മത്സരങ്ങൾ നടത്തി. തിരുഹൃദയ തിരുനാൾദിനത്തിൽ

തിരുഹൃദയത്തിന്റെ ചിത്രം വരക്കുക, തിരുഹൃദയ പ്രാർത്ഥന കുട്ടികൾ ചൊല്ലി പ്രാർത്ഥിച്ചതിന്റെ വീഡിയോ എന്നീ മത്സരങ്ങൾ നടത്തി. വി. അന്തോണീസിന്റെ ജീവചരിത്രം  അവതരിപ്പിച്ച് ഷെയർ ചെയ്തു. വി. അന്തോണീസ് ക്വിസ് നടത്തി. വായനാ ദിനത്തോടനുബന്ധിച്ച് 1 മുതൽ 12 വരെ ക്ലാസിലെ കുട്ടികൾ ചേർന്ന്  പുതിയ നിയമം മുഴുവനും വായിച്ചു. ഇഷ്ടപ്പെട്ട ഒരു പുസ്തകം വായിച്ച് അതിന്റെ ആശയവും  എഴുത്തുകാരനെ പറ്റിയും വീഡിയോ വഴി  കൂട്ടുകാർക്ക് പറഞ്ഞു കൊടുക്കുന്ന മത്സരം നടത്തി.

**വാകേരി:** തിരുഹൃദയ തിരുനാൾ ദിനത്തിൽ  തിരുഹൃദയ ജപ മാല കാണാതെ പഠിച്ചു തിരുഹൃദയ രൂപം വരച്ച് പോസ്റ്റ് ചെയ്തു. പരി. കുർബാനയുടെ തിരുനാൾ ദിനം പ്രസംഗ മത്സരം നടത്തി. വായനദിനത്തിൽ ജ്ഞാനത്തിന്റെ പുസ്തകം മുഴുവൻ വായിച്ച് പോസ്റ്റ് ചെയ്തു, ഒപ്പം ഒരു വിശുദ്ധന്റെ ജീവചരിത്രം വായിച്ച് ഗ്രൂപ്പിൽ വീഡിയോ പോസ്റ്റ് ചെയ്തു. പതിനഞ്ചാം തീയതി മുതൽ സെപ്റ്റംബർ എട്ടാം തീയതി വരെ 21387 നന്മനിറഞ്ഞ മറിയം ചൊല്ലി  പരി. അമ്മയ്ക്കു ജൻമദിന സമ്മാനമായി കാഴ്ച വെക്കാൻ തീരുമാനിച്ചു.

## മേഖല വാർത്തകൾ

### തരിയോട് മേഖല

പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച്  കാണാമറയത്തെ പ്രകൃതി കാഴ്ചകൾ എന്ന വിഷയത്തിൽ ഫോട്ടോഗ്രഫി മത്സരം സംഘടിപ്പിച്ചു. വായന വാരത്തോടനുബന്ധിച്ചു എല്ലാ ശാഖകളെയും ഉൾപ്പെടുത്തി ബൈബിൾ വായനാവാരം നടത്തി. പിതൃദിനത്തോട് അനുബന്ധിച്ചു സ്നേഹപൂർവ്വം അപ്പന് എന്ന പേരിൽ കത്തെഴുത് മത്സരം സംഘടിപ്പിച്ചു. ദുക്റാനാ തിരുനാ ളിനോട് അനുബന്ധിച്ച് ദുക്റാന സന്ദേശവും ദുക്റാന ഗാനാ ലാപനവും നടത്തി.

### മണിമൂളി മേഖല

ഫൈൻഡ് ദ ഫീസ്റ്റ് : ജൂലൈ 1 മുതൽ 31 വരെ വിശുദ്ധരുടെ ഫോട്ടോയിൽ നിന്ന്  വിശുദ്ധരേയും വിശുദ്ധരുടെ തിരുനാളും കണ്ടുപിടിക്കുന്നവരിൽ ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്നവർക്ക് സമ്മാനം. പോസ്റ്റർ ക്യാമ്പയിൻ : ഭ്രൂണഹത്യയെ നിസാരവത്ക്കരിച്ച് പുറത്തിറങ്ങിയ സാറാ എന്ന മലയാള ചിത്രത്തിനെ പ്രതികൂലിച്ച്, ഭ്രൂണഹത്യക്കെതിരായ പോസ്റ്റർ നിർമ്മിച്ച് ഷെയർ ചെയ്യുന്നു.

പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും ബഡ്ജറ്റ് അവതരണവും നടത്തി.

**നടവയൽ മേഖല**

ചെറുപുഷ്പ മിഷൻലീഗ് നടവയൽ മേഖലയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ സെമിനാർ, മേഖല പ്രവർത്തന വർഷ ഉദ്ഘാടനം, മാർഗ്ഗരേഖ പ്രകാശനം എന്നിവ നടത്തി, കൂടാതെ പി.എസ്.സി. പരിശീലന പരിപാടി ആരംഭിച്ചു. കുഞ്ഞുങ്ങൾ മറ്റുള്ളവരെ സഹായിക്കട്ടെ എന്ന ഉദ്ദേശ്യത്തോടെ കാണിക്ക ഉദ്ഘാടനവും, ഫാ. നോബിൾ പാറക്കൽ അച്ചന്റെ നേതൃത്വത്തിൽ 9,10,11,12 ക്ലാസിലെ കുട്ടികൾക്കായി കരിയർ ഗൈഡൻസ് ക്ലാസും സംഘടിപ്പിച്ചു. ദുക്റാന ദിനത്തിൽ പെൻസിൽ ഡ്രോയിംഗ്, പ്രച്ഛന്നവേഷം എന്നീ മൽസരങ്ങൾ നടത്തി. ഫാ. സ്റ്റാൻ സ്വാമിക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. മേഖലയുടെ കീഴിലെ എല്ലാ ശാഖ പ്രസിഡന്റ്, സെക്രട്ടറിമാരുടെ സംഗമം നടത്തി. മേഖലയുടെ നേതൃത്വത്തിൽ ഞങ്ങൾ ഉണ്ട് കൂടെ എന്ന പേരിൽ സ്പിരിചൽ ഷെയറിംഗ് പ്രോഗ്രാം ആരംഭിച്ചു.

**ബത്തേരി മേഖല**

ദീപിക ദിനപത്രത്തെ അടിസ്ഥാനമാക്കി ജ്ഞാനദീപിക പ്രശ്നോത്തരി മൽസരം സംഘടിപ്പിച്ചു. ദുക്റാന തിരുനാളിനോടനുബന്ധിച്ച് 5,6,7 ക്ലാസ്സിലെ കുട്ടികൾക്കായി വി. തോമാശ്ലീഹ ഭാരതത്തിൽ എന്ന വിഷയത്തിൽ പെൻസിൽ ഡ്രോയിംഗ് മത്സരവും 8 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി അടിക്കുറിപ്പ് എഴുത്ത് മൽസരവും നടത്തി. വി. മരിയ ഗൊരേത്തിയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധിയിൽ വളരാം വിശുദ്ധരാകാം എന്ന വിഷയത്തിൽ പെൺകുട്ടികൾക്കായി വെബിനാർ നടത്തി. ക്ലാസ്സിന് ശ്രീമതി ഗ്രേസി ജേക്കബ് ചിറ്റിനപ്പിള്ളി നേതൃത്വം നൽകി. വീഥി 2021 എന്ന പേരിൽ നേതൃത്വ പരിശീലന ക്ലാസ്സ് നടത്തി. ശ്രീ. ബിനീഷ് തുമ്പിയാംകുഴിയിൽ നേതൃത്വം നൽകി. ജൂലൈ 12 വി. ദമ്പതികളുടെ തിരുനാളിനോടനുബന്ധിച്ച് ദമ്പതികൾക്കായി വിശുദ്ധ ദാമ്പത്യം വർത്തമാനകാലത്തിന്റെ ആവശ്യം എന്ന വിഷയത്തിൽ പ്രസംഗ മത്സരം നടത്തി.

**ദ്വാരക മേഖല**

മേഖല ഡയറക്ടറുടെ നേതൃത്വത്തിൽ വായനാദിനത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. പിതൃദിനം പിതാവിന് ഒരു കത്ത് മത്സരം നടത്തി. ലഹരി വിരുദ്ധ ദിനം പോസ്റ്റർ രചന മത്സരം

നടത്തി. മേഖല പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും വിവിധ കലാപരിപാടികളോടെ നടത്തി. പ്രസംഗ പരിശീലനം ഉദ്ഘാടനം ചെയ്തു. വി. മരിയഗൊരേത്തിയുടെ തിരുനാളിനോടനുബന്ധിച്ച് തിരുബാല്യസഖ്യത്തിലെ കുട്ടികൾക്കായി സംഗമം നടത്തി. സി. സിനി മരിയ സി. എം. സി. ക്ലാസ് നയിച്ചു.

**കല്ലോടി മേഖല**

ദുക്റാന തിരുനാൾ വളരെ മനോഹരമായി ആഘോഷിച്ചു. മേഖലയുടെ നേതൃത്വത്തിൽ എല്ലാ ശാഖകളും സന്ദർശിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അഞ്ച് ശാഖകൾ സന്ദർശിച്ചു. അഞ്ച് ശാഖകളിൽ ദൈവവിളി ആരാധനയും അൾത്താരബാലകരുടെ സംഗമവും മേഖലയുടെ നേതൃത്വത്തിൽ നടത്തി. സൗഹൃദ സന്ദർശനത്തിന്റെ ഭാഗമായി മേഖലയിലെ സന്യാസ ഭവനങ്ങൾ സന്ദർശിച്ചു. ഫാദർ സ്റ്റാൻസ്വാമിയുടെ മരണത്തിൽ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. ജീവന്റെ മൂല്യം ഉയർത്തിപ്പിടിക്കുന്നതിന് ശാഖകളിൽ പോസ്റ്റർ രചനാ മത്സരം സംഘടിപ്പിച്ചു. വി. ലൂയി മാർട്ടിന്റെയും സെലിൻഗ്വരിൻന്റെയും തിരുനാൾ ആശംസകൾ നേർന്നു.

**നീലഗിരി മേഖല**

ജൂലൈ 3 നോട് അനുബന്ധിച്ചു 10,11,12 ക്ലാസ്സുകളിലെ വിദ്യാർഥികൾക്കായി ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിച്ചു. 6-9 വരെ പഠിക്കുന്ന കുട്ടികൾക്കായി ഓൺലൈൻ പ്രസംഗ മത്സരം നടത്തി. ശാഖ ഭാരവാഹികൾക്കുമായി ട്രെയിനിങ് ക്യാമ്പ് സംഘടിപ്പിച്ചു. പ്രശസ്ത ഹ്യൂമൻ റിസോഴ്സ് ട്രൈനറും, സംസ്ഥാന എക്സിക്യൂട്ടീവ് അംഗവുമായ ശ്രീ അരുൺ ജോസ് ക്യാമ്പിന് നേതൃത്വം നൽകി. ജൂബിലി വർഷത്തോടനുബന്ധിച്ചു കുടുംബങ്ങൾക്കായി മിഷൻ ആന്തം ആലാപന മത്സരം നടത്തി. ബൈബിളിലെ 73 പുസ്തകങ്ങൾ പരിചയപ്പെടുത്തുന്ന പ്രോഗ്രാമിന് തുടക്കം കുറിച്ചു. മേഖലയിലെ തിരുബാലസഖ്യാംഗങ്ങൾ ആണ് വീഡിയോ രൂപത്തിലുള്ള ഈ പ്രോഗ്രാം അവതരിപ്പിക്കുന്നത്. ജൂലൈ 20 ന് ആരംഭിച്ച് ഒക്ടോബർ 1 ന് അവസാനിക്കും. ഒരു വർഷം കൊണ്ട് വായിച്ചു തീർക്കാവുന്ന രീതിയിൽ സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുന്നു. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്കാണ് പങ്കെടുക്കാൻ അവസരം. ബൈബിൾ പാരായണം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

കർമ്മ വീഥികളിൽ പ്രേഷിത വീര്യത്തിന്റെ അലയടികൾ ഉയർത്തി വീണ്ടും നമുക്ക് ചെമ്മഞ്ഞക്കൊടിക്കീഴിൽ ക്രിസ്തു ശിഷ്യരായ് അണിനിരക്കാം.

**സജീഷ് എടത്തട്ടേൽ**
സി.എം.എൽ രൂപത സെക്രട്ടറി

വായനാവാരം പി. എൻ. പണിക്കർ അനുസ്മരണ ദിനമായ ജൂൺ 19 നോട് അനുബന്ധിച്ച് യുവർ നൈബർ അസോസിയേഷനും ലൈഫ് ട്രെയിനിങ്ങും സംയുക്തമായി വായനാവാരം ആഘോഷിച്ചു. ജൂൺ പതിനഞ്ചാം തീയതി ചൊവ്വാഴ്ച ആസ്വാദനക്കുറിപ്പ് മത്സരം നടത്തി. വിദ്യാർഥികളുടെ ജീവിതത്തിൽ അവർ വായിച്ച പുസ്തകങ്ങളിൽ ഏറ്റവും സ്വാധീനിച്ച ഒരു പുസ്തകത്തെ കുറിച്ചുള്ള ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയായിരുന്നു മത്സരം. ഇതിൽ 30 വിദ്യാർഥികൾ പങ്കെടുത്തു. ഇതിനു നേതൃത്വം നൽകിയത് സെറിൻ രാജേഷ്, എമ്മിൽ ഷാജു, ഏഞ്ജലീന ബിജു, എന്നീ ലൈഫ് വിദ്യാർഥികളാണ്.

ജൂൺ പതിനാറാം തീയതി ബുധനാഴ്ച 'വായനാ ദിനം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഡിജിറ്റൽ പോസ്റ്റർ മത്സരം നടന്നു. 25 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. റിച്ചാർഡ് പോൾ ഒന്നാം സ്ഥാനവും, അമയ റീത്ത ഷിബു രണ്ടാം സ്ഥാനവും ആൻമരിയ അജിൻ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഡിജിറ്റൽ പോസ്റ്റർ മൽസരത്തിന് നേതൃത്വം നൽകിയത് ഡാനിയേൽ മാത്യു, മരിയ ടോം, എന്നീ ലൈഫ് വിദ്യാർഥികളാണ്.

ജൂൺ 17-ാം തീയതി 'വായനയുടെ പ്രാധാന്യം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രസംഗ മത്സരം സംഘടിപ്പിക്കപ്പെട്ടു. 40 വിദ്യാർത്ഥികൾ പങ്കുചേർന്ന മത്സരത്തിൽ ഐറിൻ മേരി സജി, റിച്ചാർഡ് പോൾ എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങളും, ജിയന്ന മുക്കൽ, അലൻ ജോസഫ് ജോയി എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പ്രസംഗ മത്സരത്തിന് നേതൃത്വം നൽകിയത് രാഹുൽ, ആൻമരിയ ഷിബു, എന്നിവരാണ്.

ജൂൺ 18-ാം തീയതി വെള്ളിയാഴ്ച ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ വായനാമത്സരം നടത്തപ്പെട്ടു. ഇംഗ്ലീഷ് ഭാഷയിലെ വായനാ മത്സരത്തിൽ അൽബീന ബിനീഷ് ഒന്നാം സ്ഥാനവും ഹെലേന ജോൺസൺ രണ്ടാം സ്ഥാനവും, സാന്ദ്ര പ്രകാശ്, റിച്ചാർഡ് പോൾ എന്നിവർ മൂന്നാം സ്ഥാനവും സ്വന്തമാക്കി.

മലയാളം ഭാഷയിലെ വായനാ മത്സരത്തിൽ അഞ്ജലീന ബിജു, ആഞ്ജലീന റോസ് എന്നിവർ ഒന്നാം സ്ഥാനവും, ഐറിൻ മേരി സജി, ആൻമരിയ അജിൻ എന്നിവർ രണ്ടാം സ്ഥാനവും അതുല്യ സെബാസ്റ്റ്യൻ, ടെസ്വിൻ ജോഷി എന്നിവർ മൂന്നാം സ്ഥാനവും നേടിയെടുത്തു.

ജൂൺ 19 വായനാ ദിനത്തിൽ വായന വാരത്തിൽ പുതുതായി വായിക്കാൻ ആരംഭിച്ച പുതിയ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന നവീനമായ മത്സരത്തിൽ ഐറിൻ മേരി സജി ഒന്നാം സ്ഥാനവും, ആഞ്ജലീന റോസ് രണ്ടാം സ്ഥാനവും, ആന്മരിയ എസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. അന്നേ ദിനം വായനാദിന ക്വിസ് സംഘടിപ്പിക്കപ്പെട്ടു. ഏഞ്ജലീന ബിജുവിന്റെ നേതൃത്വത്തിൽ നടന്ന ക്വിസ്സിൽ അലൻ ജോസഫ് ജോയ്, അലോണ മരിയ പോൾ, ആൻ മരിയ, ഡാനിയേൽ മാത്യു, ജെറി ടോം, ജോസ്ന, റിച്ചാർഡ് പോൾ, എന്നിവർ നൂറു ശതമാനം മാർക്കോടെ ഒന്നാം സ്ഥാനത്തിന് അർഹമായി. അഞ്ചു ദിനം നീണ്ടുനിന്ന വായന വാരാഘോഷം വിദ്യാർത്ഥികളിൽ പുതിയ ഉണർവിന് കാരണമായി.

**നേച്ചർ ഫോട്ടോഗ്രഫി ത്രൂ ദി ലെൻസ്**

പ്രകൃതിയുടെ സൗന്ദര്യം ജനങ്ങളിലേക്ക് എത്തിക്കുകയും അതുവഴി പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം യുവജനങ്ങളിലും വിദ്യാർഥികളിലും സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടുകൂടി യുവർ നെയ്ബർ അസോസിയേഷന്റെ നേതൃത്വത്തിൽ നേച്ചർ ഫോട്ടോഗ്രഫി ത്രൂ ദി ലെൻസ് എന്ന പരിപാടി സംഘടിപ്പിച്ചു. പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് ആരംഭിച്ച ഈ മത്സരം ജൂൺ 28 നാണ് അവസാനിച്ചത്. 39 മത്സാരാർത്ഥികളാണ് പങ്കുചേർന്നത്. ആദ്യത്തെ 20 എണ്ണം ഇൻസ്റ്റഗ്രാം ലൈക്കുകളുടെ അടിസ്ഥാനത്തിലും അതിൽ നിന്ന് ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾ വിദഗ്ധ ജഡ്ജിങ്ങ് പാനൽ വഴിയും തിരഞ്ഞെടുക്കപ്പെട്ടു. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് 500, 300, 200, എന്നിങ്ങനെ ക്യാഷ് പ്രൈസ് നൽകി. സമ്മാനാർ ഹരായവർക്കും പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി വിതരണം ചെയ്തു. എർത്ത് റിയാലിറ്റി എന്ന ഇൻസ്റ്റഗ്രാം പേജിലൂടെയാണ് പോസ്റ്റുകൾ പ്രസിദ്ധീകരിച്ചത്. ഇവിടെ നിന്ന് ലഭിച്ച ലൈക്കുകളുടെ അടിസ്ഥാനത്തിലാണ് ആദ്യത്തെ ഇരുപത് സ്ഥാനങ്ങൾ നിർണ്ണയിച്ചത്. ഒന്നാം സ്ഥാനം ലിറ്റി തെരേസ മാർട്ടിൻ, രണ്ടാം സ്ഥാനം ജിയോ ഫ്രീ പോൾ, മൂന്നാം സ്ഥാനം അഖില ജേക്കബ്, എന്നിവർ കരസ്ഥമാക്കി. യുവർ

നെയ്ബർ അസോസിയേഷന്റെ സെക്രട്ടറി ഫാ. ലാൽ ജേക്കബ് പൈനുംങ്കലിന്റെ നേതൃത്വത്തിൽ ഡാൽവിൻ ജോൺസ് കൊച്ചുമുൻ മലയിൽ നടവയൽ, നീരജ് ഡേവിസ് ചിറപ്പുറം നടവയൽ എന്നീ യുവജനങ്ങളാണ് നേച്ചർ ഫോട്ടോഗ്രെഫി മത്സരം സംഘടിപ്പിച്ചത്.

## Jesus Professional community

### 'ദൈവവചനശക്തി'

യുവജനങ്ങൾക്ക് വചന ബന്ധിതമായ ജീവിതം നയിക്കുവാൻ പ്രചോദനം നൽകിക്കൊണ്ട് വചന വ്യാഖ്യാന പോസ്റ്ററുകളും, സ്റ്റാറ്റസ് വീഡിയോകളും സമൂഹമധ്യത്തിൽ പ്രചോദനമാകുന്നു. ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കി സാമൂഹ്യമാധ്യമങ്ങളിലൂടെ എല്ലാവരിലേക്കും എത്തിക്കുന്ന ഈ സന്ദേശങ്ങൾ ദൈവത്തിൽ ആശ്രയിക്കുവാൻ കരുത്തുപകരുകയും തകർന്ന ജീവിതങ്ങൾക്ക് ആശ്വാസം പകരുകയും ചെയ്യുന്നു.

## Life Training

### തിരുഹൃദയ തിരുനാൾ

തിരുഹൃദയ തിരുനാൾ ദിനത്തിൽ ലൈഫ് വിദ്യാർഥികളുടെ നേതൃത്വത്തിൽ തിരുഹൃദയ ഭക്തർക്ക് ലഭിക്കുന്ന വാഗ്ദാനങ്ങൾ അടങ്ങിയ വീഡിയോ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി. കൂടാതെ തിരുഹൃദയത്തോട് ഉള്ള ഭക്തി സൂചകമായി യുവജനങ്ങളും കുഞ്ഞുങ്ങളും ധാരാളം പോസ്റ്ററുകളും തയ്യാറാക്കി. ലൈഫ് 2019 ബാച്ചുകളുടെ നേതൃത്വത്തിൽ തിരുഹൃദയ ചിത്രരചന, തിരുഹൃദയ കവിതാരചന എന്നീ മത്സരങ്ങളും സംഘടിപ്പിച്ചു. ചിത്രരചനയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം അനന്യ ഷിബു, സാന്ദ്ര പ്രകാശ്, അലൻ ജോസഫ് ജോയി എന്നിവരും കവിതാരചന യിൽ സാന്ദ്ര പ്രകാശും സമ്മാനം നേടി. വിദ്യാർഥികൾക്ക് അഭിന ന്ദനങ്ങൾ.

## TALENT SHOWCASE

ലൈഫ് ട്രെയിനിങ്ങ് 2019 ബാച്ചിന്റെ നേതൃത്വത്തിൽ 2021 ജൂൺ 13 -ാം തീയതി ഞായറാഴ്ച 11 മണിക്ക് സൂം പ്ലാറ്റ്ഫോം വഴി ടാലെന്റ് ഷോകേസ് സംഘടിപ്പിച്ചു. സ്കിൽ ലീഡേഴ്സ് ആയ ഡാനിയേൽ പോൾ പയ്യമ്പിള്ളി, ടെസ്വിൻ ജോഷി വഞ്ഞോട്, എന്നിവർ നേതൃത്വം എടുത്ത ഈ ഓൺലൈൻ എക്സിബിഷനിൽ 16 വിദ്യാർത്ഥികൾ തങ്ങളുടെ സ്കില്ലുകൾ അവതരിപ്പിച്ചു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളായ ഫാ . ലാൽ ജേക്കബ് പൈനുംങ്കൽ, ഫാ. ജോബി

മുക്കാട്ടുകാവുങ്കൽ, സി. ഡിവിനാ എസ്. ഡി, ടെർമിൻ മരക്കടവ്, സി. ആൻസി തോമസ് സി.എം.സി. എന്നിവർ ടാലെന്റ് എക്സിബിഷൻ വിലയിരുത്തി സംസാരിച്ചു. വളരെ വ്യത്യസ്തതകൾ നിറഞ്ഞ ഈ അവതരണത്തിലൂടെ വിദ്യാർത്ഥികളിൽ കൂടുതൽ ഉന്മേഷവും കൂട്ടായ്മയും ക്രിയാത്മകതയും വളർത്തുവാൻ സാധിച്ചു.

**വിശുദ്ധരുടെ വഴിയേ**

2021 ജൂൺ 29-ാം തീയതി വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനത്തിൽ ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പ്രച്ഛന്നവേഷം, പ്രസംഗം എന്നീ മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. പ്രച്ഛന്നവേഷത്തിൽ ടെസ്വിൻ ജോഷി, ജോയൽ ജോർജ്, ജോസ്ന, ക്രിസ്റ്റി എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. പ്രസംഗ മത്സരത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയത് സാന്ദ്ര പ്രകാശ്, ആന്റോ ബെന്നി, ജോയൽ ജോർജ് എന്നിവരാണ്. ഇവ കൂടാതെ സന്ദേശങ്ങൾ, സ്റ്റാറ്റസ് വീഡിയോസ്, പോസ്റ്ററുകൾ, എന്നിവ തയ്യാറാക്കി വിദ്യാർഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ പ്രചരിപ്പിച്ചു. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് ലൈഫ് ലീഡേഴ്സ് ആയ നേഹ എലിസബത്ത്, ഡയൻ ബിനോ എന്നിവരാണ്.

**ദുക്റാന തിരുനാൾ**

ജൂലൈ മാസം മൂന്നാം തീയതി ദുക്റാന തിരുനാൾ യുവജനങ്ങളും വിദ്യാർത്ഥികളും സമുചിതമായി കൊണ്ടാടി. മാർത്തോമാശ്ലീഹായുടെ ചിത്രം പെൻസിൽ ഡ്രോയിംഗ് നടത്തി വീഡിയോ ആക്കി പ്രസിദ്ധീകരിച്ചു. ക്രിസ്റ്റി അബി ഡേവിഡ്, സാന്ദ്ര പ്രകാശ് എന്നിവർ ഇതിന് നേതൃത്വം നൽകി. പോസ്റ്ററുകൾ സ്റ്റാറ്റസ് വീഡിയോകൾ എന്നിവ പിതാവിന്റെ ഗാനങ്ങൾ ഉപയോഗിച്ച് വിദ്യാർത്ഥികൾ നിർമ്മിച്ചു. തോമസിന്റെ സംശയം എന്ന ബൈബിൾ ഭാഗം വിദ്യാർഥികൾ മനഃപാഠമാക്കുകയും അവതരിപ്പിക്കുകയും ചെയ്തു. അതിനോടൊപ്പം തന്നെ ചെറുകഥ മത്സരം വിദ്യാർഥികൾക്കുവേണ്ടി സംഘടിപ്പിച്ചു. ആന്റോ ബെന്നി, ക്രിസ്റ്റി ഡേവിഡ് എന്നിവർ മികച്ച പ്രകടനം കാഴ്ചവെച്ചു. ഈ ദിനത്തിന്റെ സന്ദേശം മരിയ ടോം, ഹെലേന ജോൺസൺ, എന്നിവർ പങ്കുവച്ചു. ഇപ്രകാരം വ്യത്യസ്തമായ പരിപാടികളിലൂടെ ദുക്റാന തിരുനാൾ മനോഹരമാക്കാൻ നേതൃത്വം എടുത്തത് സ്പിരിചൽ ഡേ ലീഡേഴ്സ് ആയ ഡയാൻ ബിനോ, നേഹ മരിയ എന്നിവരാണ്.

## SOPHIA: Lend me your ears

ജൂലൈ മാസം പതിമൂന്നാം തീയതി റോസാമിസ്റ്റിക്കാ മാതാവിന്റെ തിരുനാൾ ദിനത്തിൽ ലൈഫ് ട്രെയിനിങ്ങ് വിദ്യാർഥികളുടെ നേതൃത്വത്തിൽ പ്രചോദനാത്മകമായ സന്ദേശങ്ങൾ സമൂഹമധ്യത്തിൽ എത്തിക്കുവാൻ വേണ്ടി സോഫിയ എന്ന സന്ദേശ പരമ്പര ആരംഭിച്ചു. ലൈഫ് ട്രെയിനിംഗ് 2020 ബാച്ച് അംഗമായ ആന്മരിയ അജിൻ നിലമ്പൂർ നേതൃത്വം നൽകുന്ന ഈ പരമ്പര വിദ്യാർത്ഥികളിലും യുവജനങ്ങളിലും ഏറെ പ്രതീക്ഷ നൽകുന്നു. ആൻമരിയയ്ക്ക് അഭിനന്ദനങ്ങൾ.

**തിരുനിണം:** ഈശോയുടെ പരിശുദ്ധമായ തിരുരക്തത്തിനു സമർപ്പിക്കപ്പെട്ട ജൂലൈ മാസത്തിൽ തിരുരക്ത ഭക്തിയിൽ വളരുന്നതിനുവേണ്ടി ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾ തിരുനിണം എന്ന പേരിൽ 30 ദിനങ്ങൾ നീണ്ടുനിൽക്കുന്ന സ്റ്റാറ്റസ് വീഡിയോ നിർമാണത്തിൽ ഏർപ്പെട്ടു. ലൈഫ് ട്രെയിനിങ് 2019 ബാച്ചിലെ സാന്ദ്രപ്രകാശ് വിളമ്പുകണ്ടം നേതൃത്വം എടുത്ത് ചെയ്യുന്ന ഈ വീഡിയോസ് സാമൂഹിക മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്നതു വഴി അനേകർക്ക് ആശ്വാസം പകരുന്നു. സാന്ദ്രക്ക് അനുമോദനങ്ങൾ.

**പുതുചൈതന്യത്തോടെ**

ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികളുടെ ഓൺലൈൻ പരിശീലനത്തിന്റെ ഭാഗമായി 2021 മെയ് 27 മുതൽ ഞായർ ഒഴികെ എല്ലാ ദിനവും രാവിലെ 5.30 ന് യൂത്ത് മിനിസ്ട്രി ടീമിന്റെ നേതൃത്വത്തിൽ സൂം പ്ലാറ്റ്ഫോമിൽ ഒന്ന് ചേരുന്നു. വിദ്യാർത്ഥികൾ ഓരോരുത്തരായി ആ ദിനത്തിന്റെ സന്ദേശങ്ങൾ പങ്കുവെക്കുകയും ഒരുമിച്ചു പ്രാർത്ഥിച്ച് ആ ദിനം പ്രാർത്ഥനയോടെ ആരംഭിക്കുകയും ചെയ്യുന്നു. ഇതുവഴി വിദ്യാർത്ഥികളിൽ പ്രാർത്ഥനയുടെയും കഠിനാധ്വാനത്തിന്റെയും സ്നേഹത്തിന്റെയും സംസ്കാരം രൂപീകരിക്കുന്നതിന് സഹായകമാകുന്നു.

**കർമ്മല ദിനം**

പരിശുദ്ധ കർമ്മല മാതാവിന്റെ തിരുനാൾ ദിനമായ ജൂലൈ പതിനാറിന് കോവിഡ് എന്ന മഹാമാരിയിൽ നിന്ന് ലോകം രക്ഷപ്രാ പിക്കണം എന്ന ആഗ്രഹത്തോടെ ലൈഫ് ട്രെയിനിങ് 2019 ബാച്ച് കാർ പ്രത്യേക പ്രാർത്ഥന നടത്തി. അന്നേ ദിനം പോസ്റ്ററുകൾ, സ്റ്റാറ്റസ് വീഡിയോകൾ, എന്നിവ തയ്യാറാക്കി

യുവജനങ്ങളും കുഞ്ഞുങ്ങളും ഫെയ്സ്ബുക്ക്, ഇൻസ്റ്റ ഗ്രാം പേജുകളിൽ പ്രസിദ്ധപ്പെടുത്തി

## Youth Ministry Office

### തിരുഹൃദയ മാസം

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയും ലൈഫ് ട്രെയിനിങ്ങും സംയുക്തമായി തിരുഹൃദയത്തോടുള്ള ഭക്തി വിദ്യാർഥികളിലും യുവജനങ്ങളിലും വളർത്തുന്നതിനു വേണ്ടി തിരുഹൃദയ മാസമായ ജൂൺ മാസം മുഴുവനും 'ഹൃദയകൂടാരം' എന്ന പേരിൽ തിരുഹൃദയ വണക്കമാസത്തിന്റെ പോസ്റ്റർ തയ്യാറാക്കി പ്രചരിപ്പിച്ചു. കൂടാതെ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ 'ഹൃദയ കൂടാരം' എന്ന പേരിൽ തന്നെ സ്റ്റാറ്റസ് വീഡിയോസ് തയ്യാറാക്കി സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു. ലൈഫ് ട്രെയിനിംഗ് 2019 ബാച്ച് സാന്ദ്ര പ്രകാശ് വിളമ്പുകണ്ടം ഇതിന് നേതൃത്വം വഹിച്ചു.

### യുവജന പ്രാർത്ഥനാ ഗ്രൂപ്പ്

യുവജനങ്ങൾക്കും യുവജന ശുശ്രൂഷകൾക്കും വേണ്ടി പ്രാർത്ഥിക്കുവാൻ യുവജനങ്ങൾ തന്നെ യൂത്ത് മിനിസ്ട്രി ടീമിന്റെ നേതൃത്വത്തിൽ ഒന്നു ചേരുന്നു. അനുദിനവും രാവിലെ ഒമ്പതര മണിക്ക് ഓൺലൈനിൽ ഒരുമിച്ച് വരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഡാൽവിൻ, ലിൻഷ, നീരജ്, ആഗ്നസ്, എന്നീ യുവജനങ്ങൾ ഇതിന് നേതൃത്വം വഹിക്കുന്നു.

### ഓൺലൈൻ മധ്യസ്ഥപ്രാർത്ഥന

യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടി എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് 3 മണിക്ക് കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഫേസ്ബുക്ക് പേജിലൂടെ ലൈവായി നടത്തുന്ന പ്രാർത്ഥനയിൽ യുവജനങ്ങളും കുഞ്ഞുങ്ങളും പങ്കുചേരുന്നു. യൂത്ത് മിനിസ്ട്രി ടീമംഗങ്ങൾ ഇതിന് നേതൃത്വം നൽകുന്നു. പ്രശ്നകലുഷിതമായ ഈ ലോക അന്തരീക്ഷത്തിൽ യുവജനങ്ങൾക്ക് വേണ്ടിയുള്ള ഈ കരുണയുടെ പ്രാർത്ഥന ഏറെ കൃപയേകുന്നു.

**സി. ആൻസി തോമസ് സി.എം. സി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

## കെ. സി. വൈ. എം.

**വി. പൗലോസ് നവയുഗ യുവജനങ്ങളുടെ വഴികാട്ടി – വീഡിയോ നിർമ്മാണം**

കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. പൗലോസ് ശ്ലീഹയുടെ തിരുനാളായ ജൂൺ 29 – ന് വി. പൗലോസ് നവയുഗ യുവജനങ്ങളുടെ വഴികാട്ടി എന്ന പേരിൽ വീഡിയോ നിർമ്മാണം സംഘടിപ്പിച്ചു. വി. പൗലോസ് ശ്ലീഹയുടെ ജീവിതത്തിലെ ഒരു സന്ദർഭം യുവതലമുറയ്ക്ക് സന്ദേശം പകരുന്ന രീതിയിൽ ചിത്രീകരിക്കുകയാണ് ചെയ്തത്.

**വിശുദ്ധ തോമസ് മൂർ അനുസ്മരണം – ജൂൺ 22**

കെ. സി. വൈ. എം. പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ അനുസ്മരണ ദിനമായ ജൂൺ 22–ന് രൂപതാ സമിതി വിവിധ മാധ്യമങ്ങളിലൂടെ തോമസ് മൂറിനെക്കുറിച്ചുള്ള സന്ദേശങ്ങൾ പങ്കുവച്ചു. കത്തോലിക്കാ വിശ്വാസത്തിൽ അധിഷ്ഠിധമായ സത്യത്തിനും, നീതിക്കും, പ്രാമുഖ്യം നൽകിയ വിശുദ്ധനെപ്പോലെ നമുക്കും നമ്മുടെ വിശ്വാസത്തെ മുറുകെപിടിച്ചുകൊണ്ട് സത്യത്തിന്റെയും, സ്നേഹത്തിന്റെയും, നീതിയുടെയും വക്താക്കളാവാം എന്ന് കെ.സി. വൈ.എം മാനന്തവാടി രൂപത കോർഡിനേറ്റർ കുമാരി. ജിജിന ജോസ് കറുത്തേടത്ത് പങ്കുവെച്ചു.

**വി. തോമസ് മൂർ അനുസ്മരണം പ്രസംഗമത്സരം**

വി. തോമസ് മൂർ അനുസ്മരണ ദിനത്തോടനുബന്ധിച്ച് കെ. സി. വൈ. എം. സംസ്ഥാനസമിതി നടത്തിയ പ്രസംഗ മത്സരത്തിൽ മാനന്തവാടി രൂപതയിൽ നിന്നും ജോമോൾ കുഴിയാനിമറ്റത്തിൽ (ചുങ്കക്കുന്ന്), ദേവപ്രസാദ് പാലത്തിങ്കൽ (മണിമൂളി) എന്നിവർ പങ്കെടുത്തു.

**അച്ചനെ ആണെനിക്കിഷ്ടം – സ്റ്റാറ്റസ് വീഡിയോ നിർമ്മാണം**

ജൂൺ 20, പിതൃദിനത്തോടനുബന്ധിച്ച് അച്ഛനെ ആണെനിക്കിഷ്ടം എന്ന പേരിൽപോസ്റ്റർ നിർമ്മാണവും, വീഡിയോ നിർമ്മാണവും സംഘടിപ്പിച്ചു. ഏറ്റവും നല്ല സൃഷ്ടികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 10 സൃഷ്ടികൾ സംഘടനയുടെ ഔദ്യോഗിക ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം പേജിൽ പങ്കുവെച്ചു.

## OYO : Open Your Opinion- വെബിനാറുകൾ

കെസിവൈഎം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ജൂൺ 26 ന് നടന്ന സ്ത്രീ സുരക്ഷ : നിയമസാധുതയും പ്രായോഗിക വിശകലനവും എന്ന വെബിനാറിലും, ജൂലൈ 10 –ന് നടന്ന ജീവൻ : മൂല്യം നിർണയിക്കാനാവാത്ത ദൈവസമ്മാനം എന്ന വെബിനാറിലും യുവജനങ്ങൾ പങ്കെടുത്തു.

### യുവജന ദിനം

നാളെയുടെ സ്വപ്നസാക്ഷാത്കാരമാണ് ഓരോ യുവത്വവും. ജൂലൈ 4 ന് യുവജനദിനത്തിൽ വിവിധ മീഡിയകൾ വഴി യുവജന ദിനസന്ദേശം കെ.സി.വൈ.എം. മാനന്തവാടി രൂപത ട്രഷറർ അഭിനന്ദ് കൊച്ചുമലയിൽ പങ്കുവെച്ചു.

### ധമനി

ജൂലൈ 4, യുവജനദിനത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ധമനി എന്ന പേരിൽ രക്തദാന ഡയറക്ടറി രൂപീകരണ മാസ്സ് ക്യാമ്പയിൻ സംഘടിപ്പിച്ചു. ഓരോ തുള്ളി രക്തത്തിനും ജീവന്റെ വിലയുണ്ടെന്ന തിരിച്ചറിവോടെയാണ് ഡയറക്ടറി തയ്യാറാക്കിയത്. രൂപതയുടെ കീഴിലുള്ള പ്രദേശങ്ങളെ 5 പ്രധാന ഏരിയകൾ ആയി തിരിച്ചുകൊണ്ടാണ്, രക്തം ആവശ്യം ഉള്ള ആളുകൾക്ക് അതാത് പ്രദേശങ്ങളിൽ നിന്ന് ലഭ്യമാകുന്ന വിധത്തിൽ രക്തദാനം നൽകുവാൻ തയ്യാറായിട്ടുള്ളവരുടെ വിവരങ്ങൾ ഗൂഗിൾ ഫോം മുഖേന ശേഖരിച്ചു. കാൽ നൂറ്റാണ്ടുകളായി രക്തദാന രംഗത്ത് സജീവസാന്നിധ്യമായ ശ്രീ. കെ. എം. ഷിനോജ് ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. ജീവന്റെ നിലനിൽപ്പിനായുള്ള പോരാട്ടത്തിൽ 100 ഓളം പേർ പങ്കാളികളായി.

### അവ്നിറ 2021

വെല്ലുവിളികൾ നിറഞ്ഞ കാലഘട്ടത്തിൽ പതറാതെ മുന്നേറാൻ

യുവതികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻനിർത്തി അവ്നിറ 2021 എന്ന പേരിൽ വെബിനാർ സംഘടിപ്പിച്ചു. കരുത്താർന്ന പെൺ ജീവിതം; വെല്ലുവിളികളും സാധ്യതകളും എന്ന വിഷയത്തിൽ ചങ്ങനാശ്ശേരി അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ. തോമസ് തറയിൽ ക്ലാസ്സുകൾ നയിച്ചു. ജൂലൈ 17,18 തിയ്യതികളിൽ നടന്ന വെബിനാറിൽ രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 1000 ത്തോളം യുവതികൾ പങ്കെടുത്തു. ഫാ. നോബിൾ തോമസ് പാറക്കൽ, സംസ്ഥാന ഭാരവാഹികളായ റോഷ്ന മറിയം ഈപ്പൻ, റോസ് മേരി തേറുകാട്ടിൽ, മേഖല ഭാരവാഹികളായ നയന മുക്കാതടത്തിൽ, തെരേസ കളരിക്കൽ, ബെറ്റി പുതുപ്പറമ്പിൽ, ഡയോണ എഴുമായിൽ എന്നിവർ സംസാരിച്ചു. രൂപത സമിതി നേതൃത്വം നൽകി.

**നാമഹേതുക തിരുന്നാൾ മംഗളങ്ങൾ**

വി. അഗസ്റ്റിനോസിന്റെ നാമം സ്വീകരിച്ച് ആഗസ്റ്റ് 28-ാം തിയ്യതി നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന കെ. സി. വൈ. എം. മാനന്തവാടി രൂപത ഡയറക്ടർ ബഹു. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിലച്ചന് രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാ ശംസകളും സർവ്വവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

**അഭിനന്ദനങ്ങൾ**

കെ.സി.വൈ.എം. സംസ്ഥാന സമിതി സംഘടിപ്പിച്ച പോസ്റ്റർ നിർമ്മാണത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ശ്രീ. അഭിജിത്ത് കാഞ്ഞിരപ്പാറയിലിനും, പെൻസിൽ ഡ്രോയിങ്ങിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ശ്രീ. ജോസിൽ മാങ്കൂട്ടത്തിലിനും അഭിനന്ദനങ്ങൾ.

**സ്വാഗതം**

കെ. സി. വൈ. എം. പ്രസ്ഥാനത്തെ നയിക്കാൻ നിയുക്ത രായിരിക്കുന്ന കൽപ്പറ്റ മേഖല ഡയറക്ടർ റവ. ഫാ. റെജി മുതുകത്തനാനി, നിലമ്പൂർ മേഖല ഡയറക്ടർ റവ. ഫാ. അനീഷ് കാട്ടാത്ത്, തരിയോട് മേഖല ഡയറക്ടർ റവ. ഫാ. സിനീഷ് പുത്തൻപുരയിൽ, നടവയൽ മേഖല ആനിമേറ്റർ റവ. സി. എൽസി SJL എന്നിവർക്ക് ഹൃദ്യമായ സ്വാഗതവും, അഭിനന്ദനങ്ങളും, തീക്ഷണതയോടെ പ്രവർത്തിക്കാൻ ആവശ്യമായിരിക്കുന്ന എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**ആശംസകൾ**

മാനന്തവാടി രൂപത AKCC യുടെ പുതിയ ഡയറക്ടറായി സ്ഥാന മേറ്റ റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കലിന് ആശംസകൾ.

**ആദരാഞ്ജലികൾ**

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഫാ. ജെയിംസ് കുമ്പുക്കലിനും, ഫാ. ജെയിംസ് പീടികപ്പാറയ്ക്കും, ഫാ. തോമസ് പെരുമാട്ടിക്കുന്നേലിനും ആദരാഞ്ജലികൾ.

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി മേഖല**

വർദ്ധിച്ചുവരുന്ന പെട്രോൾ വില വർദ്ധനവിനെതിരെ സ്റ്റാറ്റസ് മാർച്ച്, കാർട്ടൂൺ, പ്ലക്കാർഡ്, തുടങ്ങിയ വിവിധ പരിപാടികളിലൂടെ കരിദിനം ആചരിച്ചു. "My Library @home" എന്ന പേരിൽ ഷോട്ട് വീഡിയോ മത്സരം നടത്തി. 'വി. യൗസേപ്പ് പിതാവ് - പിതാവും ഗുരുവും' എന്ന പുസ്തകത്തെയും മലയാള സാഹിത്യത്തെയും ആസ്പദമാക്കി ഓൺലൈൻ വായനദിന ക്വിസ് മത്സരം നടത്തി. മേഖല അർദ്ധവാർഷിക സെനറ്റ് ഗൂഗിൾ മീറ്റിംഗ് വഴിനടത്തി. മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്ന് 61 യുവജനങ്ങൾ പങ്കെടുക്കുകയും മേഖലയുടെയും യൂണിറ്റുകളുടെയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ച് മരകാവ് യൂണിറ്റ്, മേഖലയ്ക്ക് വേണ്ടി കനൽ' എന്ന പേരിൽ ഷോർട്ട് ഫിലിം നിർമ്മിച്ചു. ദുക്റാന തിരുനാളിനോടനുബന്ധിച്ച് ദിദിമോസ് എന്ന പേരിൽ ഓൺലൈൻ മോണോആക്ട് മത്സരം നിർത്തി. മുള്ളൻകൊല്ലി മേഖലയിലെ എല്ലാ യുവതികളെയും ഉൾക്കൊള്ളിച്ച് Women Cell' എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചു.

**യൂണിറ്റ് വാർത്തകൾ**

**നരിവാലമുണ്ട യൂണിറ്റ്**

യൂണിറ്റ് ഡയറക്ടറായി ചാർജ് ഏറ്റെടുത്ത റവ. ഫാ. ബിജു ഉറുമ്പിലിന് സ്വീകരണം നൽകി. ഓരോതുള്ളി രക്ത ത്തിനും വിലയുണ്ടെന്ന തിരിച്ചറിവോടെ പ്രസിഡന്റ് ശ്രീ. ജോഷി

പാലക്കാട്ടിന്റെ നേതൃത്വത്തിൽ രക്തദാനം നടത്തി. യുവജന ദിനത്തോടനുബന്ധിച്ച് യൂണിറ്റിന് അകത്തും പുറത്തുമുള്ള യുവജനങ്ങളും യൂണിറ്റ് ഡയറക്ടറും Online Platform ൽ ഒന്നിച്ചുകൂടി പരസ്പരം പരിചയപ്പെടുകയും ആശയവിനിമയം നടത്തുകയും ചെയ്തു.

**തോണിച്ചാൽ യൂണിറ്റ്**

തോണിച്ചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ദ്വാരക സ്വദേശി തകരപള്ളി ഷിജോയുടെ കൃഷിയിടത്തിൽ നിന്നും സൗജന്യമായി ലഭിച്ച 900 കിലോയോളം കപ്പയും, യുവജനങ്ങളുടെ നേതൃത്വത്തിൽ ശേഖരിച്ച 450 കിലോയോളം കപ്പയും അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്തു. കൂടാതെ ഭക്ഷണവും മരുന്നുകളും ആവശ്യമുള്ളവർക്ക് എത്തിച്ചു നൽ കുകയും ചെയ്യുന്നു. യൂണിറ്റിന്റെ പുതിയ അനിമേറ്റർ സി. സിനി എസ്. കെ. ഡി. യെ. സ്വാഗതം ചെയ്തു.

ജൂൺ 20 ന് പിതൃദിനത്തോടനുബന്ധിച്ച് 'അപ്പൻ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി യുവജനങ്ങൾക്ക്വേണ്ടി ഹൈക്കുരചനാ മത്സരവും മൈ ഡാഡി മൈ സൂപ്പർ ഹീറോ എന്ന വിഷയത്തിൽ ഇടവകാംഗങ്ങൾക്കായി ഫോട്ടോഗ്രാഫി മത്സരവും സംഘടിപ്പിച്ചു.

**മരക്കടവ് യൂണിറ്റ്**

ശിശുമല ഇടവകയിൽ കോവിഡ് മൂലം മരണമടഞ്ഞ വ്യക്തിയുടെ മൃതസംസ്കാരത്തിന് സമരിറ്റൻ അംഗങ്ങൾ സഹായിച്ചു. പെരിക്കല്ലൂർ ട്രൈബൽ ഹോസ്റ്റൽ കോവിഡ് സെന്റർ ആക്കി മാറ്റുവാനുള്ള പരിശ്രമത്തിൽ ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങളിൽ മരക്കടവ് യൂണിറ്റിൽ നിന്ന് 21 യുവജനങ്ങൾ 2 ദിവസം സഹായിച്ചു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പോസ്റ്റ് ഓഫീസ് പരിസരം യുവജനങ്ങൾ വൃത്തിയാക്കി. യൂണിറ്റ് പരിധിയിൽപ്പെട്ട നിർധനനായ വിദ്യാർത്ഥിക്ക് ഓൺലൈൻ ക്ലാസ്സിനുവേണ്ടി ഫോൺ വാങ്ങിച്ചു നൽകി. വായനാദിനത്തോടനുബന്ധിച്ച് ലെഗോ 2k21 വായന കുറിപ്പ് മത്സരം സംഘടിപ്പിച്ചു.

ഇന്ധനവില വർദ്ധനവിനെതിരെ കേന്ദ്രസർക്കാർ സ്ഥാപനമായ പോസ്റ്റ് ഓഫീസിനു മുൻപിൽ പ്രതിഷേധ പ്രകടനം നടത്തി. സെന്റ്.

കാതറിൻസ് ഓൾഡേജ് ഹോംമിലേക്കുള്ള മെഡിക്കൽ കിറ്റ് കെ.സി. വൈ.എം. മ്മിന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു. മരക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ പെരിക്കല്ലൂർ കോവിഡ് സെന്ററിലേക്ക് മരുന്നുകൾ സൂക്ഷിക്കാൻ കപ്പ്ബോർഡ് നൽകി. ലഹരിവിരുദ്ധദിനം ആചരിക്കുകയും ലഹരിവസ്തുക്കളുടെ പാർശ്വഫലങ്ങളെക്കുറിച്ച് പോസ്റ്ററുകൾ നിർമ്മിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്തു.

**പനമരം യൂണിറ്റ്**

യുവജന ദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം. പനമരം യൂണിറ്റിന്റെ നേതൃത്വത്തിൽ ഓൺലൈൻ യുവജന ദിനാഘോഷം സംഘടിപ്പിച്ചു. മുൻരൂപത മതബോധന ഡയറക്ടർ ഫാ. റോയി വട്ടക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. 30 ഓളം യുവജനങ്ങൾ മീറ്റിങ്ങിൽ പങ്കെടുത്തു.

**വലിയകൊല്ലി യൂണിറ്റ്**

ലോകപരിസ്ഥിതി ദിനത്തിൽ കെസിവൈഎം അംഗങ്ങൾ മരതൈകൾ നട്ടു. മേഖലയുടെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ സെമിനാറിൽ 10 യുവതികൾ പങ്കെടുത്തു. മാനന്തവാടി മേഖല അർദ്ധവാർഷിക സെനറ്റിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

**മക്കിയാട് യൂണിറ്റ്**

മക്കിയാട് യൂണിറ്റിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകയിൽ ദാരിദ്ര്യം അനുഭവിക്കുന്ന 25 കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റും രോഗികളായ 9 പേർക്ക് ചികിത്സാ സഹായവും നൽകി. യൂണിറ്റിലെ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ കോവിഡ് രോഗികളെ സഹായിക്കാൻ 44,000 രൂപ സ്വരൂപിച്ചു.

**തവിഞ്ഞാൽ യൂണിറ്റ്**

രണ്ടാംഘട്ട കോവിഡ് വാക്സിനേഷൻ രജിസ്ട്രേഷന് യൂണിറ്റിൽനിന്നും യുവാക്കൾ സഹായിച്ചു. യൂണിറ്റിന്റെ പുതിയ അനിമേറ്ററായി ചാർജെടുത്ത സി. ലിസ എസ്. എ. ബി. എസ്. സ്വാഗതം ആശംസിച്ചു. ഗുരുതരമായ രോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന അലീന സിബി എന്ന കുട്ടിയുടെ ചികിത്സയ്ക്കായി 50

രൂപ ചലഞ്ചിലൂടെ 3500 രൂപയോളം സമാഹരിച്ച് നൽകി. മേഖല നടത്തിയ 'അമ്മ'യെന്ന പെൻസിൽ ഡ്രോയിങ് മത്സരത്തിൽ യൂണിറ്റിൽനിന്നും യുവജനങ്ങൾ പങ്കെടുത്തു. യൂണിറ്റ് അംഗമായ അലൻ കെ. ജോൺ രണ്ടാം സ്ഥാനം കരസ്ഥമാക്കി

**അമ്പായത്തോട് യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ യൂണിറ്റ് തലത്തിൽ ആത്മജ്വാല ജാഗരണ പ്രാർത്ഥന സംഘടിപ്പിച്ചു. പന്തക്കുസ്ത ദിനത്തോടനുബന്ധിച്ച് വീഡിയോകൾ നിർമ്മിച്ച് സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തു. കോവിഡ് ബാധിച്ച് മരണമടഞ്ഞ സഹോദരന്റെ മരണാനന്തര കർമ്മങ്ങൾക്ക് മാനന്തവാടി സമരിറ്റൻ ടീമിനൊപ്പം യുവജനങ്ങളും പങ്കുചേർന്നു. ചുങ്കക്കുന്ന് മേഖലയുടെയും അമ്പായത്തോട് യൂണിറ്റിലെയും സംയുക്താഭിമുഖ്യത്തിൽ അമ്പായത്തോട്, പാൽച്ചുരം എന്നീ പ്രദേശങ്ങളിലെ ആദിവാസി കോളനികളും, കോവിഡാനന്തര വീടുകളും അണുവിമുക്തമാക്കി.

**ചുങ്കക്കുന്ന് യൂണിറ്റ്**

മാതൃദിനത്തോടനുബന്ധിച്ച് അമ്മ എന്ന വിഷയത്തെ ആസ്പദമാക്കി നിർവ്വചനം മത്സരം നടത്തുകയും വിജയികളെ അനുമോദിക്കുകയും ചെയ്തു. ഇടവക മദ്ധ്യസ്ഥയായ ഫാത്തിമ മാതാവിന്റെ തിരുനാൾ ദിനത്തിൽ ഓൺലൈൻ വഴി ജപമാല കൂട്ടായ്മ സംഘടിപ്പിച്ചു.

**കൊട്ടിയൂർ യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര നേഴ്സസ് ദിനത്തോടനുബന്ധിച്ച് കൊളാഷ് നിർമ്മിക്കുകയും May All, The care And Kindness, you give to others come back, to warm your heart happy nurses day എന്ന സന്ദേശം സമൂഹമാധ്യമങ്ങളിലൂടെ പങ്കുവയ്ക്കുകയും ചെയ്തു

**വെള്ളൂന്നി യൂണിറ്റ്**

കൊറോണയിൽ നിന്ന് ലോകം മുഴുവൻ മോചിതമാകുവാൻ ഉപവാസദിനം ആചരിച്ചു. മേഖലയുടെ നേതൃത്വത്തിൽ നടത്തിയ ആത്മജ്വാല പന്തക്കുസ്ത ഒരുക്കപ്രാർത്ഥനയിൽ യൂണിറ്റിൽനിന്നും യുവജനങ്ങൾ പങ്കെടുത്തു.

**പാൽച്ചുരം യൂണിറ്റ്**

പന്തക്കുസ്ത തിരുനാളിനോടനുബന്ധിച്ച് ഓൺലൈൻ പ്രാർത്ഥനകൂട്ടായ്മ യൂണിറ്റ് തലത്തിൽ സംഘടിപ്പിച്ചു. ഒന്നുകാണാൻ ഒത്തുചേരാൻ എന്ന രൂപതല യൂണിറ്റ് വിസിറ്റിൽ ഭാരവാഹികൾ പങ്കുചേർന്നു.

**ഒറ്റപ്ലാവ് യൂണിറ്റ്**

കൊവിഡ് കാലത്ത് ഭക്ഷ്യക്ഷാമം നേരിടുന്ന പല അനാഥാലയങ്ങളെയും സഹായിക്കാൻ 10 രൂപ ചലഞ്ച് വെക്കുകയും 10000 രൂപയോളം ശേഖരിച്ച് അവശ്യ ഭക്ഷ്യസാധനങ്ങൾ അർഹതപ്പെട്ടവർക്ക് എത്തിച്ചു നൽകി. പള്ളിയും പരിസരവും 25 ഓളം യുവജനങ്ങളുടെ നേതൃത്വത്തിൽ വൃത്തിയാക്കി.

**അടക്കാത്തോട് യൂണിറ്റ്**

കൊവിഡ് ലോക്ഡൗൺ കാലയളവിൽ വീടുകളിൽ അകപ്പെട്ടവർക്ക് ഭക്ഷണവും മരുന്നും എത്തിച്ചു നൽകി. മാതൃദിനത്തോടനുബന്ധിച്ച് എല്ലാ അമ്മമാർക്കും മാതൃദിന ആശംസകളും പ്രാർത്ഥനകളും അർപ്പിച്ചു. മേഖലയുടെ നേതൃത്വത്തിൽ നടത്തിയ പന്തക്കുസ്ത പ്രാർത്ഥനാ കൂട്ടായ്മയിൽ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന ശേഖരിച്ച് യൂണിറ്റ് വാട്സ്ആപ്പ് ഗ്രൂപ്പിൽ അയച്ചുകൊടുത്തു.

**ശാന്തിഗിരി യൂണിറ്റ്**

പകർച്ചവ്യാധികളിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി ഉപവാസ പ്രാർത്ഥനാദിനം ആചരിച്ചു. യൂണിറ്റിൽനിന്നും പല സ്ഥലങ്ങളിൽ ആയിരിക്കുന്ന യുവതികളെ ഒന്നിച്ചു കൂട്ടുന്നതിനായി വനിതാ ശാക്തീകരണം സംഘടിപ്പിച്ചു.

**പാലേമാട് യൂണിറ്റ്**

പാലേമാട് യൂണിറ്റിൽ കോവിഡ് ബാധിച്ച 15 പാവപ്പെട്ട രോഗികൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. രൂപതയുടെ നേതൃത്വത്തിൽ നടത്തിവന്ന ഓൺലൈൻ യൂണിറ്റ് വിസിറ്റിൽ യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

**വാളാട് യൂണിറ്റ്**

ലോക്ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിൽ അവശ്യ

സാധനങ്ങൾ വീടുകളിൽ എത്തിച്ചു നൽകുന്നതിനായി ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചു. ഇടവകയിലെ വിവിധ വീടുകളിലെ അറ്റകുറ്റപ്പണികൾക്ക് യുവജനങ്ങൾ നേതൃത്വം കൊടുത്തു.

**കുറ്റിമൂല യൂണിറ്റ്**

മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പെൻസിൽ ഡ്രോയിങ് മത്സരം, ഭക്ഷ്യക്കിറ്റ് വിതരണം, ചെയിൻ റോസറി, വനിതകൾക്കുവേണ്ടി നടത്തിയ വെബിനാർ എന്നിവയിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

**വലിയകൊല്ലി യൂണിറ്റ്**

മാനന്തവാടി മേഖല സംഘടിപ്പിച്ച ഓൺലൈൻ പെൻസിൽ ഡ്രോയിങ് മത്സരത്തിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

**കല്ലോടി യൂണിറ്റ്**

ഗണിതശാസ്ത്രത്തിൽ ഉന്നതവിജയങ്ങൾ കരസ്ഥമാക്കി കല്ലോടി ഇടവകയുടെ അഭിമാനമായി മാറിയ അമൻ ജോസ് പള്ളത്തിന് കല്ലോടി യൂണിറ്റ് അഭിനന്ദനങ്ങൾ അറിയിച്ചു. പന്തക്കുസ്ത തിരുന്നാളിന് ഒരുക്കമായി യുവജനങ്ങൾ 9 ദിവസം നൊവേന ചൊല്ലിയും, പരിശുദ്ധാന്മാവിന്റെ വചനങ്ങൾ ഉരുവിട്ടും പ്രാർത്ഥിച്ചു. മെയ് 21 ന് സിസ്റ്റർ ലിനി അനുസ്മരണ ദിനത്തിൽ പോസ്റ്റർ തയ്യാറാക്കി അവരുടെ മരിക്കാത്ത ഓർമ്മകൾക്ക് മുന്നിൽ പ്രണാമം അർപ്പിച്ചു.

**ജിയോ ജെയിംസ് മച്ചുക്കുഴിയിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ജൂൺ - 23, 24, 25 തിയതികളിൽ നടത്തിയ ഓൺലൈൻ കോഴ്സിൽ 84 പേർ പങ്കെടുത്തു.

**അടുത്ത കോഴ്സ്**

ആഗസ്റ്റ് - 27, 28, 29

**മരിയൻ സിംഗിൾസ്**

ജീവിതാന്തസ് തെരഞ്ഞെടുക്കാൻ സാധിക്കാത്ത യുവജനങ്ങൾക്കായി 2000 കരുണ കൊന്തയും 2000 ജപമാലയും ചൊല്ലി പ്രാർത്ഥിച്ചു.

**മാതൃവേദി**

**സുസ്വാഗതം**

മാതൃവേദി വിവിധ മേഖലകളുടെ ഫൊറോന ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ഫാ. പോൾ വാഴപ്പിള്ളി, ഫാ. അലക്സ് കളപ്പുര, ഫാ. ബിജു തൊണ്ടിപറമ്പിൽ, ഫാ. ജോയി പുല്ലൻക്കുന്നേൽ എന്നിവർക്ക് മാതൃവേദി കുടുംബത്തിന്റെ സുസ്വാഗതവും ആശംസകളും. കഴിഞ്ഞ വർഷങ്ങളിൽ നടവയൽ മേഖലയെ പ്രശംസനീയമാംവിധം നയിച്ച മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചന് ഹൃദയപൂർവ്വം നന്ദിയും പ്രാർത്ഥനകളും. വിവിധ മേഖലകളിലും ശാഖകളിലും പുതുതായി ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുന്ന ജോ. ഡയറക്ടേഴ്സായ ബഹു. എല്ലാ സിസ്റ്റർമാർക്കും സ്നേഹ പൂർവ്വം സ്വാഗതമോതുന്നു.

ജൂൺ മാസത്തിൽ തിരുഹൃദയവണക്കമാസവും അനുബന്ധ പ്രാർത്ഥനകളും ചിന്തകളും വിജയകരമായി ഓൺലൈൻ വഴി പൂർത്തിയാക്കി. ഡോക്ടേഴ്സ് ദിനമായ ജൂലൈ 1-ന് ഡോക്ടേഴ്സിനെ ആദരിച്ചു. സെന്റ് തോമസ് ഡേയ്ക്ക് ഓൺ ലൈൻ ആയി ക്വിസ്, വചന വായന, ദൃശ്യാവിഷ്കാരങ്ങൾ എന്നിവ സംഘടിപ്പിച്ചു. പാചകവാതക വില വർദ്ധനയിൽ മാതൃവേദിയുടെ

പ്രതിഷേധം സർക്കാരിനെ അറിയിച്ചു. കുടുംബം തിരുകുടുംബമാകാൻ നൂറുദിന പരിപാടി വിജയകരമായി നടന്നുകൊണ്ടിരിക്കുന്നു. ജെസ്റ്റീസ് ജെ.ബി കോശി കമ്മീഷന്റെ മുമ്പാകെ സമർപ്പിക്കാനുള്ള നിവേദനം (പൊതുവായ നിവേദനവും വിഷയബന്ധിതമായ നിവേദനവും) മാതൃവേദി രൂപത ടീമിന്റെ നേതൃത്വത്തിൽ രൂപതയിലെ എല്ലാ സ്പെഷ്യൽ സ്കൂളുകളും സന്ദർശിച്ച് തയ്യാറാക്കുകയും സമയബന്ധിതമായി രൂപതയ്ക്കും കമ്മീഷനും അയയ്ക്കുകയും ചെയ്തു. മനുഷ്യാവകാശപ്രവർത്തകൻ ഫാ. സ്റ്റാൻസ്വാമിയുടെ വിയോഗത്തിൽ മാതൃവേദി കുടുംബം ആദരാഞ്ജലികൾ അറിയിച്ചു. ഡൽഹിയിലെ അൻദേരി മോഡിലുള്ള കത്തോലിക്ക ദേവാലയം പൊളിച്ചുമാറ്റിയ നടപടിയിൽ പ്രതിഷേധിച്ച് അധികാരികൾക്ക് ഇ മെയിൽ അയച്ചു. മാതൃവേദിയും ദീപികയും ചേർന്നൊരുക്കിയ സിക്ക വൈറസ് വെബിനാറിൽ ധാരാളം അമ്മമാർ പങ്കെടുത്തു.

**സ്ക്രിപ്റ്റ് 20-21**

മാതൃവേദി അംഗങ്ങൾക്കായുള്ള സാഹിത്യ രചനാ മത്സരങ്ങൾ (ലേഖനം, കഥ, കവിത, ചിത്രരചന) എന്നിവയെ സംബന്ധിക്കുന്ന പൊതുനിർദേശങ്ങളും നിബന്ധനകളും മേഖലകളിലേക്ക് അറിയിച്ചിട്ടുണ്ട്. ചുങ്കക്കുന്ന് മേഖല - ഗൂഗിൾ മീറ്റിലൂടെ ഡയറക്ടർ അച്ചന്റെ അധ്യക്ഷതയിൽ ഭാരവാഹികൾ മീറ്റിംഗ് കൂടി. പരിസ്ഥിതി ദിനം ആചരിച്ചു. ശാഖാതലങ്ങളിൽ വൃക്ഷതൈകൾ നട്ടും റോഡും വീടും പരിസരങ്ങളും ശുചീകരിച്ചു. ലോക പിതൃദിനത്തിൽ കുടും ബാംഗങ്ങൾ ഒന്നിച്ച് പ്രാർത്ഥിച്ചും ഭക്ഷിച്ചും നർമ്മസല്ലാപത്തിൽ ഏർപ്പെട്ടും പിതാവിനെക്കുറിച്ച് നല്ല വാക്കുകൾ ആശംസിച്ചും പൊന്നാടയും മറ്റ് സമ്മാനങ്ങളും നൽകി കേക്ക് മുറിച്ചും മധുരം നൽകിയും പിതൃദിനം സന്തോഷകരമായി ആചരിച്ചു. കുമാരി ജാനി യഷൈജൻ പിതൃദിന സന്ദേശം എല്ലാ ശാഖകളിലും എത്തിച്ചു.യോഗയും ജീവിത ശൈലീരോഗങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി മേഖലയിലെ അമ്മമാർക്ക് ബോധവൽക്കരണ ക്ലാസ്സ് ഡോക്ടർ ബ്ലെസ്സി കെ. ജെയിംസ് ഓൺലൈനായി കൊടുത്തു. ഒരു നിർദ്ദന കുടുംബത്തിന് വിവാഹ സംഭാവനയായി 3500 രൂപ നൽകി. ചികിത്സ സഹായമായി ഒരു കുടുംബത്തിന് 1500 രൂപ കൊടുത്തു.

**മാനന്തവാടി മേഖല -** കോവിഡ് മഹാമാരിയിൽ നിന്നുള്ള മോചനത്തിനായി ബഹു. മേഖലാ ഡയറക്ടർ അച്ചന്റെ

നേതൃത്വത്തിൽ നൽകിയ 33 ദിവസത്തെ പ്രാർത്ഥനാ യജ്ഞത്തിൽ എല്ലാ ശാഖയിൽ നിന്നും പങ്കെടുത്തു. പ്രഭാതമന്നയെന്ന ആത്മീയ കൂട്ടായിമയിലും അമ്മമാർ പങ്കെടുത്തു. ബഹു. സണ്ണി കൊല്ലാർതോട്ടം അച്ചനും ആനിമേറ്ററായിരുന്ന സി. റീത്ത മരിയയ്ക്കും യാത്രയയപ്പു നൽകി. രൂപതയിലെ എല്ലാ മേഖലകൾക്കുവേണ്ടിയും തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ ശാഖകളിലും വൃക്ഷത്തൈകൾ നട്ടു. തിരുഹൃദയ തിരുനാൾ ദിനം തിരുഹൃദയ പ്രതിഷ്ഠ നടത്തി മേഖലയിലെ 14 ഇടവകയിലെ അമ്മമാർ ഗാനങ്ങൾ ആലപിച്ച വീഡിയോ തയ്യാറാക്കി.

**ബത്തേരി മേഖല –** തിരുഹൃദയ വണക്കമാസവും അനുബന്ധ പ്രാർത്ഥനകളും ചിന്തകളും ഓൺ ലൈൻ ആയി പങ്കുവെച്ചു. വരും തലമുറയ്ക്ക് വാസയോഗ്യമായി നമ്മുടെ പ്രകൃതിയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ അമ്മമാർ ഓരോ വൃക്ഷതൈ നട്ട് പരിസ്ഥിതി ദിനാചരണം നടത്തി. പരിശുദ്ധ അമ്മയുടെ വണക്കമാസാചരണത്തിന്റെ ഭാഗമായി നടത്തിയ മാതാവിന്റെ രൂപം അലങ്കരിക്കൽ മത്സരത്തിൽ ലീലാമ്മ എരുമത്താനത്ത് അമ്പലവയൽ, ലിസി ബെന്നി വടക്കനാട്, ജിഷ സുനിൽ ചുള്ളിയോട്, എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾക്ക് അർഹരായി. മേഖലയിലെ എല്ലാ പിതാക്കന്മാർക്കും പിതൃദിനാശംസകൾ നേർന്നു. അസംപ്ഷൻ ഇടവകയിലെ കുടുംബങ്ങളിൽ മക്കൾ പിതാക്കന്മാരെ പൂക്കൾ നൽകി ആദരിച്ചു. ദിവ്യകാരുണ്യതിരുനാൾ, വിശുദ്ധ മറിയംത്രേസ്യയുടെ തിരുനാൾ, തിരുഹൃദയ തിരുനാൾ, പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിരുനാൾ എന്നീ ദിനങ്ങളിൽ അർഹിക്കുന്ന പ്രാധാന്യത്തോടെ തിരുനാൾ ആശംസകളും പ്രാർത്ഥനകളും അംഗങ്ങളെ അറിയിച്ചു. ശ്രീ. ബോണി ചെല്ലാനത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് വേണ്ടിയുള്ള 'തളിര്'എന്ന പേരിൽ നടത്തുന്ന ഓൺലൈൻ റിട്രീറ്റ്, പ്രധാനമന്ത്രി ശ്രാംയോഗി മാൻധൻ യോജന രവിപിള്ള ഫൗണ്ടേഷന്റെ ധനസഹായത്തിനുള്ള അപേക്ഷ എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശാഖകളെ അറിയിച്ചു.

**കല്ലോടി മേഖല –** തിരുഹൃദയരൂപം അലങ്കരിച്ച് തിരുഹൃദയകൊന്ത ചൊല്ലി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈകൾ നട്ടു.

**മുള്ളൻകൊല്ലി** – ദിവ്യകാരുണ്യത്തിന്റെ തിരുനാൾ സന്ദേശം എല്ലാ ശാഖകൾക്ക് ഡയക്ടർ അച്ചൻ നൽകി.ലോക പരിസ്ഥിതി

ദിനത്തിൽ അമ്മമാർ വൃക്ഷതൈകൾ നടുകയും, പോസ്റ്റർ ഇടുകയും ചെയ്തു.തിരുഹൃദയ വണക്കമാസമായി ആചരിച്ചു. പ്രോലൈഫ് പ്രവർത്തനങ്ങൾക്കു വേണ്ടി 36000 തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. പിതൃദിനത്തിൽ 60 വയസ്സിന് മുകളിലുള്ള പിതാക്കന്മാർക്ക് പൂക്കൾ നൽകി ആദരിച്ചു. ഒരു പിതാവിന് കൊന്തയും, ബൈബിളും നൽകി. പോലീസ്, സൈനികർ, എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ അറിയിക്കുകയും, അവരുടെ വീഡിയോ തയ്യാറാക്കുകയും ചെയ്തു. ലഹരി വിരുദ്ധ ദിനത്തിൽ മദ്യത്തിനും മറ്റു ലഹരി വസ്തുക്കൾക്കും അടിമപെട്ടവർക്കു വേണ്ടി കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. പുതിയ മേഖല ആനിമേറ്ററായി ചാർജ് എടുത്ത സിസ്റ്റർക്ക് ആശംസകൾ നേർന്നു.

**കുഞ്ഞോം-** തിരുഹൃദയവണക്കമാസാചരണത്തിന് എല്ലാ വീടുകളിലും തിരുഹൃദയ രൂപം അലങ്കരിച്ച് തിരുഹൃദയ ജപം ചൊല്ലി പ്രാർഥിച്ചു. സങ്കീർത്തനം മൽസരം നടത്തി. ഏറ്റവും മികച്ചതായി അവതരിപ്പിച്ചവർക്ക് സമ്മാനം നൽകി. കൊറോണ മൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന മൂന്നു കുടുംബങ്ങൾക്ക് 1000 രൂപ വീതം നൽകി സഹായിച്ചു. ജൂൺ 10ന് പിതൃദിനാശംസകൾ നൽകി. പിതാക്കന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിച്ചു. ദിവസവും ഓരോ വചനം അയച്ചു കൊടുത്ത് 33 പ്രാവശ്യം ചൊല്ലി വചനം ഹൃദ്യസ്ഥമാക്കാൻ ഓരോ അമ്മമാരേയും പ്രേരിപ്പിച്ചു. സാന്താ മോണിക്ക മധ്യസ്ഥ പ്രാർത്ഥന എല്ലാ അമ്മമാർക്കും നൽകി.

**മഞ്ഞൂറ -** പരിസ്ഥിതി ദിനത്തോടനുബന്ധിച്ച പള്ളിയും പരിസരവും വൃത്തിയാക്കി. അമ്മമാർ വീടുകളിൽ കുട്ടികളോടൊപ്പം വൃക്ഷ തൈകൾ നട്ടു. പിതൃദിനത്തിൽ എല്ലാ പിതാക്കൻമാർക്കും ആശംസകൾ അറിയിച്ചു. ലഹരി വിരുദ്ധ ദിനത്തിൽ ഇടവകയിലെ ലഹരിക്കടിമപ്പെട്ട എല്ലാ കുടുംബങ്ങൾക്കും വേണ്ടി വീടുകളിൽ സന്ധ്യാപ്രാർത്ഥനയോടൊപ്പം കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. നിർദ്ദന വിദ്യാർത്ഥികൾക്കായി 650 രൂപയുടെ പുസ്തകങ്ങൾ വാങ്ങി കൊടുത്തു. പാവപ്പെട്ട ഒരു കുട്ടിക്ക് 7500 രുപ സാമ്പത്തിക സഹായം നൽകി. ഇടവക മധ്യസ്ഥരായ വി. പത്രോസ് പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ ദിനത്തിൽ ഇടവകാംഗങ്ങൾക്ക് ആശംസകൾ അറിയിച്ചു. ഇടവകയിലെ ഒരു നിർദ്ദന കുടുംബത്തിന് വീടുപണിയാനായി 4000 രൂപ സഹായിച്ചു.

**വാളാട് –** തിരുഹൃദയ വണക്കമാസം ആചരിച്ചു, സിംഗേഴ്സ് ഡേയിൽ ജോമി തെക്കുംപുറം മനോഹരമായി ഗാനമാലപിച്ചു. ഇടവകയിലെ മുഴുവൻ അമ്മമാരെയും ഉൾപ്പെടുത്തി കൊണ്ട് പ്രാർത്ഥന ഗ്രൂപ്പ് രൂപീകരിക്കുകയും ദിവസവും ഓരോ നിയോഗം വെച്ച് പ്രാർത്ഥന നടത്തുകയും ചെയ്തു വരുന്നു. ഒരു നിർദ്ദന കുടുംബത്തിന് വീട് മേയാൻ ടാർ പായ വാങ്ങി നല്കി. പ്രായമായവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

**യവനാർകുളം –** കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അമ്മമാർ വീടുകളിൽ വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. വണക്കമാസം ചൊല്ലി പ്രാർത്ഥിച്ചു. മേഖലാ പ്രവർത്തനങ്ങളുടെ ഭാഗമായി ഷിജി കൊച്ചുകുടിയിൽ മനോഹരമായ ഗാനമാലപിച്ചു. തിരുഹൃദയ രൂപം അലങ്കരിച്ച് തിരുഹൃദയ പ്രതിഷ്ഠ നടത്തി. ശാഖാ ആനിമേറ്റർ സിസ്റ്ററിന് യാത്രയയപ്പും നൽകി. ജപമാലയും കരുണക്കൊന്തയും ചൊല്ലി പ്രാർത്ഥിക്കുന്നു

**മാനന്തവാടി–** വീട്ടിൽ തിരുഹൃദയരൂപം അലങ്കരിച്ച് വണക്കമാസം ചൊല്ലി പ്രാർത്ഥിച്ചു. വേൾഡ് മ്യൂസിക് ഡേയിൽ ജിഷ ഇടത്തിനാൽ ഒരു ഗാനം ആലപിച്ച് മേഖലയ്ക്ക് അയച്ചുകൊടുത്തു. എല്ലാദിവസവും 3 മണിക്ക് സാധിക്കുന്ന അമ്മമാർ കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിക്കുന്നു

**കരിമാനി –** എല്ലാ ഭവനങ്ങളിലും തിരുഹൃദയ വണക്കമാസം വായിക്കുകയും തിരുഹൃദയ ജപമാല ചൊല്ലുകയും ചെയ്തു. പരിസ്ഥിതി ദിനത്തിൽ ഭവനങ്ങളിൽ വൃക്ഷതൈകൾ നട്ടു. തിരുഹൃദയ തിരുനാൾ ദിനം എല്ലാ ഭവനങ്ങളിലും തിരുഹൃദയ രൂപം അലങ്കരിച്ചു വച്ച് തിരുഹൃദയ പ്രതിഷ്ഠയും, ജപമാലയും ചൊല്ലി പ്രാർത്ഥിച്ചു. വീഡിയോയും, ഫോട്ടോയും തയ്യാറാക്കി.

വേൾഡ് മ്യൂസിക് ഡേയിൽ ബീന നെല്ലിത്താനത്ത് ഗാനം ആലപിച്ച് മേഖലയ്ക്ക് നൽകി. 5, 15, 18 തീയതികളിൽ അമ്മമാർക്കായി വി. കുർബാനയും ആരാധനയും നടത്തി. ആനിമേറ്റർ സ്ഥാനത്തു നിന്നും സി. ട്രീസ മാറുകയും സി. ലിസ കൊച്ചുപാറയ്ക്കൽ ആനിമേറ്റർ സ്ഥാനമേൽക്കുകയും ചെയ്തു. കമ്മ്യൂണിറ്റി കിച്ചണിലേക്ക് സഹായം നൽകി.

**പുതിയിടം –** തിരുഹൃദയ വണക്കമാസം ആചരിച്ചു. തിരുഹൃദയ ജപമാല ചൊല്ലി. തിരുഹൃദയ രൂപം അലങ്കരിച്ചുവെച്ച് തിരുഹൃദയ പ്രതിഷ്ഠ നടത്തി. എല്ലാദിവസവും മൂന്നുമണിക്ക് സാധിക്കുന്ന

അമ്മമാർ കരുണ കൊന്ത ചൊല്ലുന്നു. പാവപ്പെട്ട കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റ് വാങ്ങിക്കൊടുത്തു. രോഗി സന്ദർശനം നടത്തി.

**ആലാറ്റിൽ –** പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ആനി മേറ്ററുടെ നേതൃത്വത്തിൽ വൃക്ഷതൈ നട്ടു. ജൂൺ 8ന് സ്ഥലം മാറി പോകുന്ന ബഹു. സണ്ണിയച്ചന് യാത്രാമംഗളങ്ങൾ നേർന്നു. ജൂൺ 19 ന് ഇടവകയിലെ കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് വായനാ ദിനത്തോടനുബന്ധിച്ച് വിശുദ്ധരുടെ പുസ്തകങ്ങൾ വായിക്കുവാൻ കൊടുത്തു. തിരുഹൃദയ വണക്കമാസാചരണത്തിന്റെ ഭാഗമായി ശാഖ പ്രതിനിധികൾ കോൺവെന്റ് ചാപ്പലിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തി ഫോട്ടോസ് മേഖലയ്ക്ക് അയച്ചുകൊടുത്തു. മേഖല നിർദ്ദേശമനുസരിച്ച് അമ്മമാരുടെ പ്രതിനിധി കനിഷ്ക വിൽസൺ പാട്ടു പാടി വീഡിയോ മേഖലയ്ക്ക് നൽകി. ദൈവവിളി ഉണ്ടാകുവാൻ ജൂൺ 10, 11 തിയതികളിൽ തിരുഹൃദയ ജപമാല ചൊല്ലി അമ്മമാർ പ്രാർത്ഥിച്ചു.

**തലപ്പുഴ –** തിരുഹൃദയ വണക്കമാസം ചൊല്ലി, തിരുഹൃദയ പ്രതിഷ്ഠ ഭവനങ്ങളിൽ നടത്തി. അന്താരാഷ്ട്ര സംഗീത ദിന ത്തോടനുബന്ധിച്ച് ശാഖയിൽ നിന്ന് സീമ പാക്കാനിക്കുഴിയിൽ ഗാനം ആലപിച്ചു

**പേരിയ –** കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് അമ്മമാർ വീടുകളിൽ വണക്കമാസ പ്രാർത്ഥനകൾ ചൊല്ലി പ്രാർത്ഥിച്ചു. തിരുഹൃദയ പ്രതിഷ്ഠ നടത്തി. അന്താരാഷ്ട്ര സംഗീത ദിനത്തിൽ ബിജി മോൾ മൈലിക്കൽ ഗാനം ആലപിച്ചു.

**തവിഞ്ഞാൽ –** തിരുഹൃദയ വണക്കമാസം വീടുകളിൽ ആചരിച്ചു. തിരുഹൃദയരൂപം പ്രത്യേകമായി അലങ്കരിച്ച് പ്രാർത്ഥന നടത്തി അൻസിയ ജോമോൻ പതിപ്പള്ളി ഗാനം ആലപിക്കുന്ന വീഡിയോ മേഖലക്ക് അയച്ചു. മേഖല നടത്തുന്ന പ്രാർത്ഥനായ ജ്ഞത്തിൽ അമ്മമാർ പങ്കെടുത്തു.

**മുതിരേരി –** തിരുഹൃദയ വണക്കമാസം അമ്മമാർ വീടുകളിൽ ഭക്തിനിർഭരമായി ആചരിച്ചു. തിരുഹൃദയരൂപം പ്രത്യേകമായി അലങ്കരിച്ചു. ബഹു. ജോസ് ചക്കിട്ടുകുടി അച്ചന് യാത്രയയപ്പ് നൽകി. പുതിയ വികാരി വിൻസ്റ്റ് കൊരട്ടി പറമ്പിൽ അച്ചന് മാതൃവേദിയുടെ ആശംസകൾ അറിയിച്ചു. റീജ മാളികത്തടത്തിൽ ഗാനം ആലപിക്കുന്ന വീഡിയോ മേഖലക്ക് അയച്ച് കൊടുത്തു. മാതൃവേദിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഭവന നിർമ്മാണത്തിന്റെ

കട്ടിളവെപ്പ് നടത്തി ഭവനസന്ദർശനം നടത്തി.

**വാളേരി -** പരിസ്ഥിതി ദിനത്തിൽ വഴിയോരങ്ങളിൽ വൃക്ഷ തൈകൾ നട്ടു. തിരുഹൃദയകൊന്ത എല്ലാ ഭവനങ്ങളിലും ചൊല്ലി. ചേന കൃഷിക്ക് വളമിട്ട് മണ്ണുകൂട്ടി. ലഹരി വിരുദ്ധ ദിനത്തിൽ ലഹരികൾക്ക് അടിമപ്പെട്ടവർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. ലോക്ഡൗൺ മൂലം ഏറെ നാളുകളായി അടഞ്ഞുകിടന്ന ദേവാലയം അമ്മമാരുടെ സജീവ സാന്നിദ്ധ്യത്തോടെ വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്തു.

**തേൾപ്പാറ -** ലോക് ഡോൺ മാനദണ്ഡമനുസരിച്ച് വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ ആചരിച്ചു വചന സന്ദേശം നൽകി. കാഴ്ച വെപ്പിന് ലഭിച്ച തുക ഒരു സാധു കുടുംബത്തെ സഹായിച്ചു. പിടിയരി ശേഖരണം നടത്തി

**കളത്തുവയൽ -** പരിസ്ഥിതി ദിനത്തിൽ വൃക്ഷ തൈകൾ നട്ടു. കുടുംബങ്ങൾക്ക് വേണ്ടി സി. എം. സി. സിസ്റ്റേഴ്സ് ഓൺലൈൻ ധ്യാനം നടത്തി. കൊറോണ രോഗികൾക്കുവേണ്ടി ഭക്ഷണം വിതരണം നടത്തി. പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്ക് വേണ്ടി തിരുഹൃദയ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു

**കയ്യൂന്നി -** കുടുംബങ്ങളിൽ തിരുഹൃദയ വണക്കമാസാചരണവും തിരുഹൃദയ ജപമാലയും ചൊല്ലി തിരുഹൃദയ സ്പന്ദനങ്ങൾ എന്ന വിഷയത്തിൽ പ്രസംഗമത്സരം നടത്തി സമ്മാനങ്ങൾ നൽകി. ആദ്യ വെള്ളിയാഴ്ച കൊറോണ നിർമാർജ്ജനത്തിനായി അമ്മമാർ പ്രാർത്ഥിച്ചു. ലോക പരിസ്ഥിതി ദിനത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചൻ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു എല്ലാ ഭവനങ്ങളിലും ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു. ഗൂഗിൾമീറ്റ് വഴി എക്സിക്യൂട്ടീവ് നടത്തി. അന്താരാഷ്ട്ര പിതൃദിനത്തിൽ പിതാക്കന്മാർക്ക് പൂക്കൾ നൽകി ആദരിച്ചു. ക്രൈസ്തവ സമൂഹം നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് നടന്ന വെബിനാറിൽ ധാരാളം അമ്മമാർ പങ്കെടുത്തു. ലഹരി വിരുദ്ധ ദിനത്തിൽ ലഹരിക്ക് അടിമയായവർക്കുവേണ്ടി എക്സിക്യൂട്ടീവ് അംഗങ്ങൾ ഒരു മണിക്കൂർ പ്രാർത്ഥന നടത്തി. ലഹരിയുടെ ദൂഷ്യഫലങ്ങൾ കാണിച്ച് ഷോർട്ട് ഫിലിം നിർമ്മിച്ച് പ്രസിദ്ധീകരിച്ചു. നിത്യസഹായ മാതാവിന്റെ തിരുനാൾ ആചരിച്ചു. ഇടവകയിൽ നിന്നും ആദ്യ വ്രതം സ്വീകരിച്ചുവന്ന സിസ്റ്റേഴ്സിനെ ആദരിച്ചു.

**നരിവാലമുണ്ട -** നിയമപാലകരെ ആദരിക്കുന്നതിന്റെ ഭാഗമായി

വഴിക്കടവ് സ്റ്റേഷൻ പരിധിയിൽ നിരത്തിൽ കോവിഡ് ഡ്യൂട്ടി ചെയ്യുന്ന പോലീസ് സേനയ്ക്ക് ഭക്ഷണം തയ്യാറാക്കി നൽകി. എക്സിക്യൂട്ടീവിന്റെ സഹകരണത്തോടുകൂടി ശാഖ ഡയറക്ടർ റവ. ഫാ. ബിജു ഉറുമ്പിൽ, ആനിമേറ്റർ സിസ്റ്റർ ബെറ്റ്സി F. C. C., പ്രസിഡണ്ട് ജിഷ ജോൺസ്, ട്രഷറർ ഷീജ ബിനോയ് എന്നിവരുടെ നേതൃത്വത്തിൽ ഭക്ഷണം എസ്.ഐ. ശിവന് കൈമാറി. ദിവ്യകാരുണ്യ ദിനത്തിൽ ദിവ്യകാരുണ്യ പ്രാർത്ഥന ചൊല്ലി. നീതിക്കുവേണ്ടി പീഡഅനുഭവിക്കുന്നവർക്ക് വേണ്ടി ഈശോയുടെ ഹൃദയത്തോട് പ്രാർത്ഥിച്ചു. പരിസ്ഥിതി ദിനത്തിൽ പരിസരം ശുചിയാക്കി ഡ്രൈ ഡേ ആചരിച്ചു. ഫലവൃക്ഷതൈകൾ വീട്ടുവളപ്പിൽ നട്ടു. രണ്ടരമാസക്കാലം ഇടവകയിൽ ശുശ്രൂഷ ചെയ്ത് ഫൊറോന വികാരിയായി പോകുന്ന റവ. ഫാ. തോമസ് മണക്കുന്നേൽ അച്ചന് യാത്രാമംഗളങ്ങൾ ആശംസിച്ചു യാത്രയയപ്പ് നൽകി. പുതിയ ഡയറക്ടർ. ഫാ. ജോസഫ് ഉറുമ്പിൽ - ന് സ്വീകരണം നൽകി.

ജെ.ബി.കോശി കമ്മീഷൻ ആക്ഷൻ പ്ലാനിനെക്കുറിച്ച് രൂപതാ തലത്തിൽ നിന്നുള്ള ഫൊറോന ചർച്ചയിൽ ഭാരവാഹികൾ പങ്കെടുത്തു. അന്താരാഷ്ട്ര പിതൃദിനത്തിൽ അച്ഛന്റെ അവർണനീയമായ മഹത്വം വർണിക്കുന്ന കവിത മാതൃവേദി അംഗങ്ങളായ ഷെറോണയും സോണിയയും ചേർന്ന് ചൊല്ലി സോഷ്യൽ മീഡിയയിൽ അപ്‌ലോഡ് ചെയ്തു. മേഖലാതല ഓൺലൈൻ ദിവ്യകാരുണ്യ ആരാധനയിൽ പങ്കുചേർന്നു. സ്ത്രീപീഡനങ്ങളുടെ വർദ്ധനവിൽ മനംനൊന്തു പീഡിപ്പിക്കുന്ന സഹോദരങ്ങളുടെ മാനസാന്തരത്തിനായി കരുണയുടെ ജപമാല ചൊല്ലി.

**മരകാവ്** – തിരുഹൃദയ വണക്കമാസ വായന നടത്തുകയും ഈശോയുടെ തിരുഹൃദയത്തിന് എല്ലാ കുടുംബങ്ങളെയും സമർപ്പിച്ച് തിരുഹൃദയജപമാല ചൊല്ലുകയും ചെയ്തു. ദിവ്യകാരുണ്യത്തിന്റ തിരുനാൾ സമുചിതമായി ആചരിച്ചു. ലോക പരിസ്ഥിതി ദിനത്തിൽ 'വീട്ടുമുറ്റത്ത് ഒരു തണൽ വൃക്ഷം'- മരതൈകൾ നട്ട് പങ്കാളികളായി. സൈനികർ, പോലീസ് എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവർക്ക് ആശംസകൾ നേർന്ന് വീഡിയോ ഉണ്ടാക്കുകയും ചെയ്തു. പിതൃദിനത്തിൽ എല്ലാ കുടുംബനാഥൻമാരെയും ആദരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ലഹരിവിരുദ്ധദിനത്തിൽ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവർക്കുവേണ്ടി പ്രത്യേകമായി യുവജനങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു.

**വഞ്ഞോട് –** ഇടവകയിലേക്ക് സ്ഥലം മാറിവന്ന പുതിയ വികാരി ഫാ. സുനിൽ തെക്കേപുര ഡയറക്ടർ സ്ഥാനത്തേക്ക് സ്വഗതം ചെയ്തു. ഇടവകയിലെ എല്ലാ കുടുംബങ്ങളിലും അമ്മമാർ തിരുഹൃദയ ജപമാല പുസ്തകം വിതരണം ചെയ്തു. അമ്മമാർ പരി. അമ്മയുടെയും തിരുഹൃദയത്തിന്റെയും ജപമാല ചൊല്ലി കഴ്ച്ചവെച്ചു

**കൽപ്ര –** ജൂൺ 21 അന്താരാഷ്ട്ര പിതൃദിനമായി ആചരിച്ചു തിരുഹൃദയ തിരുനാൾ ആഘോഷിച്ചു. തിരുഹൃദയ വണക്കമാസാച രണത്തോടനുബന്ധിച്ച് എല്ലാ കുടുംബങ്ങളും തിരുഹൃദയ പ്രതിഷ്ഠ നടത്തി. ലഹരി വിരുദ്ധ ദിനത്തിൽ എല്ലാം മദ്യപാ നികൾക്ക് വേണ്ടിപ്രാർത്ഥിച്ചു. ലോക പരിസ്ഥിതി ദിനത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തു വൃക്ഷത്തൈകൾ നട്ടു പിടിപ്പിച്ചു. ദൈവ മാതാവിന്റെ വണക്കമാസ പ്രാർത്ഥനകൾ ഓരോ കുടുംബത്തിലും ചൊല്ലി പ്രാർത്ഥിച്ചു. കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് രണ്ട് മൂന്ന് അമ്മമാർ ചേർന്ന് എലീശ്വ സന്ദർശനം നടത്തി. എല്ലാ ഭവനങ്ങളിലും കോവിഡ് സംരക്ഷണ പ്രാർത്ഥന ചൊല്ലി. എല്ലാ അമ്മമാരും ഓൺലൈൻവഴി വിശുദ്ധ കുർബാന യിൽ പങ്കെടുത്തു.

**മരക്കടവ് –** പരിശുദ്ധ കുർബാന തിരുനാൾ ദിവസവും, തിരുഹൃദയ തിരുനാൾ ദിവസവും, അംഗങ്ങൾ ഓൺലൈനായി കുർബാനയിലും ആരാധനയിലും പങ്കെടുക്കുകയും, വീഡിയോ നിർമ്മിക്കുകയും ചെയ്തു. ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് അംഗങ്ങൾ മരതൈ നടുകയും ഫോട്ടോ പോസ്റ്റ് ചെയ്യുകയും ചെയ്തു. മറിയം ത്രേസ്യ തിരുനാൾ ദിനത്തിലും, പിതൃ ദിനത്തിലും വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനത്തിലും ഓരോ അമ്മമാർ വിശുദ്ധരെ കുറിച്ചുള്ള സന്ദേശങ്ങൾ വാട്സാപ്പ് വഴി നൽകി. ലോക വായനാ ദിനത്തിൽ അമ്മമാർ വായിച്ച ഒരു പുസ്തകത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കി വാട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കുവെച്ചു. പിതൃ ദിനത്തിൽ അപ്പൻ കുടുംബത്തിന്റെ തണൽ എന്ന വിഷയത്തെ ആസ്പദമാക്കി കവിത മത്സരം നടത്തി. പെരിക്കല്ലൂർ കോവിഡ് സെന്ററിലേയ്ക്ക് ആവശ്യമായ വിരികൾ അമ്മമാരുടെ നേതൃത്വത്തിൽ നൽകി. 1000 രൂപ വിദ്യാഭ്യാസ സഹായം നൽകി.

**തലഞ്ഞി –** കോവിഡ് മഹാമാരിക്കെതിരെ സമ്പൂർണ്ണ ജപ മാല കരുണകൊന്ത തിരുഹൃദയ വണക്കമാസ ആചരണം എന്നിവ

നടത്തി പ്രാർത്ഥിച്ചു. കിറ്റ് നൽകാൻ 1000 രൂപ, രോഗി സഹായം 5000 രൂപ എന്നിവ നൽകി. ഗൂഗിൾ മീറ്റിംഗ് നടത്തി.

**തരിയോട് –** പരിസ്ഥിതി ദിനത്തിൽ എല്ലാ ശാഖകളും ചേർന്ന് ചെടികൾ നട്ടു. ഭവന സന്ദർശനം നടത്തി. മേഖലയിലെ സ്ഥലം മാറി പോകുന്ന വൈദികർക്കും ആനിമേറ്റേഴ്സിനും യാത്രയയപ്പ് നൽകി. ഗൂഗിൾ മീറ്റ് വഴി മേഖല എക്സിക്യൂട്ടീവ് നടത്തി. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം പ്രമാണിച്ച് ക്വിസ് കോമ്പറ്റീഷൻ നടത്തി. ബഹുമാനപ്പെട്ട പീടികപ്പാറ അച്ചന്റേയും കുമ്പുക്കൽ അച്ചന്റേയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി

**കുറുമണി–** ദൈവവിളിക്കായി ധ്യാനം സംഘടിപ്പിച്ചു. ഭവന സന്ദർശനം നടത്തി. ഇടവകയിലെ മുഴുവൻ ജനങ്ങളുടെയും ബയോഡാറ്റ ശേഖരിച്ചു

**ശിശുമല –** പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നട്ടു. സൈനികർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ ആദരിച്ചു. ജൈവ പച്ചക്കറി കൃഷി ചെയ്തു. മെഴുകുതിരി, സോപ്പ് തുടങ്ങിയ നിർമ്മാണങ്ങൾ പലഹാരം നിർമാണം എന്നിവ അമ്മമാർ നടത്തിവരുന്നു.

**പൂക്കോട്ടുംപാടം –** തിരുഹൃദയ തിരുനാൾ ദിനത്തിൽ ഒരു ധ്യാനം ബഹുമാനപ്പെട്ട സി. എമിലിൽ നടത്തി. വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു.

വിവിധ നിയോഗങ്ങൾ വെച്ച് ചെയിൻ റോസറി നടത്തിവരുന്നു. സെമിനാരി വിദ്യാർഥികൾക്കായി 2500 രൂപ പഠനസഹായമായി നൽകി. പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ടു. കുടുംബം തിരുക്കുടുംബം ആകാൻ നൂറുദിന പരിപാടികളിൽ എല്ലാ ദിവസവും ഗ്രൂപ്പിൽ കൈമാറുന്നു. കാരുണ്യ പ്രവർത്തനത്തിന് ഭാഗമായി ശാന്തി സദനിൽ 56,000 രൂപ സഹായം നൽകി. വചന വിത്തുകൾ എന്ന പേരിൽ വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കി. സങ്കീർത്തനം ഗാനരൂപത്തിൽ ആലപിച്ചു.

**ആടിക്കൊല്ലി–** വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ ദിനത്തിൽ എല്ലാ കുടുംബങ്ങൾക്കും വേണ്ടി പ്രാർത്ഥിച്ചു അന്താരാഷ്ട്ര പിതൃദിനത്തിൽ എല്ലാ പിതാക്കന്മാരെയും ആദരിച്ചു. ലഹരി വിരുദ്ധ ദിനത്തിൽ എല്ലാ മദ്യപാനികൾക്ക് വേണ്ടി തിരുഹൃദയ ജപമാല ചൊല്ലി. ഇടവകയിൽ നിന്നുള്ള എല്ലാ സൈനികരെയും പോലീസുകാരെയും ജപമാലയിൽ പ്രത്യേകമായി ഓർത്ത് പ്രാർത്ഥിച്ചു.

**മണിമൂളി -** ഈശോയുടെ തിരുഹൃദയ വണക്കമാസം അംഗങ്ങൾ ഭവനങ്ങളിൽ ചൊല്ലി.ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് 2 എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. മേഖല ഡയറക്ടർ സജി അച്ചൻ നയിച്ച കരുണയുടെ ജപമാലയിലും വി. ബലിയിലും അംഗങ്ങൾ പങ്കെടുത്തു. സ്ത്രീധനത്തിനെതിരെ പോസ്റ്റർ തയ്യാറാക്കി അമ്മമാർ പ്രതിഷേധമറിയിച്ചു. രോഗി സഹായമായി 2000 രൂപ നൽകി. ബഹുമാനപ്പെട്ട കുര്യാക്കോസ് അച്ചനു യാത്രയയപ്പു നൽകുകയും പുതുതായി ചാർജെടുത്ത ബഹുമാനപ്പെട്ട തോമസ് മണക്കുന്നേൽ അച്ചനു സ്വാഗതം ആശംസിക്കുകയും ചെയ്തു.

**ഫാ. ജോജോ കുടക്കച്ചിറ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

സിയോൻ ആദ്യശനി ഏകദിന കൺവെൻഷൻ ജൂലൈ 3-ന്, വൈകിട്ട് 6.30 മുതൽ 8.30 വരെ ഓൺലൈനായി നടത്തി. ജപമാലപ്രാർത്ഥനയ്ക്ക് സി. നിർമല SH, സി. മെറീന FCC എന്നിവർ നേതൃത്വം നൽകി. ഡയറക്ടർ ബഹു. സോണി വാഴകാട്ട് വചനം പങ്കുവെച്ചു, ദുക്റാനയുടെ സന്ദേശം നൽകി, ആരാധന നടത്തി. സി. അന്ന FCC, ബ്ര. ബിജു പുളിക്കൽ എന്നിവർ ഗാനങ്ങളാലപിച്ചു. എല്ലാ ഞായറാഴ്ചകളിലും റവ. ഫാ. പ്രിൻസ് തെക്കേതിൽ, ഫാ. സോണി വഴകാട്ട് എന്നിവർ ഓൺലൈൻ വചനവിചിന്തനങ്ങൾ പങ്കുവെച്ചു . ജൂലൈ 18 ന് ഓൺലൈനായി ഞായർ വചനസന്ദേശങ്ങൾ, സിയോൻ വോയ്സ് ആരംഭിച്ചതിന്റെ 2-ാം വാർഷികമായിരുന്നു. മെയ് 15-ന് കൊറോണക്കെതിരെയും, അങ്ങനെ മരിച്ചുപോയവരുടെ ആത്മശാന്തിക്കുവേണ്ടിയും, പ്രകൃതിക്ഷോഭത്തിൽനിന്നുള്ള സംരക്ഷണത്തിനുവേണ്ടിയും ആരംഭിച്ച കരുണയുടെ ജപമാല 2250 എണ്ണം പൂർത്തിയായി, ഭംഗിയായി മുമ്പോട്ടുപോകുന്നു. എല്ലാവെള്ളിയാഴ്ചകളിലും പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നു: 10.30 am മുതൽ 11.00 മണി വരെ ഓൺലൈൻ ആയും തുടർന്ന് ഓഫ് ലൈൻ ആയും. മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്കായി ക്രമീകരിച്ച Spiritual sharingൽ ദമ്പതികളും അല്ലാത്തവരുമായി 22 പേർ പങ്കെടുത്തു. സിയോൻ കൺവെൻഷൻ ഹാളിൽ മാതാവിന്റെ സന്നിധിയിൽ ഈ ദിവസങ്ങളിൽ ധാരാളം പേർ, കുടുംബമായും അല്ലാതെയുമൊക്കെ വന്നുപ്രാർത്ഥിക്കുന്നു.

**NB :**

* അടുത്ത ആദ്യശനി കൺവെൻഷൻ ശുശ്രൂഷകൾ ആഗസ്റ്റ് 7 ന് വൈകിട്ട് 6.30. pm മുതൽ 8.00 pm വരെ ഓൺലൈൻ ആയി നടത്തുന്നതാണ്.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

എല്ലാവർക്കും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആശംസകൾ. കൊവിഡിന്റെ ദുരിതത്തിലൂടെ കടന്നു പോകുന്ന മനുഷ്യകുലത്തിന് പരിശുദ്ധ അമ്മ നൽകുന്ന സന്ദേശം ഇത്തരുണത്തിൽ വളരെയേറെ ചിന്തനീയമാണ്. മാതാവിന്റെ ജീവിതത്തിൽ അനുഭവിക്കേണ്ടി വന്ന ദുരിതങ്ങളെക്കുറിച്ച് ചിന്തിച്ചാൽ നമ്മുടെയൊക്കെ ജീവിതത്തിലെ ദുഃഖദുരിതങ്ങൾ എത്രയോ നിസ്സാരമാണെന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. നമുക്ക് നമ്മുടെ വേദനയാണ് വലുത്. എന്നാൽ സമൂഹത്തിൽ നമ്മളെക്കാൾ വലിയ ദുരിതമനുഭവിക്കുന്ന എത്രയോ അധികം മനുഷ്യർ നമുക്കു ചുറ്റുമുണ്ടെന്ന യാഥാർത്ഥ്യം നാം കാണണം. ഓരോ വിൻസെൻഷ്യനും അപരന്റെ ദുഃഖം അവനവന്റേതായി ഉൾക്കൊള്ളുവാൻ കഴിയണം. അപ്പോൾ നമ്മുടെ സഹോദരനെ സഹായിക്കുവാൻ നാം തയ്യാറാകും. അനുകൂല സാഹചര്യങ്ങൾ ഒത്തുവന്നിട്ട് പ്രവർത്തിക്കാമെന്ന് ഒരു വിൻസെൻഷ്യനും കരുതരുത്. ഇന്ന് ചെയ്യുവാൻ ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന നന്മകൾ ഇന്നുതന്നെ ചെയ്യണം.

നാളെ ഈ നന്മകൾ ചെയ്യുവാൻ നാം ഉണ്ടായിരിക്കുമോ എന്ന് എങ്ങനെ അറിയാം. ആവശ്യമെന്നതിലുപരി ആഡംബരത്തിനു പിന്നാലെ ഓടിയ ദിനങ്ങളായിരുന്നു നമ്മിൽ പലർക്കുമുണ്ടായിരുന്നത്. നശ്വരമായവയ്ക്ക് പിന്നാലെ അലഞ്ഞ്, ഒടുവിൽ മനസ്സും ശരീരവും തളർന്ന് തിരിഞ്ഞുനോക്കുമ്പോൾ അവശേഷിക്കുന്നത് നാം ഗതകാലങ്ങളിൽ ചെയ്ത സത്പ്രവർത്തികൾ മാത്രമായിരിക്കും. ജീവിതസായാഹ്നത്തിൽ ആത്മസംതൃപ്തി ലഭിക്കണമെങ്കിൽ ഇന്ന് ചെയ്യേണ്ടതായ നന്മകൾ ഇന്നുതന്നെ ചെയ്യുവാൻ ഓരോ വിൻസെൻഷ്യനും തയ്യാറാകണം. അപ്പോൾ ദൈവഹിതം നമ്മിൽ നിറവേറും.

**സി. സി. യോഗം**

ജൂൺ 27ന് ഓൺലൈനായി സി.സി.യോഗം ചേർന്നു. ബേബി

മരിയയുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ സി. സി. പ്രസിഡണ്ട് ബ്ര. ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സി. സി. വൈസ് പ്രസിഡണ്ട് ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ സ്വാഗതമാശംസിച്ചു. സി.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര ഉദ്ഘാടനം ചെയ്തു. സി.സി. ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം പ്രവർത്തനറിപ്പോർട്ട്, സി. സി. ട്രഷറർ ബ്ര. എൻ. യു ജോൺ വരവ് – ചിലവ് കണക്ക് എന്നിവ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു.

നാഷണൽ കൗൺസിൽ അനുവദിച്ച കൊവിഡ് സഹായം വിതരണം ചെയ്യുവാൻ തീരുമാനിച്ചു. സി.സി. യിലെ വനിതാ കോൺഫ്രൻസുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് ഓരോ എ. സി. യിൽ നിന്നും ഓരോ പ്രതിനിധികളെ ഉൾപ്പെടുത്തി സി. സി. തലത്തിൽ മൊണിറ്ററിംഗ് ഗ്രൂപ്പ് രൂപീകരിക്കുവാൻ തീരുമാനിച്ചു. എ.സി. തലത്തിൽ വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകൃതമായ സാഹചര്യത്തിൽ എല്ലാ മാസവും കൃത്യമായി എ.സി. കോൺഫ്രൻസ് യോഗങ്ങൾ ചേരുവാനും ഇതിന്റെ റിപ്പോർട്ട് സി.സി.യിൽ ഏൽപ്പിക്കുവാനും തീരുമാനിച്ചു. കൊവിഡ് ദുരിതങ്ങൾ രൂക്ഷമായ സാഹചര്യത്തിൽ ഓരോ വിൻസെൻഷ്യനും പരമാവധി സഹായങ്ങൾ മറ്റുള്ളവരിലെത്തിക്കുവാനും ശ്രമിക്കണമെന്നും ഇതിനായി കൂട്ടായ പ്രവർത്തനം സജീവമാക്കുവാനും തീരുമാനിച്ചു.

**ഓസാനാം ഭവൻ**

ഓസാനാം ഭവൻ പ്രവർത്തനങ്ങൾ ദൈവകൃപയാൽ ഒരുവിധം ഭംഗിയായി നടക്കുന്നു. ലോക്ഡൗണിന്റെ പ്രതിസന്ധികൾ നമ്മുടെ സ്ഥാപനത്തേയും ബാധിച്ചിട്ടുണ്ട് . എന്നാൽ സമൂഹത്തിൽ തിരസ്ക്കരിക്കപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ദൈവം നമുക്ക് ഏൽപ്പിച്ചുതരുന്നവരെ നമുക്ക് ഉപേക്ഷിക്കാനാവില്ലല്ലോ. ദൈനംദിന കാര്യങ്ങൾ മുന്നോട്ടുപോകുവാൻ സുമനസ്സുകളുടെ സഹായം അത്യന്താപേക്ഷിതമാണ്. നമ്മളെ സഹായിക്കുവാൻ സന്നദ്ധരാകുന്നവരെ കണ്ടെത്തുവാൻ എല്ലാവരും ശ്രമിക്കുമല്ലോ. കുടിവെള്ളക്ഷാമം രൂക്ഷമായതിനെ തുടർന്ന് ആരംഭിച്ച കിണറിന്റെ നിർമ്മാണപ്രവർത്തികൾ അവസാനഘട്ടത്തിലാണ്. ഓസാനാംഭവൻ ജനറൽബോഡിയോഗം ഓൺലൈ

നായി ജൂൺ 27ന് നടന്നു. ചെയർമാൻ എ. വി. ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. വിൻസെന്റ് ജോൺ പ്രവർത്തന റിപ്പോർട്ടും, മാത്യു കന്നുവെട്ടിയിൽ കണക്കുകളും അവതരിപ്പിച്ചു. യോഗം ഇവ അംഗീകരിച്ചു. അഗസ്റ്റിൻ കൊടിയംകുന്നേൽ, എൻ. യു. ജോൺ എന്നിവർ പ്രസംഗിച്ചു.

**ഓസാനാംഭവൻ ഭാരവാഹികൾ**

എ.വി. ജോർജ്ജ് ആക്കാന്തിരി (ചെയർമാൻ), അഗസ്റ്റിൻ കൊടിയംകുന്നേൽ (വൈസ് ചെയർമാൻ), വിൻസെന്റ് ജോൺ വടക്കുംചേരി (സെക്രട്ടറി), റോസമ്മ അയ്യംകുഴയ്ക്കൽ (ജോ. സെക്രട്ടറി), മാത്യു കന്നുവെട്ടിയിൽ (ട്രഷറർ), എൻ. യു. ജോൺ നെടുംകൊമ്പിൽ (മാനേജർ).

കൊവിഡ് പ്രതിസന്ധിക്കിടയിലും ഓസാനാം ഭവനെ ഹൃദയത്തിലേറ്റുവാങ്ങി ഇവിടെ സഹായങ്ങളുമായി എത്തിയ റവ. ഫാ. ജോസഫ് മേച്ചേരിയുടെ നേതൃത്വത്തിൽ ചെറുപുഷ്പ മിഷൻലീഗ് നടവയൽ ശാഖ അംഗങ്ങൾ, റവ. ഫാ. ബിജു മാവറ, റവ. ഫാ. നിഥിൻ ആലയ്ക്കാത്തടം എന്നിവരുടെ നേതൃത്വത്തിലെത്തിയ കെ. സി. വൈ. എം. ചെറുപുഷ്പമിഷൻലീഗ് കല്ലോടി ശാഖകൾ എന്നിവരെ സ്നേഹപൂർവ്വം അനുസ്മരിക്കുന്നു.

കഴിഞ്ഞ മാസത്തിൽ ഓസാനാംഭവനിൽ നിന്നും ദൈവസന്നിധിയിലേയ്ക്ക് വിളിയ്ക്കപ്പെട്ട സേവ്യർ (87), ചക്കുങ്കൽ (പിലാക്കാവ്), മുരുകൻ (82) എന്നിവരെ പ്രാർത്ഥനാപൂർവ്വം അനുസ്മരിക്കുന്നു. ഓസാനാംഭവനിലെ പുതിയ കുടുംബാംഗം അനിൽ കൊട്ടിയൂർ.

പ്രാർത്ഥനാശംസകളോടെ,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
(സി.സി. ആത്മീയ ഉപദേഷ്ടാവ്)

**ബ്ര. ജോർജ്ജ് ആക്കാന്തിരി**
(സി.സി. പ്രസിഡണ്ട്)

# സാമൂഹ്യ സേവനരംഗം (WSSS)

## വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വാർഷിക പൊതു യോഗം നടത്തി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 2020-21 വർഷത്തെ വാർഷിക പൊതുയോഗം നടത്തി. മാനന്തവാടി രൂപത അദ്ധ്യക്ഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രസിഡുമായ മാർ ജോസ് പൊരുന്നേടം പൊതുയോഗം ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വാർഷിക കണക്കുകളും പ്രോഗ്രാം ഓഫീസർ ജോസ് പി.എ. ബഡ്ജറ്റ്, ഭാവി പ്രവർത്തനങ്ങൾ എന്നിവയും അവതരിപ്പിച്ചു. കൂടാതെ ബയോവിൻ പ്രവർത്തനങ്ങളെ കുറിച്ച് മാനേജിങ് ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, റേഡിയോ മാറ്റൊലിയെകുറിച്ച് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, നീലഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ കുറിച്ച് ഡയറക്ടർ റവ. ഫാ. ബിനോയ് കാശാംകുറ്റിയിൽ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. എടവക ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് പ്രദീപ് മാസ്റ്റർ, ഭരണസമിതി അംഗങ്ങളായ ബാലൻ മാസ്റ്റർ, സിസിലി മാത്യു, വത്സ ജോസഫ് എന്നിവർ സംസാരിച്ചു.

## ഫലവൃക്ഷ തൈകൾ വിതരണം ചെയ്തു.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന നബാർഡ് കെ. എഫ്. ഡബ്ല്യു സോയിൽ പ്രൊജക്ടിന്റെ ഭാഗമായി നീർത്തട പ്രദേശത്തെ മുഴുവൻ കർഷകർക്കും ഫലവൃക്ഷ തൈകൾ വിതരണം ചെയ്തു. തെങ്ങ്, മാവ്, സപ്പോട്ട, പേര എന്നിവയുടെ തൈകളാണ് വിതരണം ചെയ്തത്. വിതരണ ഉദ്ഘാടനം തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശങ്കരൻ മാസ്റ്റർ നിർവ്വഹിച്ചു. ഗ്രാമ പഞ്ചായത്ത് മെമ്പർ ബിന്ദു മണപ്പാട്ടിൽ അദ്ധ്യക്ഷത വഹിച്ചു.

തൊണ്ടർനാട് ബ്ലോക്ക് ഡിവിഷൺ മെമ്പർ രമ്യ താരേഷ്, ഗ്രാമ പഞ്ചായത്ത് മെമ്പർ ചന്തു മാസ്റ്റർ, നീർത്തട കമ്മിറ്റി ചെയർമാൻ പി. വെള്ളൻ, കൺവീനർ വേണു മാസ്റ്റർ, വൈസ് പ്രസിഡണ്ട് സുഗന്ധിനി ടീച്ചർ, നീർത്തട കമ്മിറ്റി അംഗങ്ങളായ പി. ആർ കേളു, രാജേഷ് എ.ടി, ബാബു മാസ്റ്റർ എന്നിവർ സംസാരിച്ചു.

വയനാട്സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ പൊർലോം നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന നബാർഡ് കെ. എഫ്. ഡബ്ല്യു സോയിൽ പ്രൊജക്ടിന്റെ ഭാഗമായി നീർത്തട പ്രദേശത്തെ മുഴുവൻ കർഷകർക്കും ഫലവൃക്ഷ തൈകൾ വിതരണം ചെയ്തു. തെങ്ങ്, മാവ്, സപ്പോട്ട, പേര എന്നിവയുടെ തൈകളാണ് വിതരണം ചെയ്തത്. വിതരണ ഉദ്ഘാടനം തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് മെമ്പർ വി. ടി. അരവിന്ദാക്ഷൻ നിർവ്വഹിച്ചു. നീർത്തട കമ്മിറ്റി ചെയർമാൻ എൻ. എസ് ബെന്നി, കൺവീനർ വി. ടി. അനിൽകുമാർ എന്നിവർ സംസാരിച്ചു.

## ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT കോഴ്സിലേക്ക് 2021-2022 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ജൂലൈ 01 മുതൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി. എസ്. സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ്. എസ്. എൽ. സി. യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645442290, 9544842220, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## ഹ്രസ്വകാല സാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു

കട്ടിംഗ് & ടെയ്ലറിംഗ് (6 മാസം), കട്ടിംഗ് & ടെയ്ലറിംഗ് (3 മാസം), ചുരിദാർ & സാരിബ്ലൗസ് (3 മാസം), ഹാൻഡ് എംബ്രോയ്ഡറി (3 മാസം), ഫാബ്രിക് പെയിന്റിംഗ് (1 മാസം), ഗ്ലാസ് പെയിന്റിംഗ് (1 മാസം).

*കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.*

## Save A Family Plan

FCRA യുടെ പുതുക്കിയ നിയമഭേദഗതികൾക്കനുസരിച്ച് സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പ്രവർത്തനങ്ങളിലും ചില ഭേദഗതികൾ വരുത്തി. പുനഃക്രമീകരണങ്ങൾ നടത്തി വരുന്നതിന്റെ ഭാഗമായി ഗുണഭോക്താവിന്റെ പേരിലും ഡയറക്ടറിന്റെ പേരിലുമായി നിലവിൽ ഉണ്ടായിരുന്ന ജോയിന്റ് അക്കൗണ്ട് നിർത്തലാക്കി. ഓരോ കുടുംബത്തിനും വേണ്ടി ഗുണഭോക്താവിന്റെ പേരിലുള്ള വ്യക്തിപരമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ചുവരുന്നു. പുതിയ നിയമഭേദഗതി പ്രകാരം സാമ്പത്തിക സഹായം നേരിട്ട് അവരുടെ അക്കൗണ്ടിലേയ്ക്ക് അയയ്ക്കുവാൻ സാധിക്കുകയുള്ളൂ. ഈ നടപടികൾക്കായുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയായതിന് ശേഷമേ പതിവായി ചെയ്തുകൊണ്ടിരുന്ന സാമ്പത്തിക സഹായധന വിതരണങ്ങൾ തുടരുവാൻ സാധിക്കുകയുള്ളൂ എന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

## DDU-GKY

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും ഒന്ന് ചേർന്ന് കൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന DDU-GKY കോഴ്സിന്റെ ഈ അധ്യയന വർഷത്തെ ക്ലാസുകൾ ആരംഭിച്ചുവെങ്കിലും കോവിഡ് വ്യാപനം കാരണം സെന്ററുകൾ താത്ക്കാലികമായി അടച്ചിരിക്കുകയാണ്. കോവിഡ്-19 ന്റെ വിലക്കുകൾ പിൻവലിച്ചാലുടനെ സെന്ററുകൾ തുറന്ന് പ്രവർത്തിക്കുന്നതാണ്.

### ഈ കോഴ്സിന്റെ പ്രത്യേകതകൾ

തികച്ചും സൗജന്യമായ ഈ കോഴ്സുകളിൽ ചേരുന്നവർക്ക് ഭക്ഷണം, താമസം കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകി വരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവയും നൽകിപോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധനസാമഗ്രികളും തികച്ചും ഫ്രീ ആയി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു.

കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള SSCയുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോലിചെയ്യുമ്പോൾ

സാലറിക്ക് പുറമെ ഒന്ന് മുതൽ ആറു മാസം വരെ ജോലി ചെയ്യുന്ന സ്ഥലങ്ങൾക്ക് അനുസൃതമായി 3000, 2000, 1000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 7560892324 എന്ന നമ്പറിലോ WSSS ന്റെ ഓഫീസ് നമ്പറായ 04935 240314 എന്ന നമ്പറിലോ ബന്ധപ്പെടുക.

### കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

### അറിയിപ്പ്

കോവിഡിന്റെ സാഹചര്യത്തിൽ റഗുലർ ക്ലാസ്സുകൾ ഇതുവരെ പൂർണ്ണമായും ആരംഭിക്കാത്തതിനാൽ ക്ഷേമനിധി മെമ്പർമാരുടെ മക്കൾക്ക് ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങിയതിന്റെ അടിസ്ഥാനത്തിൽ വിവിധ വിദ്യാഭ്യാസ ആനുകൂല്യ അപേക്ഷകൾ സമർപ്പിക്കാവുന്നതാണെന്ന് ചീഫ് ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട് പുതുക്കൽ വിവിധ ക്ഷേമനിധിയിൽ അംഗത്വമെടുത്ത അംഗങ്ങൾക്ക് അംശാദായം കൃത്യമായി അടയ്ക്കാൻ സാധിക്കാത്തതിനാൽ അംഗത്വം മുടങ്ങി പോയിട്ടുണ്ട്. കോവിഡ്-19 മഹാമാരി കണക്കിലെടുത്ത് അംഗത്വം പുനസ്ഥാപിക്കാനുള്ള ക്രമീകരണം എല്ലാ ക്ഷേമനിധി ബോർഡും നടപ്പിലാക്കിയിട്ടുണ്ട്. ക്ഷേമനിധി ചേർത്ത ഏജന്റുമാരെയോ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലോ ബന്ധപ്പെടുക.

### ആനുകൂല്യം

ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത 02 പേർക്ക് വിവാഹ ധനസഹായം ഈ മാസം ലഭിച്ചു. ക്ഷേമനിധിയിൽ അംഗത്വമെടുക്കാനുള്ള 35 പുതിയ അപേക്ഷകൾ ഈ മാസം ലഭിച്ചു.

### സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)

### SWS മീറ്റിംഗുകൾ

ആറാട്ടുതറ, എടയൂർക്കുന്ന്, കണിയാരം, മാനന്തവാടി, പുൽപ്പള്ളി, സീതാമൗണ്ട്, കബനിഗിരി, തവിഞ്ഞാൽ, മുതിരേരി,

കല്ലോടി, യവനാർക്കുളം, എന്നിവിടങ്ങളിൽ SWS മീറ്റിംഗുകൾ നടത്തി. കല്ലോടിയിൽ ശ്രീ. ജോൺസൺ (ജില്ലാ കോവിഡ് വാക്സിനേഷൻ സൂപ്പർവൈസർ) കോവിഡിനെ കുറിച്ചും വാക്സിനേഷൻ എടുക്കുന്നതിന്റെ ആവശ്യകതയെ കുറിച്ചും ബോധവത്ക്കരണ ക്ലാസെടുത്തു.

കുറുക്കൻമൂല, തവിഞ്ഞാൽ, ഉദയഗിരി, മക്കികൊല്ലി എന്നിവിടങ്ങളിൽ സോപ്പ് ട്രെയിനിംഗ് നടത്തി. ചെന്നലോട് SWS യൂണിറ്റിൽ ആട് വിതരണം നടത്തി. ഉദയഗിരിയിലും തലപ്പുഴയിലും പുതിയ സംഘങ്ങൾ രൂപീകരിച്ചു.

**ആശാകിരണം**

ക്യാൻസർ ബോധവത്ക്കരണം ലക്ഷ്യമാക്കി തവിഞ്ഞാൽ സ്വദേശിനിയായ സിലു മേരി വിൻസന്റ്, ക്യാൻസറിനെ തരണം ചെയ്ത് മുന്നോട്ട് പോകുന്നതിന്റെ ജീവിത സാക്ഷ്യം വീഡിയോ രൂപത്തിൽ തയ്യാറാക്കി. ക്യാൻസറും പരിസ്ഥിതിയും എന്ന വിഷയത്തെ ആസ്പദമാക്കി ചിത്രരചനാ മത്സരം നടത്തുകയും വിജയികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ സർട്ടിഫിക്കേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് ലക്കോൺ സർട്ടിഫിക്കേഷന് ഏജൻസി നടത്തിവരുന്ന സർട്ടിഫിക്കേഷന് ഓഡിറ്റ് കൃഷിയിടങ്ങളിലും ഓഫീസിലുമായി പുരോഗമിക്കുന്നു. ഇതുവരെ 10 ഇടകളിൽ പരിശോധന പൂർത്തീകരിച്ചു. ലക്കോൺ ഓഡിറ്റർമാരായ ശ്രീ. സണ്ണി ആന്റണി, ശ്രീ. അജയ് ഘോഷ്, ശ്രീ. എല്ദോസ് എന്നിവരാണ് ഓഡിറ്റ് നടത്തുന്നത്.

**റയിൻ ഫോറസ്റ്റ് അലയൻസ് പരിശീലനം**

റയിൻ ഫോറസ്റ്റ് അലയൻസ് എന്നീ മാനദണ്ഡങ്ങൾ ഒരുമിച്ച് റയിൻ ഫോറസ്റ്റ് അലയൻസ് 2020 ആകുന്നതുമായി ബന്ധപ്പെട്ട് പുതിയ മാറ്റങ്ങളെ പരിചയപ്പെടുത്തുന്നതിനായി റയിൻ ഫോറസ്റ്റ് അലയൻസ് സംഘടിപ്പിച്ച നാലു ദിവസത്തെ പരിശീലന പരിപാടിയിൽ ശ്രീ. വിനീഷ് മാത്യു, ശ്രീമതി രമ്യ എന്നിവർ പങ്കെടുത്തു.

**പൾസ് ഓക്സി മീറ്റർ കൈമാറി**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബയോവിന് അഗ്രോ റിസേർച്ച് 100 പൾസ് ഓക്സി മീറ്ററുകൾ കൈമാറി. ആരോഗ്യ കേരളം വയനാടിന്റെ കോവിഡ് ചികിത്സ സന്നാഹങ്ങളിലേയ്ക്കായി ബയോവിൻ അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കൽ വയനാട് ജില്ലാ കളക്ടർ ശ്രീമതി അദീല അബ്ദുള്ളയ്ക്കാണ് കൈമാറിയത്. ശ്രീ. വിനീഷ് മാത്യു, ശ്രീ. ഷാജി കുടക്കച്ചിറ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

**സംഭരണം**

ജൂൺ മാസം കർഷകരിൽ നിന്നും ഫെയർ ട്രേഡ് കാപ്പി കിലോ 69 രൂപ നിരക്കിൽ 39000 കിലോയും ജൈവ വാഴക്കുല 35 രൂപ നിരക്കിൽ 10000 കിലോയും തേങ്ങ 38 രൂപ നിരക്കിൽ 1000 കിലോയും കുരുമുളക് 475 രൂപ നിരക്കിൽ 4000 കിലോയും പച്ച മാങ്ങ 20 രൂപ നിരക്കിൽ 9000 കിലോയും സംഭരിച്ചു.

**സംസ്കരണം**

ജൂൺ മാസം കാപ്പി കുരുമുളക്, മാങ്ങ, തേങ്ങ, വാഴപ്പഴം എന്നിവ സംസ്കരണം നടത്തുകയും ഉത്പ്പന്നങ്ങൾ ആവശ്യാനുസരണം വിപണനം നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൺ**
ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

### മഹാമാരിക്കാലത്ത് കരുതലിന്റെ മാറ്റൊലി

മഹാമാരിക്കാലത്ത് കരുതലിന്റെ മാറ്റൊലി എന്ന പേരിൽ ദൂരദർശൻ ജൂൺ 19 ന് വൈകുന്നേരം 7 മണിക്ക് സംപ്രേക്ഷണം ചെയ്ത വാർത്താ ബുള്ളറ്റിനിൽ റേഡിയോമാറ്റൊലി ആദിവാസി മേഖലകളിൽ നടത്തുന്ന പ്രവർത്തനങ്ങളേക്കുറിച്ച് 2.45 മിനിറ്റ് ദൈർഘ്യമുള്ള റിപ്പോർട്ട് അവതരിപ്പിച്ചു.

### നാഷാ മുക്ത് ഭാരത് അഭിയാൻ

നാഷാ മുക്ത് ഭാരത് അഭിയാന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലാ സാമൂഹ്യനീതിവകുപ്പ്, വിമുക്തി മിഷൻ, എക്സൈസ് വകുപ്പ്, റേഡിയോമാറ്റൊലി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മോചനം 2021 എന്ന പേരിൽ ലഹരിവിരുദ്ധ ബോധവത്കരണ വാരാചരണം നടത്തി. ജൂൺ 26 മുതൽ ജൂലായ് 2 വരെ നടന്ന പരിപാടിയിൽ ജൂൺ 29-ാംതിയ്യതി 2 മണിമുതൽ നടന്ന റേഡിയോ വെബിനാറിൽ ലഹരിജീവിതം ഉപേക്ഷിക്കൂ- ജീവിത ലഹരി ആസ്വദിക്കൂ എന്ന വിഷയം റേഡിയോമാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി അവതരിപ്പിച്ചു.

### ലോക ജന്തുജന്യരോഗദിനാചരണം- സി.ഡി പ്രകാശനം

ലോകജന്തുജന്യരോഗദിനാചരണത്തിന്റെ ഭാഗമായി ജൂലായ് 6 -ന് പേവിഷബാധയ്ക്കെതിരേ മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കിയ ബോധവത്കരണ സി.ഡി പ്രകാശന ചടങ്ങിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുത്തു. ഗോത്രഭാഷയിൽ തയ്യാറാക്കിയ ശബ്ദസന്ദേശം കമ്മ്യൂണിറ്റി റേഡിയോ വഴി പ്രക്ഷേപണം ചെയ്യും.

### റിക്കവറി വിത് ഡിഗ്നിറ്റി-വർക്ക്ഷോപ്പ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹ്യൂമൻ സെറ്റിൽമെന്റും (ഐ.എ.എച്ച്.എസ്.) യൂണിവേഴ്സിറ്റി ഓഫ് ഈസ്റ്റ് ആംഗ്ലിയയും നോർവിച്ച് യുകെ) ബ്രിട്ടീഷ് അക്കാദമിയുടെ സാമ്പത്തിക സഹായ

ത്തോടെ ജൂലൈ 7 മുതൽ 9 വരെ സംഘടിപ്പിച്ച 'റിക്കവറി വിത്ത് ഡിഗ്നിറ്റി' എന്ന ഓൺലൈൻ വർക്ക്ഷോപ്പിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുത്തു. ഒഡീഷ, തമിഴ്നാട്, കേരളം എന്നീ മൂന്ന് സംസ്ഥാനങ്ങളിൽ നടത്തിയ രണ്ട് വർഷത്തെ ഗവേഷണ പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു ശില്പ ശാല. ഇതോടനുബന്ധിച്ച് ദുരന്തങ്ങൾ, ദുരന്തബാധിതർ, നാശന ഷ്ടങ്ങൾ എന്നിവയെക്കുറിച്ചും അവയുടെ പുനരുദ്ധാരണത്തെക്കു റിച്ചും പരിണിത ഫലങ്ങളേക്കുറിച്ചുമുള്ള പാനൽ ചർച്ചയിൽ ഫാ. ബിജോ പങ്കെടുത്ത് സംസാരിച്ചു.

കോവിഡ് വാക്സിനേഷൻ ബോധവത്കരണ പ്രോഗ്രാം- യൂണി സെഫിന്റെ പരാമർശം കേരളത്തിലെ പട്ടികവർഗ്ഗ സമുദായമായ പണിയവിഭാഗത്തിൽപ്പെട്ടവരുടെ തനതായ ഭാഷയിൽ റേഡിയോ മാറ്റൊലി വഴി പ്രക്ഷേപണം ചെയ്യുന്ന കോവിഡ് വാക്സിനേഷൻ ബോധവത്കരണ പ്രോഗ്രാമിനേക്കുറിച്ചും ഈ പ്രോഗ്രാം ചെയ്യുന്ന ട്രൈബൽ പ്രോഗ്രാം പ്രൊഡ്യൂസർ അശ്വതി മുരളിയേക്കുറിച്ചും യൂണിസെഫിന്റെ കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ് സുഗത റോയ് ട്വീററ് ചെയ്തു.

### ഡയറക്ടേഴ്സ് മീറ്റിംഗ്

WSSS ന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ ഡയറക്ടർമാ രുടെ മീറ്റിംഗ് ജൂൺ 24ന് 4 മണിക്ക് മാറ്റൊലിയിൽ വെച്ച് നടത്തി.

### നാമഹേതുക തിരുനാൾ ആശംസകൾ

ബയോവിൻ ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയുടെ നാമഹേതുകതിരുനാളിന്റെ ആശംസകൾ മാറ്റൊലി കുടുംബം പങ്കുവെച്ചു.

### ലോക സംഗീതദിനം

ലോകസംഗീതദിനത്തോടനുബന്ധിച്ച് സംഗീതസല്ലാപം എന്ന പേരിൽ ജൂൺ 21 ന് പ്രത്യേക തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ഡോ. ജി. ആർ സന്തോഷ് കുമാർ, നിയ റോസ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

### അന്തർദേശീയ യോഗാ ദിനം

അന്തർദേശീയ യോഗാ ദിനത്തോടനുബന്ധിച്ച് നല്ല നാളേ യ്ക്കായ് എന്ന പേരിൽ ഡോ. സിജോ കുര്യാക്കോസുമായി നടത്തിയ അഭിമുഖം പ്രക്ഷേപണം ചെയ്തു.

**മംഗളാശംസകൾ**

റേഡിയോ മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസർ ജോസഫ് പള്ള ത്തിന്റെ മകൾ അലിഡ, ഭർത്താവ് ബിബിൻ എന്നിവർക്ക് സ്വീകര ണവും പുതിയ ജീവിതത്തിന് ആശംസകളും നേർന്നു.

**വായനാവാരാചരണം**

വായനാവാരാചരണത്തോടനുബന്ധിച്ച് വായനാലോകം, അക്ഷ രങ്ങളിലെന്റെ നാട് എന്നീ പ്രോഗ്രാമുകൾ പ്രക്ഷേപണം ചെയ്തു.

**ഈണങ്ങൾക്കൊപ്പം ഇത്തിരി നേരം**

ഈണങ്ങൾക്കൊപ്പം ഇത്തിരിനേരം എന്ന പേരിൽ പുതിയ പ്രോഗ്രാം ആരംഭിച്ചു. ശ്രോതാക്കളുടെ ഇഷ്ടഗാനങ്ങളും വിശേഷങ്ങളും ചോദിച്ചുകൊണ്ട് താല്പര്യമുള്ളവരെ ഫോ ണിൽ വിളിക്കുന്ന പ്രോഗ്രാമാണിത്. സല്ലാപം പ്രോഗ്രാമിലേക്ക് വിളിച്ചിട്ട് കിട്ടാത്ത ശ്രോതാക്കൾക്ക് 9446034422 എന്ന നമ്പറിലേക്ക് വാട്സ്ആപ്, എസ്. എം. എസ്. എന്നിവ വഴി അറിയിക്കാം.

**ലഘുസമ്പാദ്യ പദ്ധതി**

സ്റ്റാഫംഗങ്ങളുടെ തീരുമാനപ്രകാരം ഒരു ലഘുസമ്പാദ്യ പദ്ധതി ആരംഭിച്ചു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

## കത്തോലിക്കാ കോൺഗ്രസ്സ് AKCC




സമുദായ ശക്തീകരണവും അർഹിക്കുന്നവ നീതിബോധത്തോടെ സമുദായത്തിനായി നേടിയെടുക്കുന്നതിന്റെ ആർജ്ജവവും സമുന്വയിച്ചു കത്തോലിക്കാ കോൺഗ്രസ് അതിന്റെ പ്രവർത്തനപന്ഥാവിൽ നിലകൊണ്ട മാസമാണ് കടന്നു പോകുന്നത്. കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതയും അതിന്റെ പ്രവർത്തന മണ്ഡലത്തിൽ സജീവമാവുകയും പ്രവർത്തന മേഖലകളെ വൈവിദ്ധ്യ പൂർണ്ണമാക്കുകയും ചെയ്ത കാലയളവാണ് കടന്ന് പോകുന്നത്

**പ്രവർത്തന മേഖലകളിലേയ്ക്ക്**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ സമിതിയും സീറോ മലബാർ കമ്മ്യൂണിറ്റി ദുബായ്, കത്തോലിക്കാ കോൺഗ്രസ് യു എ. ഇ. എന്നിവർ സംയുക്തമായി കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപത സമിതിയ്ക്ക് നൽകിയ 100 പൾസ് ഒക്സി മീറ്ററുകൾ കാത്തോലിക്കാ കോൺഗ്രസ്സ് ബിഷപ്പ് ലെഗേറ്റ് മാർ റെമീജിയുസ് പിതാവിൽനിന്നും മാനന്തവാടി രൂപത പ്രവർത്തക സമിതി അംഗങ്ങൾ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, പ്രസിഡന്റ് ഡോ. കെ. പി. സാജു, ജനറൽ സെക്രട്ടറി അഡ്വ. ജിജിൽ എന്നിവരുടെ നേതൃത്വത്തിൽ ഏറ്റുവാങ്ങി

മാനന്തവാടി ബിഷപ്സ് ഹൗസിൽ ചേർന്ന ലളിതമായ ചടങ്ങിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ പ്രാരംഭ രൂപമെന്ന നിലയിൽ പൾസ് ഓക്സി മീറ്ററുകൾ വിവിധ ഫൊറോനകൾക്ക് വിതരണം ചെയ്തു. അഭിവന്ദ്യ മാർ. ജോസ് പൊരുന്നേടം പിതാവിൽ നിന്നും കല്ലോടി ഫൊറോനാ ഡയറക്ടർ റവ. ഫാ. ബിജു മാവറ, മേഖല പ്രസിഡന്റ് സിബി ആശാരിയോട്, മാനന്തവാടി രൂപത പ്രവർത്തക സമിതി അംഗങ്ങൾ എന്നിവർ ചേർന്ന് ഏറ്റുവാങ്ങി.

ജസ്റ്റിസ് ജെ. ബി കോശി അദ്ധ്യക്ഷനായി നിയമിക്കപ്പെട്ട ക്രൈസ്തവ ന്യൂനപക്ഷ പിന്നോക്കാവസ്ഥ പഠന കമ്മീഷൻ മുൻപാകെ ന്യൂനപക്ഷ ക്ഷേമം എന്ന വിഷയത്തിൽ പഠന റിപ്പോർട്ട് സമർപ്പിക്കാൻ ഡോ. കെ. പി. സാജു അദ്ധ്യക്ഷൻ ആയ 5 അംഗസമിതിയെ നിയോഗിച്ച് കുഞ്ഞോം സെന്റ്

ആന്റണീസ്  പള്ളികമ്മിറ്റിയുടെ സഹകരണത്തോടെ സാമ്പിൾ സർവ്വെയും ഫേകളുടെയും തെളിവുകളുടെയും ശേഖരണവും സംഘടിപ്പിച്ചു. ഫൊറോനാ സമിതികളുടെ ശാക്തീകരണവും സൗഹൃദ സന്ദർശനവും എന്ന ലക്ഷ്യത്തോടെ നിലമ്പൂർ മണി മൂളി ഫൊറോനാ സമി തികളിൽ സന്ദർശനവും സൗഹൃദ സംവാദവും സംഘടിപ്പിച്ചു. 11, 12 തീയതികളിലായി മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്റ റിലും ലിറ്റിൽ ഫ്ളവർ ഫൊറോനാ ദേവാലയത്തിലും ചേർന്ന സംഗമത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ സമുദായിക മുഖം എന്ന വിഷയത്തിലൂന്നി ആശയ സംവാദങ്ങൾക്ക് സിഞ്ചെലൂസ് റവ. ഫാ. തോമസ് മണക്കുന്നേൽ, ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ഫാ. ബിജു തുരുത്തേൽ, ഫാ. ജോഷി പുൽപ്പയിൽ, അഡ്വ. ജിജിൽ അഡ്വ. ഷെറോണ, ടി. സി. ആന്റണി, ജോജൻ, ജോയി ചെട്ടിമാട്ടേൽ തുടങ്ങിയവർ നേതൃത്വം നൽകി.

പ്രതിഷേധ ജ്വാലയുടെ സമരമുഖങ്ങളിൽ ധീരരക്തസാക്ഷി ഫാ. സ്റ്റാൻസ്വാമി പാതകൾ സ്മരിക്കപ്പെട്ട ദിവസങ്ങൾ ആയിരുന്നു കടന്ന്പോയത്. ഭരണകൂട ഭീകരതയുടെ ഇരയായി വേട്ടയാടപ്പെട്ട ഫാ. സ്റ്റാൻ സ്വാമിയുടെ മരണത്തിൽ  അഗാധമായദുഃഖം രേഖപ്പെടുത്തുകയും പ്രതിഷേധത്തിന് വിവിധ കേന്ദ്രങ്ങളിൽ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ഡോ. കെ. പി. സാജു, അഡ്വ. ജിജിൽ, വർക്കി നിരപ്പേൽ, അഡ്വ. ഗ്ലാഡിസ്, അനീഷ് ഓമക്കര, ബിബിൻ ചെമ്പക്കര തുടങ്ങിയവർ നേതൃത്വം നൽകി. ഡൽഹിയിൽ സീറോ മലബാർ ദേവാലയം അനധികൃതമായി പൊളിച്ചു നീക്കിയ ഭരണകൂട അനീതിയും സജീവമായ പ്രതിഷേധങ്ങൾക്കു വഴിതെളിച്ചു. കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾ അവരവരുടെ വീടുകളിൽ മെഴുകുതിരി തെളിച്ചു പ്രതിഷേധത്തിന്റെ ഭാഗമായി.

**നന്ദിയോടെ**

രൂപതാസമിതിയുടെ പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണയേകുന്ന അഭിവന്ദ്യ പിതാവിനും വികാരിജനറാൾ അച്ചനും ബഹു. ഫൊറോനാ, യൂണിറ്റ് തല ഡയറക്ടർ അച്ചന്മാർക്കും പ്രത്യേകമായി മുൻരൂപതാ ഡയറക്ടർ ബഹു. ആന്റോ മമ്പിള്ളിൽ അച്ചൻ തുറന്നു വച്ച വഴികൾക്കും, പ്രവർത്തന മേഖലയിൽ സഹായത്തിന്റെ കരങ്ങൾ ഉയർത്തിയ ഗ്ലോബൽ സമിതിക്കും, ഫൊറോനാ സൗഹൃദ സന്ദർശനങ്ങളിൽ സമരിറ്റൻ സന്നദ്ധ സേവകർക്കു നൽകാൻ പി. പി. ഇ. കിറ്റുകൾ നൽകിയ കമില്യൻ സന്യാസ സമൂഹത്തിനും നന്ദി.

**വർക്കി നിരപ്പേൽ**
രൂപതാ ജനറൽ സെക്രട്ടറി

**June - July 2021**

• Online classes for the new academic year 2021-22 commenced on 9th July. (3rd Semester UG and PG and 5th Semester UG classes as per the directions given by the Kannur University)

• Sixth semester degree examinations commenced on 30th June and fourth semester P.G examinations on 14th July 2021.

• **Department of English**

Conducted Enormity 2021, an Intradepartmental fest on 29th June 2021.

• **Department of Commerce**

Conducted Quotation Writing competition and Reading competition for students in connection with reading day on 19th June2021.

• **Department of Physical Education**

Conducted yoga competition for all students in connection with International Yoga Day

• **NSS**

Celebrated reading day on June 19th and Organized a debate on " Digitalyugathilanyamakunnavayana ". The topic was introduced by Amrutha Kelakam (Poet).

Celebrated Yoga Day on June 21st and organized a webinar on " Vyakthithwavikasanamyogayiloode" at 7.00 PM. The session was handled by Sri. Rajendran K V, High School Teacher and Counselor, CPO, SPC, G.H.S.S Thariode.

Organized a webinar on "Forests: Today and Tomorrow" in association with Kerala Forest Protective Staff Association Mananthavady Meghala Committee on July 5th. Sri. A M Yasir, Former National Correspondent, Kairali News delivered the keynote address.

- **NCC**

Celebrated International Yoga Day by arranging a Live Yoga Session at 6.20 am on 21st June 2021. Yoga Session was led by Sri Praveen T Rajan (Sree Pranavam Yoga Vidya Peedom, Mananthavady)

Conducted yoga performance competition and photography competition in connection with International Yoga Day.

- **Literary Club**

Reading Week was observed from June 16-23. Dr AC Sreehari, the noted malayalam poet inaugurated the program.

The noted Malayalam writer and author of Valli, Ms Sheela Tomy addressed the students on June 18th.

A Debate competition was conducted on June 23rd on the topic Online Education : Possibilities and Problems.

- **AICUF**

AICUF activities for the academic year was inaugurated on 19th June . Noted writer and teacher Mr Vijosh Sebastian was the keynote speaker of the day. Our principal Dr. Maria Martin Joseph presided over the function and AICUF animator Sabu O.J coordinated the function. Many activities like diary writing, letter writing, poster making, drawing etc. were conducted.

Father's Day was celebrated on 20th June and our team members shared their views.

Many activities were conducted as part of International Day Against Drug Abuse on 26h June. Messages were delivered through videos and posts. A collage making competition was conducted as part of this.We got immense help and guidance from our senior AICUFers while conducting these activities. The activities got positive responses from within the college and outside.

1. **Mrs. Jisha T.E.**

Participated and presented a paper titled "Recursive Visual Cryptography Scheme with PRWP and Additional Basis Matrix" in 9th International Conference on Frontiers of Intelligent Computing:

Theory and Applications (FICTA 2021) held at National Institute of Technology Mizoram, India on June 25-26, 2021.

**2. Mr. Regi Francis**

Attended a two week online Refresher Course (REFRESHER COURSE IN COMMERCE AND MANAGE MENT) from 25/06/2021-08/07/2021

**3. Mrs. RajithaXavior**

Attended a one week National Level Faculty Development Programme on "Transformation in Indian Education through New Education Policy- Challenges and Opportunities" GOVERNMENT FIRST GRADE COLLEGE FOR WOMEN, BALMATTA, MANGALURU - 575001 from 05-07-2021 to 11-07-2021

**4. Dr. Ramya Krishnan M**

Attended a webinar on "Feast of Question, Answer and Many more on the Revised Assessment and Accreditation Process" organized by IQAC Cluster India from 21st June to 24th June 2021.

Attended a one - day symposium on NAAC Accreditation Process organized by Loyola College of Social Sciences, Thiruvananthapuram in Collaboration with Kerala State Higher Education Council on 24th June 2021.

Attended a national webinar on "Trends in Digital Marketing" conducted by P.G. Department of Commerce, Nehru Arts and Science College, Kanhangad on 24th June 2021

5. Dr Maria Martin Joseph

Chief guest of the yoga training programme organized by the Mananthavady Head Post Office for their staff, on 7th July in connection with International Yoga day.

Attended a one - day symposium on NAAC Accreditation Process organized by Loyola College of Social Sciences, Thiruvananthapuram in Collaboration with Kerala State Higher Education Council on 24th June 2021.

**Dr Maria Martin Joseph**
Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി ഒരുക്കിയ C- SMILES പ്ലാറ്റ് ഫോമിൽ പ്രൈമറി വിഭാഗം വിദ്യാർത്ഥികൾക്കായി ജൂൺ –19 വായന ദിനത്തോടനുബന്ധിച്ചു 'വായനയുടെ ചിറകിലേറികുരുന്നുകൾ' എന്ന വിഷയത്തിൽ പ്രസംഗമത്സരവും യു. പി. വിഭാഗം വിദ്യാർത്ഥികൾക്കായി 'എന്റെ സ്കൂളിലെ പ്രവേശനോത്സവം' വാർത്ത അവതരണ മത്സരവും നടത്തി. പ്രസംഗമത്സരത്തിൽ ജോവിയൽ സൂസൻ ജോബി (നടവയൽ സെന്റ്. തോമസ് എൽ. പി. സ്കൂൾ) ഒന്നാം സ്ഥാനവും, ബ്ലെസി എലിസബത്ത് (ദ്വാരക എ. യു. പി. സ്കൂൾ ) രണ്ടാം സ്ഥാനവും, നിവേദ് ക്രിസ്റ്റി ജെയ്സൺ (തരിയോട് സെന്റ്. മേരീസ് യു. പി. സ്കൂൾ) മൂന്നാം സ്ഥാനവും നേടി.

വാർത്ത അവതരണ മത്സരത്തിൽ ഹിദ ടെസ്സ ലിബിൻ (നടവയൽ സെന്റ്. തോമസ് ഹൈസ്കൂൾ) ഒന്നാം സ്ഥാനവും, അനൈഘ പി, യു. (ഇടിവണ്ണ സെന്റ്, തോമസ് യു .പി സ്കൂൾ) രണ്ടാം സ്ഥാനവും, അന്ന ക്രിസ്റ്റീന( മാനന്തവാടി സെന്റ്. ജോസഫ്സ് ടി .ടി.ഐ.) മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കോട്ടത്തറ സെന്റ്. ആന്റണീസ് യു. പി. സ്കൂൾ വിദ്യാർത്ഥി രഞ്ജിത കെ. എ. ജഡ്ജസിന്റെ പ്രത്യേക പ്രശംസയ്ക്ക് അർഹയായി. വിജയികൾക്ക് ക്യാഷ് പ്രൈസ് നൽകി അഭിനന്ദിച്ചു. അധ്യാപക നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റ് രൂപീകരണത്തിന്റെ നാലാംഘട്ടമായ കമ്പ്യൂട്ടർ പരിജ്ഞാനം വിലയിരുത്തൽ ദ്വാരക കോർപ്പറേറ്റ് ഓഫീസിൽ വെച്ച് ജൂലൈ 12, 13 തീയതികളിലായി നടന്നു. രണ്ടു ദിവസങ്ങളിലായി മുഴുവൻ ഉദ്യോഗാർത്ഥികളും പരീക്ഷയിൽ പങ്കെടുത്തു. ജൂലൈ 22, 23 തീയതികളിലായി മാനന്തവാടി സെന്റ്. ജോസഫ്സ് ടി.ടി.ഐ, ദ്വാരക എ. യു. പി. സ്കൂൾ എന്നിവിടങ്ങളിലായി അധ്യാപകനി യമനത്തിനായുള്ള അഞ്ചാം ഘട്ടമായ അധ്യാപനമികവ് വിലയി രുത്തൽ നടത്തപ്പെട്ടു. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഓൺലൈൻ പ്ലാറ്റ്ഫോമായ C-SMILES വീഡിയോ ലൈബ്രറിയിലേക്കുള്ള ഓൺലൈൻ ക്ലാസ്സുകളെടുത്ത മുഴുവൻ അധ്യാപകർക്കും ഇ-

സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലായി വ്യത്യസ്ത വിഷയങ്ങളിൽ 380 വീഡിയോസ് ഇതിനോടകം അപ്‌ലോഡ് ചെയ്തു കഴിഞ്ഞു. 2020-21 വർഷത്തെ SSLC പരീക്ഷയിൽ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള 9 വിദ്യാലയങ്ങളിലായി പരീക്ഷയെഴുതിയ 1729 വിദ്യാർത്ഥികളിൽ 1707 വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി അർഹത നേടുകയും 484 വിദ്യാർത്ഥികൾ മുഴുവൻ വിഷയങ്ങൾക്കും A+ നേടുകയും ചെയ്തു. IJMHS കൊട്ടിയൂർ, SJHS അടക്കാത്തോട്, SCHSS പയ്യമ്പള്ളി, നിർമല ഹൈസ്കൂൾ കബനിഗിരി എന്നീ വിദ്യാലയങ്ങൾ 100% വിജയവുമായി അഭിമാനകരമായ നേട്ടം കൈവരിച്ചു. മറ്റ് വിദ്യാലയങ്ങൾ 98 ശതമാനത്തിനു മുകളിൽ വിജയം നേടി. വിജയികളായ ഏവർക്കും അഭിനന്ദനങ്ങൾ. അഭിമാന കരമായ ഈ നേട്ടങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ച പ്രധാനാധ്യാപ കർ, രക്ഷിതാക്കൾ, മാനേജ്മെന്റ് ഏവർക്കും കോർപ്പറേറ്റ് മാനേ ജ്മെന്റിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ